# കേരള സർക്കാർ

# ബജറ്റ് പ്രസംഗം

# 2004-2005

**കെ. ശങ്കരനാരായണൻ**

ധനകാര്യ മന്ത്രി



**2004 ജനുവരി 23**

പാർട്ട് എ ........ 6
സാമ്പത്തിക പരിഷ്ക്കരണ പരിപാടികൾ ........ 6
2004–05ലെ വാർഷിക പദ്ധതി ........ 8
വിദേശ സഹായം ........ 8
പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തൽ ........ 9
പ്രത്യേക തൊഴിൽദാന പദ്ധതി ........ 9
തൊഴിൽ ഉറപ്പാക്കൽ പദ്ധതി ........ 10
സ്വയംസഹായ സംഘങ്ങൾവഴി 50,000 പുതിയ തൊഴിലവസരങ്ങൾ ........ 10
പാട്ടഭൂമി കാർഷിക സംഘങ്ങൾ ........ 10
പട്ടികജാതി /പട്ടികവർഗ്ഗ സംരംഭകർക്കായുള്ള തൊഴിൽ ക്ലബുകൾ ........ 10
പരമ്പരാഗത വ്യവസായ സഹായനിധി ........ 11
ക്ലീൻ കേരള പ്രോജക്ട് ........ 11
എം.ജി.പിയും സേവന പ്രദാന പദ്ധതിയും ........ 11
വിവര സാങ്കേതിക വിദ്യ ........ 11
വിനോദസഞ്ചാരം ........ 12
വ്യവസായം ........ 13
പരമ്പരാഗത വ്യവസായങ്ങൾ ........ 14
കൃഷി ........ 15
മൃഗസംരക്ഷണവും ക്ഷീര വികസനവും ........ 16
മൽസ്യബന്ധനം ........ 16
വനം ........ 17
അടിസ്ഥാന സൗകര്യം ........ 17
റോഡുകൾ ........ 17
തുറമുഖങ്ങൾ ........ 18
ഗതാഗതം ........ 18
ജലഗതാഗതം ........ 18
തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും ........ 19
തലസ്ഥാന നഗര വികസനം ........ 19
മേഖലാ വികസന പദ്ധതികൾ ........ 19
ഊർജ്ജം ........ 20

ജലസേചനം....21
പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം....21
പിന്നോക്കവിഭാഗ വികസനം....22
സാമൂഹ്യക്ഷേമം....22
ദാരിദ്ര്യ നിർമ്മാർജ്ജനം....23
മംഗല്യ ഇൻഷ്വറൻസ് പദ്ധതി....23
വിദ്യാഭ്യാസം....23
ഉന്നത വിദ്യാഭ്യാസം....24
ആരോഗ്യം....24
ശുദ്ധജലവിതരണവും ശുചീകരണവും....25
സഹകരണം....26
ശാസ്ത്രവും സാങ്കേതികവിദ്യയും....26
സിവിൽ സപ്ലൈസ്....27
റവന്യൂ....27
ഭവന നിർമ്മാണം....27
തൊഴിലും തൊഴിൽ പരിശീലനവും....27
സർക്കാർ ജീവനക്കാർക്കുള്ള പരിശീലനം....28
പാർലമെന്ററി കാര്യം....29
നോർക്ക....29
കലയും സംസ്കാരവും....29
ദേവസ്വം....30
മ്യൂസിയങ്ങളും മൃഗശാലകളും....30
പുരാരേഖ....31
പുരാവസ്തു....31
അച്ചടി....31
സ്പോർട്ട്സും യുവജന കാര്യവും....31
എക്സൈസ്....31
വാണിജ്യനികുതി വകുപ്പ്....32
ട്രഷറി....33
ലോട്ടറി....33
രജിസ്ട്രേഷൻ....33
ലോക്കൽ ഫണ്ട്....33
നാഷണൽ സേവിംഗ്സ്....33

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് ....................................34
ജയിൽ ....................................34
പോലീസ് ....................................34
കോടതി ....................................34
പുതിയ നടപടികൾ ....................................35
ക്ഷേമപെൻഷനുകൾ ....................................35
പാർട്ട് ബി ....................................36
പാർട്ട് സി ....................................47
ബജറ്റ് നിർദ്ദേശങ്ങളുടെ സംഗ്രഹം ....................................47
2003- 2004ലെ പുതുക്കിയ എസ്റ്റിമേറ്റ് ....................................47
2004-2005 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ ....................................49

അനുബന്ധം ....................................51

സർ,

2004-05ലെ ബജറ്റ് ഞാനവതരിപ്പിക്കുന്നു.

2. ഈ സർക്കാരിന്റെ നാലാമത്തെ സാമ്പത്തിക വർഷത്തിന്റെ ശുഭാരംഭമാണ് എന്റെയീ ബജറ്റ്. സർ, ഇതുവരെ എനിക്ക് നൽകിയ കലവറയില്ലാത്ത സഹകരണത്തിനും വിലയേറിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കും അങ്ങയോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും, മന്ത്രിസഭയിലെ എന്റെ സഹപ്രവർത്തകരോടും ഈ മഹനീയ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിയിലും ഈ സഹകരണം എനിക്കുണ്ടാകണം എന്നഭ്യർത്ഥിക്കുന്നു.

3. നമ്മുടെ ചരിത്രത്തിലെ നിർണ്ണായകമായ ഒരു ദശാസന്ധിയിലാണ് ഞാനീ ബജറ്റവതരിപ്പിക്കുന്നത്. ജനാധിപത്യ പ്രക്രിയയുടെ ചരിത്രത്തിലെ മറ്റൊരു സുപ്രധാന ചുവട് വയ്പിനായി ഭാരതം ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. മഹത്തായ നമ്മുടെ രാജ്യത്തിന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്ന വിധിയെഴുത്തിനായി ഭാരതത്തിലെ പ്രബുദ്ധരായ സമ്മതിദായകർ തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ ഈയവസരത്തിൽ, തലമുറകളായി നാം നെഞ്ചിലേറ്റി നടന്ന മതേതരത്വ ജനാധിപത്യാദർശങ്ങൾ കടുത്ത ഭീഷണിയിലാണെന്ന സത്യം വേദനയോടെ നാം മനസ്സിലാക്കുന്നു. കേന്ദ്ര സർക്കാരിനെ വർഗ്ഗീയതയുടെയും ഫാസിസത്തിന്റെയും കറുത്ത ശക്തികൾ കയ്യടക്കുന്ന ദയനീയ സ്ഥിതിക്ക് നാം സാക്ഷ്യം വഹിക്കേണ്ടി വന്നിരിക്കുന്നു. അധികാരത്തിൽ കടിച്ചു തൂങ്ങുക എന്ന ഒറ്റ ലക്ഷ്യം വെച്ച് വർഗ്ഗീയ വിഭാഗീയത വളർത്തുന്ന അപകടകരമായ കളിയിലേർപ്പെട്ടിരിക്കുന്ന ഒരു കേന്ദ്രഭരണ നേതൃത്വത്തെ സഹിക്കാൻ നാം നിർബ

സ്ഥിതരായിരിക്കുന്നു. വർഗീയ ഫാസിസ്റ്റ് കാഴ്ചപ്പാടുകളെ മറച്ചുവെച്ച് ഇവർ ബഹുമാന്യതയുടെ മുഖം മൂടിയണിയാൻ കിണഞ്ഞു ശ്രമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഈ കാർമേഘപടലം നമുക്ക് മേൽ ഇരുണ്ട നിഴൽ പരത്തുമ്പോഴും വിഘടന വർഗീയ ശക്തികളുടെ കുടിലതന്ത്രങ്ങളെ ചെറുത്തു തോൽപ്പിക്കാൻ ദേശീയ തലത്തിൽ മതേതരശക്തികൾ കൈകോർത്ത് മുന്നോട്ട് പോകുന്നത് ശുഭോദർക്കമാണ്.

4. മതേതരത്വത്തിന്റെയും സാമൂഹ്യനീതിയുടെയും സമുദായ സൗഹാർദ്ദത്തിന്റെയും മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധത യു.ഡി.എഫ്. സർക്കാർ ഇതിനകം തെളിയിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും നവീകരണ പരിഷ്ക്കരണ പരിപാടികൾക്കുമായി നാം നടത്തുന്ന യത്നങ്ങളെല്ലാം പരിപാവനങ്ങളായ ഈ തത്വങ്ങളിലധിഷ്ഠിതമാണ്. സത്ഭരണത്തിനും വികസനത്തിനുമായുള്ള ഈ സർക്കാരിന്റെ അശ്രാന്ത പരിശ്രമങ്ങൾക്ക് ജനങ്ങൾ നൽകിയ കലവറയില്ലാത്ത അംഗീകാരമാണ് തിരുവല്ലയിലെ ജനവിധി. വികസനത്തിന്റെ ഏതുമേഖലയുടെ കാര്യത്തിലാണെങ്കിലും ശുഭാപ്തി വിശ്വാസത്തിനും ആഹ്ളാദത്തിനും ഏറെ വകയുണ്ടെന്ന് ഈ മഹനീയ സഭയിൽ തറപ്പിച്ച് പറയാൻ എനിക്കഭിമാനമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ അപ്പാടെ ഗ്രസിച്ചിരുന്ന നൈരാശ്യം ഇന്നൊരു ഗതകാല സംഭവം മാത്രമാണ്. ഭീകരമായിരുന്ന അത്തരം സ്മരണകളെയെല്ലാം നാം പിൻതള്ളിയിരിക്കുന്നു. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പൂർണ്ണമായുപയോഗിച്ചുകൊണ്ടും ഉന്നത വിദ്യാഭ്യാസ രംഗത്ത് നാം നടത്തിയ വൻകുതിച്ചു ചാട്ടം പ്രയോജനപ്പെടുത്തിക്കൊണ്ടും വ്യാവസായിക-കാർഷിക വളർച്ച കൈവരിക്കുന്ന കാര്യത്തിൽ കഴിഞ്ഞ നിരവധി ദശകങ്ങൾക്കിടയിൽ നാമിന്ന് മറ്റെന്നത്തെക്കാളും ലക്ഷ്യത്തോട് കൂടുതലടുത്തിട്ടുണ്ടെന്ന് ഈ സർക്കാരിന്റെ കടുത്ത വിമർശകർ പോലും സമ്മതിക്കുന്നതാണ്. കേരളത്തിന്റെ അനന്യമായ വികസന അനുഭവങ്ങളുടെ അടിസ്ഥാന ശിലകളായ സാമൂഹ്യ നീതിയിലും സമത്വത്തിലും ഊന്നിക്കൊണ്ടാണ് ഇതെല്ലാം പടുത്തുയർത്തിയിരിക്കുന്നത്. ഇതിൽ നീരസമുള്ള അസന്തുഷ്ട ശക്തികൾ സ്വാഭാവികമായും ഇടങ്കോലിടാൻ ശ്രമിക്കും എന്നാൽ നാം തുടർച്ചയായി കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതി കണക്കിലെടുത്ത് ബാലിശമായ ഇത്തരം ശ്രമങ്ങളെ കേരള ജനത പുച്ഛിച്ച് തള്ളും. പരിഷ്ക്കരണത്തിന്റെയും പുരോഗതിയുടെയും പാതയിലൂടെ കേരളത്തെ ബഹുദൂരം മുന്നോട്ട് നയിക്കാനുള്ള യു.ഡി.എഫ് സർക്കാരിന്റെ പ്രതിബദ്ധത ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കാൻ ഞാനീയവസരം ഉപയോഗിക്കുന്നു.

5. സർ, യഥാർത്ഥത്തിൽ, നമ്മുടെ സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി ബജറ്റ് തയ്യാറാക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ്തന്നെ 2004–05ലെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കാനുള്ള എല്ലാ ഒരുക്കങ്ങളും സർക്കാർ നടത്തിയിരുന്നു. എന്നാൽ കേന്ദ്രസർക്കാർ ലോക്സഭാ തെരഞ്ഞെടുപ്പ് നേരത്തെയാക്കാനുള്ള സാദ്ധ്യത നമുക്കൊരു തടസ്സമായിരിക്കുകയാണ്. വരും മാസങ്ങളിൽ തെരഞ്ഞെടുപ്പു പ്രവർത്തനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം തിരക്കിലായിരിക്കുമെന്നറിയാം. നാമേറെയാഗ്രഹിച്ചതാണെങ്കിലും പാർലമെന്ററി ജനാധിപത്യം നമ്മെയേൽപിക്കുന്ന ചുമതലകളുടെ സമ്മർദ്ദം മൂലം ഇപ്പോൾ ഈ നടപടി പൂർത്തിയാക്കാൻ സാധിക്കാതെ വന്നിരിക്കുന്നു

6. സർ, 2001ൽ നാം നിപതിച്ച നിരാശയുടെയും വിഷാദത്തിന്റെയും പടുകുഴിയിൽ നിന്ന് സംസ്ഥാനത്തെ കരകയറ്റുമെന്നും വളർച്ചയുടെയും പുനർ നിർമ്മാണത്തിന്റെയും വികസനത്തിന്റെയും ഒരു പുത്തൻ പന്ഥാവിലേക്ക്

കേരളത്തെ നയിക്കുമെന്നുമുള്ള ധീരമായ വാഗ്ദാനത്തോടെയാണ് നാം തുടക്കം കുറിച്ചത്. ഇത്തരുണത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ നമ്മുടെ നേട്ടങ്ങൾ വിലയിരുത്താൻ ഞാൻ അൽപ സമയം ചെലവഴിക്കുന്നത് ഉചിതമായിരിക്കുമല്ലോ

7. ഈ സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ ക്രമാനുഗത വളർച്ച രേഖപ്പെടുത്തിക്കൊണ്ട് പ്രതീക്ഷാ നിർഭരമായ ഊർജ്ജസ്വലത കൈവരിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് ഈ മഹനീയ സഭയെ അറിയിക്കുന്നതിൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോൽപാദനം 2002–03ൽ 6.1 ശതമാനം എന്ന എടുത്തു പറയാവുന്ന വളർച്ചാനിരക്ക് രേഖപ്പെടുത്തി. ദേശീയ വളർച്ചാനിരക്കിനേക്കാൾ ഏതാണ്ട് 2 ശതമാനം അധികമായിരുന്നു ഇത്. പ്രശംസനീയമായ ഈ വളർച്ചാ നിരക്ക് ഈ വർഷവും നിലനിർത്താൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിക്ഷേപസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഈ സർക്കാർ നടത്തിയ ബോധപൂർവ്വമായ ശ്രമങ്ങൾക്ക് കാര്യമായ തോതിൽ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ വായ്പാ–നിക്ഷേപ അനുപാതം കഴിഞ്ഞ പത്തു വർഷക്കാലത്തെ ഏറ്റവും ഉയർന്ന നിരക്കായ 52.4 ശതമാനം ആയി ഉയർന്നതിൽ നമുക്കെവർക്കും തികച്ചും അഭിമാനിക്കാവുന്നതാണ്. ഇക്കഴിഞ്ഞ വെറും പതിനെട്ട് മാസക്കാലത്തിനുള്ളിലാണ് 4 ശതമാനം വളർച്ച കൈവരിച്ചത്. കാർഷിക മേഖലയിൽ ഒരു പുത്തനുണർവിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. നമ്മുടെ പ്രധാനമായ മിക്കവാറും എല്ലാം കാർഷിക വിളകളുടേയും വില മെച്ചപ്പെട്ടിട്ടുണ്ട്. നിരവധി വർഷങ്ങൾക്കുശേഷം നമ്മുടെ ചില കാർഷിക വിളകളുടെ കാര്യത്തിൽ കർഷകർക്ക് മിതമായ തോതിലാണെങ്കിലും സമൃദ്ധി അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രധാന പ്രശ്നമായ തൊഴിലില്ലായ്മയുടെ കാര്യത്തിലാണെങ്കിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 2001ൽ 44.3 ലക്ഷമായിരുന്നത് 2003ൽ 38.6 ലക്ഷമായി കുറഞ്ഞിട്ടുണ്ട്.

# പാർട്ട് എ

8 ഈ ബജറ്റ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 2001 മുതൽ ഞാൻ നടത്തി വരുന്ന യത്നങ്ങളുടെ ഭാഗമായി അടുത്ത രണ്ടുവർഷംകൊണ്ട് വികസനത്തിലേയ്ക്കും സാമ്പത്തിക സുസ്ഥിരതയിലേക്കും സാമൂഹ്യ നീതിയിലേക്കും കൂടുതൽ മുന്നേറിയ കേരളം കെട്ടിപ്പടുക്കുന്നതിന്റെ അടുത്ത ഘട്ടത്തെ കുറിക്കുന്നു..

## സാമ്പത്തിക പരിഷ്ക്കരണ പരിപാടികൾ

9. ബൃഹത്തായ നമ്മുടെ വികസന സങ്കൽപങ്ങൾക്കും അവ നേടിയെടുക്കാനുള്ള യത്നങ്ങൾക്കും അനുയോജ്യമാംവിധം പബ്ലിക് ഫൈനാൻസ് മാനേജ്മെന്റ് സംവിധാനത്തെ വിദഗ്ദ്ധ മാനേജ്മെന്റിൻ കീഴിൽ ദീർഘകാലത്തേക്കുതകുന്ന സുതാര്യമായ രീതിയിൽ കാര്യക്ഷമമായി പുനസ്സംഘടിപ്പിക്കുകയെന്ന ലക്ഷ്യം വച്ചുള്ളതാണ് ഈ സർക്കാരിന്റെ സാമ്പത്തിക പരിഷ്ക്കരണ നടപടികൾ. നമുക്കും നമ്മുടെ വരും തലമുറകൾക്കും വേണ്ടി നാം വിഭാവനം ചെയ്യുന്ന കേരളത്തെ പടുത്തുയർത്തണമെങ്കിൽ രോഗലക്ഷണങ്ങളെയല്ല, രോഗത്തെ തന്നെയാണ് ചികിൽസിക്കേണ്ടതെന്ന് ഞാനോർമ്മിപ്പിക്കട്ടെ.

10. പതിനൊന്നാം ധനകാര്യക്കമ്മീഷൻ അവാർഡിന്റെ ഫലമായി സാരമായ നഷ്ടം സഹിക്കേണ്ടിവന്ന കേരളം പോലുള്ള ഒരു സംസ്ഥാനത്തോട് പന്ത്രണ്ടാം ധനകാര്യ

കമ്മീഷൻ നീതി പുലർത്തുമെന്നെനിക്ക് വിശ്വാസമുണ്ട്. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിന്റെ വിഹിതം 3.5 ശതമാനം ആയിരുന്നത് പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 3.01 ശതമാനം ആയി കുറഞ്ഞു. ഇത്തവണ 2003 ഡിസംബറിൽ പന്ത്രണ്ടാം ധനകാര്യകമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ അത്യദ്ധ്വാനം ചെയ്ത് നമ്മുടെ ഭാഗം കമ്മീഷന്റെ മുമ്പാകെ ഭംഗിയായി അവതരിപ്പിച്ചിട്ടുണ്ട്.

11. ഈ സഭ പാസ്സാക്കിയ 2003ലെ സാമ്പത്തിക ഉത്തരവാദിത്വ നിയമം പബ്ലിക് ഫൈനാൻസിന്റെ ചരിത്രത്തിലെ ധീരവും ഐതിഹാസികവുമായ ഒരു ചുവട് വയ്പ്പാണ്. വികസനത്തിന് വേണ്ടി കൂടുതൽ ചെലവാക്കേണ്ടതിന്റെ പരമപ്രാധാന്യം അംഗീകരിക്കവേതന്നെ 2007-ാമാണ്ടോടെ സംസ്ഥാനത്തിന്റെ ധനകമ്മി, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 2 ശതമാനം ആയി കുറച്ചുകൊണ്ടു വരുന്നതിനും റവന്യൂ ബജറ്റ് സന്തുലിതമാക്കുന്നതിനുമുള്ള ഭാരിച്ച ഉത്തരവാദിത്വം എനിക്കുണ്ട്.

12. സർ, കഴിഞ്ഞ വർഷം ഈ മഹനീയ സഭ സർക്കാർ ഗ്യാരണ്ടിയ്ക്ക് പരിധി നിശ്ചയിക്കുന്ന നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇനിമുതൽ ഈ നിയമത്തിന്റെ പരിധിക്കകത്ത് നിന്നുകൊണ്ട് സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും വായ്പയെടുക്കാനുള്ള ആവശ്യകത സൂക്ഷ്മമായി വിലയിരുത്തി തീരുമാനിക്കേണ്ടതുണ്ട് പ്രധാനമായും സർക്കാരിന് ലഭിക്കുന്ന ഗ്യാരണ്ടി കമ്മീഷനുപയോഗിച്ച് ഒരു ഗ്യാരന്റി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നതാണ് ഫണ്ടിലേക്ക് ഈ വർഷം 65 കോടി രൂപ ലഭ്യമാവുമെന്ന് കരുതുന്നു.

13. കടബാദ്ധ്യത കുറച്ചുകൊണ്ടു വരിക എന്നതാണ് നമ്മുടെ സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ മുഖ്യലക്ഷ്യം. വർഷങ്ങളായി കുമിഞ്ഞു കൂടിയ ഉയർന്ന നിരക്കിൽ പലിശ ബാദ്ധ്യതയുള്ള വായ്പകൾ നമ്മെ വേട്ടയാടിക്കൊണ്ടേയിരിക്കുന്നു. എന്നാൽ നമ്മുടെ സാമ്പത്തിക പരിഷ്ക്കരണ നടപടികളുടെ ഭാഗമായി കേന്ദ്രസർക്കാർ മുന്നോട്ട് വച്ച "ഡെറ്റ് സ്വാപ് സ്കീം" നാം പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും 2002-04 കാലയളവിൽ കൂടിയ പലിശ നിരക്കിലുള്ള 1000 കോടി രൂപയുടെ വായ്പകൾ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുമെന്നും ഈ സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. സാമ്പത്തിക നയ വൈകല്യങ്ങളുടെ തിരുത്തലിനായുള്ള ഒരു മാർഗരേഖയുമായി ബന്ധപ്പെടുത്തി പന്ത്രണ്ടാം ധനകാര്യകമ്മീഷൻ സമഗ്രമായ ഒരു ഋണബാദ്ധ്യതാ നിവാരണ പദ്ധതിക്ക് രൂപം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. "ഡെറ്റ് സ്വാപ്പ് പദ്ധതി" നടപ്പാക്കുന്നതും വായ്പാ പരിപാലന ചെലവ് കുറയ്ക്കുന്നതും സംബന്ധിച്ച് പഠിച്ച് സാദ്ധ്യമായ നിവാരണ മാർഗങ്ങൾ കണ്ടെത്തുന്നതിനായി ധനകാര്യവകുപ്പിൽ ഒരു "ഡെറ്റ് മാനേജ്മെന്റ് സെൽ" രൂപീകരിക്കുന്നതാണ്.

14. സർ, നമ്മുടെ സാമ്പത്തിക ഇടപാടുകളിൽ "കാറ്റും വെളിച്ചവും" കടത്തിവിടുന്നതിനുതകും വിധം, സാമ്പത്തിക ഉത്തരവാദിത്വ നിയമത്തിൽ നിർദ്ദേശിച്ചതിൻ പ്രകാരമുള്ള വെളിപ്പെടുത്തൽ പ്രസ്താവനകൾ ഞാൻ ഈ സഭയ്ക്ക് മുമ്പാകെ വയ്ക്കുന്നു. ഇത് നമ്മുടെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച് വ്യാപകവും അർത്ഥവത്തുമായ ചർച്ചകൾക്ക് വഴിയൊരുക്കും.

15. ബജറ്റ് പ്രഖ്യാപനങ്ങളിൽ കൃത്യമായി തുടർനടപടികൾ സ്വീകരിക്കുന്നു എന്നുറപ്പു വരുത്താൻ സാമ്പത്തിക കാര്യങ്ങളിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും അത്യന്താപേക്ഷിതമാണെന്ന് സർക്കാർ കരുതുന്നു. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായി എല്ലാ വർഷവും ബജറ്റിൽ പ്രഖ്യാപിക്കുന്ന പുതിയ പദ്ധതികൾ അതിവേഗം നടപ്പിലാക്കുന്നു എന്നുറപ്പ് വരുത്തുന്നതിനായി

അവയുടെ നടപ്പാക്കൽ സസൂക്ഷ്മം നിരീക്ഷിക്കുന്ന ഒരു ഉന്നതതല സമിതി രൂപീകരിക്കുന്നതാണ്.

## 2004–05ലെ വാർഷിക പദ്ധതി

16. പത്താം പദ്ധതിയുടെ മൂന്നാം വർഷമായ 2004-05ലെ വാർഷിക പദ്ധതിയുടെ അടങ്കൽ 4800 കോടി രൂപയായി നിശ്ചയിച്ചിരിക്കുന്നു. ഇതിൽ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ട 1350 കോടി രൂപയും വിദേശ സഹായ പദ്ധതികൾക്കായുള്ള 1151 കോടി രൂപയും പെടുന്നു. പൊതു സേവനത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാനും സർക്കാരിന്റെ മുതൽ മുടക്കിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാനും സ്വകാര്യ നിക്ഷേപത്തിന് അനുകൂല സാഹചര്യമൊരുക്കുന്നതിന് സഹായകരമായ വിധത്തിൽ ഭരണ സംവിധാനത്തിലും സാമ്പത്തിക രംഗത്തും അടിസ്ഥാനപരമായ പരിഷ്ക്കരണ പരിപാടി നടപ്പാക്കുവാനും തന്നെയായിരിക്കും ആസൂത്രിത വികസന രംഗത്ത് നാം ഊന്നൽ നൽകുന്നത്. പൊതുവെ പറഞ്ഞാൽ, സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് ദരിദ്രർക്കാശ്വാസമേകുന്ന വളർച്ചാ പന്ഥാവിലൂടെ നീങ്ങുകയും മാനവശേഷി വികസനം സാദ്ധ്യമാക്കുകയും ചെയ്യുകയെന്നതാണ് നമ്മുടെ പദ്ധതി പ്രവർത്തനങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. മാനവശേഷി വികസനത്തിന്റെ കാര്യത്തിലാണെങ്കിൽ കേരളത്തിന്റെ അനന്യമായ വികസനമാതൃകയിൽ നിന്ന് ഉൗന്നുമായ രണ്ടാം ഘട്ട പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനാണ് മുൻഗണന നൽകുന്നത്. ഈയൊരുദ്യമത്തിൽ പ്രാദേശിക സർക്കാരുകളുമായി കൈകോർത്തുകൊണ്ട് ആവർത്തനമൊഴിവാക്കി കൂട്ടായ നേട്ടം കൈവരിക്കാൻ ശ്രമിക്കും.

17. ആസൂത്രണ സംവിധാനത്തിന്റെ ഗുണനിലവാരമുയർത്തുന്നതിന്റെ ഭാഗമായി ഫലസിദ്ധിയിലധിഷ്ഠിതമായ ആസൂത്രണ സംവിധാനത്തിലേക്ക് ചുവട് മാറ്റം നടത്താനുദ്ദേശിക്കുന്നു. ആദ്യപടിയായി മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ നാല് വകുപ്പുകൾ ഈ ചട്ടക്കൂട്ടിൽ നിന്ന് കൊണ്ട് ഓരോ പരിപാടിയുടെയും പ്രവർത്തനപരിധിയും ലക്ഷ്യവും പ്രവർത്തന പരിപാടിയും സമയപരിധിയും പ്രതീക്ഷിക്കുന്ന ഫലപ്രാപ്തിയും വ്യക്തമാക്കിക്കൊണ്ടാണ് വാർഷിക പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇത് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സുതാര്യതയ്ക്കും ഉത്തരവാദിത്വ ബോധത്തിനും മെച്ചപ്പെട്ട വികസനഫലസിദ്ധിക്കും വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

18. നമ്മുടെ വികസന ലക്ഷ്യങ്ങൾ അഭിപ്രായസമന്വയത്തിലൂടെ നിർവ്വചിക്കാനുള്ള സർക്കാരിന്റെ ദൃഢനിശ്ചയം ഞാൻ എടുത്തുപറയാൻ ആഗ്രഹിക്കുന്നു. എല്ലാ ജനവിഭാഗങ്ങളുടെയും അഭിപ്രായം ആരാഞ്ഞതിന് ശേഷം "വിഷൻ 2025 " എന്ന രേഖ ഈ വർഷം പുറത്തിറക്കും.

## വിദേശ സഹായം

19. ഒമ്പതാം പദ്ധതിക്കാലത്ത് രാജ്യത്തിന് ആകെ കിട്ടിയ വിദേശ സഹായത്തിന്റെ 0.8 ശതമാനം ആയ വെറും 295 കോടി രൂപ മാത്രം സംസ്ഥാനത്തിന് ലഭിച്ചപ്പോൾ പത്താം പദ്ധതിക്കാലത്ത് വിദേശ സഹായം നേടിയെടുക്കുന്നതിൽ നാം കാര്യമായ വിജയം നേടിയിട്ടുണ്ട്. ഈ വർഷം വിദേശസഹായമായി 1151 കോടി രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഭരണ നവീകരണം കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും ഇനിയും കുടിവെള്ളം എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും

സുപ്രധാന വാർത്താ വിനിമയ സംവിധാനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായിരിക്കും പ്രധാനമായും ഈ തുക വിനിയോഗിക്കുന്നത്.

20. ഭരണനവീകരണത്തിന് 50 ലക്ഷം യൂറോ (25 കോടി രൂപ) യുടേയും വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് 15 ലക്ഷം യൂറോ (7.5കോടി രൂപ) യുടേയും ഉന്നത നിലവാരമുള്ള സാങ്കേതിക സഹായം ലഭ്യമാക്കാമെന്ന് ഡച്ച് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. കപ്പാസിറ്റി ബിൽഡിംഗ് ഫോർ ഡീസെൻട്രലൈസേഷൻ പ്രോജക്റ്റ് (ക്യാപ്ഡെക്ക്)ന്റെ 5.37 കോടി രൂപയുടെ രണ്ടാംഘട്ടം സ്വിസ്സ് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട് ഈ വർഷം മുതൽ തുടക്കത്തിൽ അഞ്ചു മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നഗരവികസന പദ്ധതികൾക്കായി 25 കോടി ഡോളറിന്റെ (1200 കോടി രൂപ) ഒരു പദ്ധതിക്ക് സഹായം നൽകാമെന്ന് ഏ.ഡി.ബി. സമ്മതിച്ചിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ നേട്ടങ്ങൾ ദൃഢപ്പെടുത്തി പടുത്തുയർത്താനുതകും വിധം നമ്മുടെ പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്താൻ ദീർഘകാല സഹായം നൽകുന്നതിന് ലോകബാങ്കിന്റെ സഹകരണം തേടിയിട്ടുണ്ടെന്നറിയിക്കാൻ ഞാനീയവസരം ഉപയോഗിക്കുന്നു. ഭരണനവീകരണത്തിനും സാമ്പത്തിക പരിഷ്ക്കരണത്തിനും വേണ്ടി ഏ.ഡി.ബിയിൽ നിന്നും ഡച്ച് സർക്കാരിൽ നിന്നുമുള്ള ധനസഹായത്തിന്റെ രണ്ടാം ഗഡുവായ 12.5 കോടി ഡോളർ അടുത്തുതന്നെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്തൽ

21. എന്റെ കഴിഞ്ഞ ബജറ്റിൽ വാഗ്ദാനം നൽകിയിരുന്നത് പോലെ പ്രാദേശിക സർക്കാരുകൾക്കുള്ള ഫണ്ട് മാസതവണകളായി നൽകുകയുണ്ടായി. ഇത് ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരുന്നു. രണ്ടാം സംസ്ഥാന ധനകാര്യകമ്മീഷന്റെ റിപ്പോർട്ട് പരിശോധിച്ചു കഴിഞ്ഞു. അതനുസരിച്ച് വിശദമായ ഉത്തരവ് താമസം വിനാ പുറപ്പെടുവിക്കുന്നതാണ്. പദ്ധതി ധനസഹായമായ 1350 കോടി രൂപയ്ക്കു പുറമേ രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിനു തുല്യമായ 205.32 കോടി രൂപ വിവിധോദ്ദേശ ധനസഹായമായും, 5.5 ശതമാനത്തിനു തുല്യമായ 325.79 കോടി രൂപ പരിപാലനത്തിനുള്ള ധനസഹായമായും നൽകുന്നതിനായി വകകൊള്ളിച്ചിട്ടുണ്ട്. ഇതോടുകൂടി സംസ്ഥാനത്തിന്റെ ധനപരമായ വികേന്ദ്രീകരണം കൂടുതൽ പക്വതയും കാര്യക്ഷമതയും കൈവരിക്കുന്നതാണ്.

22. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റും ഓഫീസ് മാനേജ്മെന്റും ഉറപ്പാക്കുന്ന തരത്തിൽ ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്ന സുപ്രധാന സ്ഥാപന സംവിധാനങ്ങൾ പ്രവർത്തനക്ഷമമാകുന്നതോടു കൂടി പ്രാദേശിക സർക്കാരുകൾക്ക് വികസനോന്മുഖ ആസൂത്രണം കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി വർദ്ധിക്കുന്നതും തൽഫലമായി കഴിഞ്ഞ വർഷം മുതൽ തുടങ്ങിയ കേരള വികസന പദ്ധതി ഈ വർഷം മുതൽ ഫലം കണ്ടുതുടങ്ങുന്നതുമാണ്.

## പ്രത്യേക തൊഴിൽദാന പദ്ധതി

23. സ്ഥിരമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഈ സർക്കാർ ഏറ്റവും ഉയർന്ന മുൻഗണന തുടർന്നും നൽകുന്നതാണ്. സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള എല്ലാ വികസന പദ്ധതികളിലും ഈ മുൻഗണന പ്രതിഫലിക്കുന്നുണ്ട്.

24. ഈ ബജറ്റിൽ കാർഷിക-വ്യാവസായിക മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന 127 കോടി രൂപയുടെ ഒരു പ്രത്യേക തൊഴിൽദാന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

## തൊഴിൽ ഉറപ്പാക്കൽ പദ്ധതി

25. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സർക്കാരിനുള്ള നിശ്ചയദാർഢ്യം വ്യക്തമാക്കും വിധം ഈ വർഷം ഒരു തൊഴിൽ ഉറപ്പാക്കൽ പദ്ധതി ബിൽ ഈ മഹനീയസഭ മുമ്പാകെ സർക്കാർ അവതരിപ്പിക്കുമെന്ന് പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഈ നിയമത്തിൽ പറയുന്ന പിന്നോക്ക പ്രദേശങ്ങളിലെ എല്ലാ കുടുംബങ്ങളിലും നിശ്ചിത തോതിൽ തൊഴിലവസരങ്ങൾ ഈ പദ്ധതിയിലൂടെ ഉറപ്പാക്കുന്നതാണ്.

## സ്വയംസഹായ സംഘങ്ങൾവഴി 50,000 പുതിയ തൊഴിലവസരങ്ങൾ

26. വിവിധ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾ സംയോജിപ്പിച്ചും വിപണി ഉറപ്പായ സൂക്ഷ്മ സംരംഭങ്ങൾ വികസിപ്പിച്ചും ഒരു പ്രായോഗിക ദാരിദ്ര്യ നിർമ്മാർജ്ജന മാതൃക വികസിപ്പിച്ചെടുക്കാൻ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന മിഷന് കഴിഞ്ഞിട്ടുണ്ട്. വ്യാപകമായ പഠന-പരിശീലനം, സാങ്കേതിക പരിശീലനത്തോടെയുള്ള സംരംഭകത്വ വികസന പരിപാടികൾ, സബ്സിഡികളും പ്രവർത്തന മൂലധനവും നൽകുക, സംസ്ഥാനത്ത് 50,000 യുവജനങ്ങൾക്ക് തൊഴിൽ, 5000 പുതിയ യൂണിറ്റുകൾക്ക് വിപണി ഉറപ്പാക്കുക എന്നിവ ഉൾക്കൊള്ളുന്ന ബഹുതലസ്പർശിയായ പരിപാടികൾക്ക് മിഷൻ രൂപം നൽകിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ധീരമായ ഈ പദ്ധതിക്ക് വേണ്ടി 50 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## പാട്ടഭൂമി കാർഷിക സംഘങ്ങൾ

27. ചെറുകൃഷിയിടങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക എന്നത് കേരളത്തിലെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള ഒരു മാർഗ്ഗമായി ഇപ്പോൾ പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പാട്ടഭൂമികൃഷി ഏറ്റെടുക്കുന്നതിന് 5,000 വനിതാ സ്വയം സഹായ സംഘങ്ങൾക്ക് പരിശീലനം നൽകുന്നതാണ്. ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് ഭൂവുടമകളെ പ്രേരിപ്പിക്കാൻ പര്യാപ്തമായ നിയമ നിർമ്മാണം നടത്തുന്നതാണ്. ഈ പദ്ധതി കാർഷിക വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകുന്നതോടൊപ്പം അമ്പതിനായിരത്തോളം യുവജനങ്ങൾക്ക് തൊഴിൽ പ്രദാനം ചെയ്യാൻ ഉപകരിക്കുമെന്ന് കരുതപ്പെടുന്നു. അവർക്ക് കൃഷി ചെയ്യുന്നതിന് ഉൽപാദനക്ഷമതയുമായി ബന്ധപ്പെടുത്തി പ്രത്യേക പ്രോൽസാഹനം നൽകുന്നതാണ്. ഇതിനുവേണ്ടി ഈ വർഷം 25 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## പട്ടികജാതി /പട്ടികവർഗ്ഗ സംരംഭകർക്കായുള്ള തൊഴിൽ ക്ലബ്ബുകൾ

28 കഴിഞ്ഞ കുറച്ച് ദശകങ്ങളായി കേരളത്തിന്റെ സാമ്പത്തികവളർച്ചാരംഗത്ത് പ്രാഥമിക മേഖലയിൽ നിന്ന് സേവനമേഖലയിലേക്ക് വ്യക്തമായ ചുവട് മാറ്റം ദൃശ്യമാണ്. ഈ മാറ്റത്തിനനുസൃതമായി, ആവശ്യപ്പെടുമ്പോൾ വിവിധതരം സേവനങ്ങൾ ലഭ്യമാക്കുന്നതിലൂടെ ആദായകരമായ തൊഴിൽ നേടുവാൻ പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർക്കായി എല്ലാജില്ലകളിലും തൊഴിൽ ക്ലബ്ബു

കൾ ആരംഭിക്കും. ഈ നൂതന സംരംഭത്തിനായി ഞാൻ 2 കോടി രൂപ വകയിരുത്തുന്നു.

## പരമ്പരാഗത വ്യവസായ സഹായനിധി

29. കഴിഞ്ഞ ബഡ്ജറ്റിൽ ഞാൻ പ്രഖ്യാപിച്ചിരുന്നത് പോലെ പരമ്പരാഗത വ്യവസായ നിധി നടപ്പ് വർഷം തന്നെ 50 കോടി രൂപയുടെ ഒരു പ്രാരംഭ നിധിയോടെ പ്രവർത്തനം തുടങ്ങുന്നതാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുവാനായി വിദഗ്ദ്ധരുടെ ഒരു ദൗത്യ സംഘം രൂപീകരിക്കുന്നതാണ്.

## ക്ലീൻ കേരള പ്രോജക്ട്

30. ക്ലീൻ കേരള പ്രോജക്ടിന് ഏറ്റവും മുന്തിയ മുൻഗണന നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. നടപ്പ് വർഷം ആരംഭം കുറിച്ച ഈ പദ്ധതി പ്രാദേശിക സർക്കാരുകൾ മുഖേന അതിപ്രധാനമായ ഒരു ദൗത്യമെന്ന നിലയിൽ ഊർജ്ജിതമായി നടപ്പാക്കുന്നതാണ്. ശാസ്ത്രീയ ഖര മാലിന്യ മാനേജ്മെന്റ് പരിപാടികൾ വികസിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും രണ്ടു പദ്ധതികളിലായി 1 27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഉന്നത ലക്ഷ്യം യാഥാർത്ഥ്യമാക്കിത്തീർക്കാൻ പ്രാദേശിക സ്വയം ഭരണ സർക്കാരുകളും വിവിധ വകുപ്പുകളും സർക്കാരേതര സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും കൈകോർക്കുമെന്ന് സർക്കാരിനുറപ്പുണ്ട്. ഈ പദ്ധതിക്ക് 10 കോടി രൂപ കൂടി അനുവദിക്കാൻ എനിക്ക് സന്തോഷമുണ്ട്. പരിസരശുചീകരണത്തിനും ശുചിത്വത്തിനുമുള്ള പതിവ് അടങ്കലിനേക്കാൾ അധികമായി 80 കോടി രൂപയോളം ഈ പദ്ധതിക്കു വേണ്ടി ചെലവഴിക്കാനാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

## എം.ജി.പിയും സേവന പ്രദാന പദ്ധതിയും

31. ഭരണ നവീകരണ പദ്ധതിയും അതിന്റെ കീഴിലുള്ള അതിവേഗ സേവന പ്രദാന പദ്ധതിയും ഈ വർഷം വമ്പിച്ച ഒരു കുതിച്ചു ചാട്ടത്തിന് തയ്യാറായിരിക്കുകയാണ്. സർക്കാർ വകുപ്പുകളുടെ നിലവിലുള്ള പ്രവർത്തന ശൈലിയിൽ ഗുണപരമായ പരിഷ്ക്കരണമാണ് ഭരണ നവീകരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഭരണനവീകരണ പദ്ധതിയുടെ മഹത്തായ നാല് പ്രമാണങ്ങളായ പ്രവർത്തനക്ഷമത, ഉത്തരവാദിത്വം സുതാര്യത, പങ്കാളിത്തം എന്നിവയാൽ പടുത്തുയർത്തപ്പെട്ടതാണ് സേവന പ്രദാന പദ്ധതി. കേരള ജനതയ്ക്ക് വിശിഷ്യാ പാവപ്പെട്ടവർക്ക്, സേവനം നൽകുന്ന സുപ്രധാന സേവന വകുപ്പുകളുടെ കീഴിലുള്ള 3000 സ്ഥാപനങ്ങളിലൂടെ ഈ പദ്ധതി പ്രസ്തുത ആശയങ്ങളെ പ്രാവർത്തികമാക്കുന്നതാണ്. വിവിധ ഭരണ നവീകരണ പദ്ധതികൾക്കായി നടപ്പുവർഷം 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വിവര സാങ്കേതിക വിദ്യ

32. വിവര സാങ്കേതിക വിദ്യയിൽ ഇപ്പോൾ മുന്നിട്ട് നിൽക്കുന്ന സംസ്ഥാനങ്ങളെ മറികടക്കാൻ സാദ്ധ്യമാകുന്ന തരത്തിൽ കേരളം അതിവേഗം മുന്നേറിക്കൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ കമ്പ്യൂട്ടർ സാക്ഷരതയിലുള്ള വിടവ്

നികത്താൻ ലക്ഷ്യമിട്ട് നടപ്പിലാക്കിയ സംസ്ഥാനത്തെ ആദ്യത്തെ പദ്ധതിയായ 'അക്ഷയയുടെ ' വിജയത്തിൽ നിന്നും പ്രചോദനം ഉൾകൊണ്ട് ഈ പദ്ധതി മറ്റു ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയും പ്രാദേശിക സർക്കാരുകളുടെ വിഹിതവും ഉൾപ്പെടെ 25 കോടി രൂപ ഈ വർഷം ഈ പദ്ധതിയിൽ നിക്ഷേപിയ്ക്കാനാകുമെന്ന് ഞാൻ കരുതുന്നു.

33. സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായത്തിനുവേണ്ടി ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം വികസിപ്പിക്കേണ്ടതുണ്ട്. കൊച്ചിയിലെ ഐ.ടി പാർക്കും കാര്യവട്ടത്തെ ടെക്നോപാർക്കും വികസിപ്പിക്കുന്നതിനും ഉയർത്തുന്നതിനും തിരുവനന്തപുരത്തെ നിർദ്ദിഷ്ട ഐ.ടി.ഇടനാഴിയ്ക്കും വേണ്ടി 20 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിനുപുറമേ ഈ പദ്ധതിക്കായി 10 കോടിരൂപ ഞാൻ പ്രഖ്യാപിക്കുന്നു.

34. പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്ന പ്രധാനപ്പെട്ട വകുപ്പുകളിൽ ചിട്ടയായ രീതിയിൽ നടപ്പിലാക്കിയാൽ മാത്രമേ ഇ-ഗവേണൻസിന് വേരുറപ്പിക്കുവാൻ കഴിയുകയുള്ളൂ. അതിനാൽ ഇ-ഗവേണൻസ് മുഖേന വിജ്ഞാനാധിഷ്ഠിത തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സഹായകരമായ ഒരു സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിന് 15 കോടി രൂപ നീക്കിവയ്ക്കുന്നു.

35. ഇ-ഗവേണൻസ് ഫലപ്രദമായി നടപ്പിലാക്കാൻ ജീവനക്കാരുടെ കാര്യശേഷി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിലേക്കായി മാത്രം 5 കോടി രൂപ മാറ്റിവയ്ക്കുന്നു.

36. ചുരുക്കത്തിൽ, വിവരസാങ്കേതികവിദ്യാ മേഖലയ്ക്ക് കഴിഞ്ഞ വർഷത്തെ 31.60 കോടി രൂപയുടെ പദ്ധതിവിഹിതത്തിൽ നിന്നും കാര്യമായ വർദ്ധനയോടെ 93.75 കോടി രൂപ ഈ വർഷം ലഭ്യമാക്കിയിരിക്കുന്നു. വിവിധ വകുപ്പുകൾ അവരവരുടെ ബഡ്ജറ്റിനുള്ളിൽ നടപ്പാക്കുന്ന ഇ-ഗവേണൻസ് പരിപാടികൾക്കു പുറമേയാണിത്.

## വിനോദസഞ്ചാരം

37 വിനോദ സഞ്ചാര വികസനം ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിനു മാത്രം അവകാശപ്പെടാവുന്ന അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട മറ്റൊരു വികസനമാതൃക കൂടിയായിരിക്കുകയാണ്. സജീവ പ്രേരക ശക്തിയായി വർത്തിക്കുക, വിപണി കണ്ടെത്തുക, ഗുണനിലവാരം ഉറപ്പു വരുത്തുക എന്നീ നിലകളിൽ മാത്രം സർക്കാർ പ്രവർത്തിച്ചതിനാൽ ഈ മേഖലയിൽ വമ്പിച്ച നേട്ടങ്ങൾകൊയ്യാൻ കഴിഞ്ഞിട്ടുണ്ട്. വിനോദസഞ്ചാരത്തിന് നൽകുന്ന മുൻഗണന തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ മേഖലയ്ക്ക് 74.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തൻമൂലം സർക്കാർ തുടങ്ങിയ 'ടൂറിസംവിഷൻ 2025" യാഥാർത്ഥ്യമാകുന്നതാണ്.

38. കേരളത്തെ ഒരു വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി വികസിപ്പിക്കുന്നതിനും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട മുതൽമുടക്കിനുള്ള ആകർഷകമായ ലക്ഷ്യസ്ഥാനമാക്കുന്നതിനും, വിപണനം ഒരു പ്രധാന ഘടകമാണ്. ഇതിലേക്കായി 10 കോടി രൂപ മാറ്റിവച്ചിരിക്കുന്നു. കേരളത്തിന്റെ സമ്പന്നമായ പൈതൃകമാണ് ഒരുപാട് വിനോദസഞ്ചാരികളെ ഇവിടേക്ക് ആകർഷിക്കുന്നത്. അത് കൊണ്ട് തന്നെ നമ്മുടെ പൈതൃകം സംരക്ഷിക്കുന്നതിനായി 3.50 കോടിരൂപ വകയിരുത്തുന്നു. വിനോദസഞ്ചാര അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടി 47.39 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. ഇതിൽ 30 കോടി രൂപ വിവിധ ഏജൻസികൾ വഴി വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് വേണ്ടി ചെലവഴിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ

പൈതൽമല വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 10 ലക്ഷം രൂപ നാമമാത്ര തുകയായി ഞാൻ വകയിരുത്തുന്നു.

## വ്യവസായം

39 ആകർഷകമായ നിക്ഷേപ ലക്ഷ്യസ്ഥാനമായി കേരളത്തെ എടുത്തുകാട്ടുന്നതിൽ ആഗോള നിക്ഷേപക സമ്മേളനം വിജയിച്ചിട്ടുണ്ട്. നിക്ഷേപക സംരംഭങ്ങൾക്ക് അതിവേഗം അനുമതി നൽകുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഏകദേശം 10,000 കോടി രൂപയുടെ പദ്ധതികൾ, നടപ്പാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. കിൻഫ്രായും KSIDCയും സംസ്ഥാനത്ത് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള അവരുടെ ശ്രമങ്ങൾ തുടരുകയാണ്. കേരളത്തിന്റെ വ്യവസായവൽക്കരണത്തിനു വേണ്ടി കൂടുതൽ സഹായം നേടുന്നതിലേക്കായി 25.7 കോടി രൂപ KSIDCക്ക് വേണ്ടി ഞാൻ നീക്കി വച്ചിട്ടുണ്ട്. തിരുവനന്തപുരത്തെയും കൊച്ചിയിലെയും ബയോടെക്നോളജി പാർക്കുകൾ, വയനാട്ടിലെ ഹെർബൽ പാർക്ക് എന്നീ പദ്ധതികളുമായി മുന്നോട്ട് പോകുന്നതിലേക്കായി KINFRAക്ക് 10 കോടി രൂപ നൽകുന്നതാണ്

40. സംസ്ഥാനതല പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ പരിപാടികൾ തുടരുന്നതിനുവേണ്ടി 75 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. എന്റർപ്രൈസസ് റിഫോംസ്കമ്മറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തൊഴിലാളി സംഘടനകളുമായും മറ്റു ബന്ധപ്പെട്ടവരുമായും നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുന്നതാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനവും ഒരു കാരണവശാലും സ്വകാര്യവൽക്കരിക്കുകയില്ലെന്നുള്ള സർക്കാരിന്റെ നിലപാട് ഈ മഹനീയ സഭ മുമ്പാകെ ഞാൻ ആവർത്തിക്കുകയാണ്.

41. നടപടിക്രമങ്ങൾ ലഘൂകരിച്ചും നിയന്ത്രണസംവിധാനങ്ങൾ പുന: ക്രമീകരിച്ചും നിക്ഷേപക സംരംഭകത്വം പ്രോൽസാഹിപ്പിച്ചും പരിപോഷിപ്പിച്ചുകൊണ്ടുമുള്ള സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനുള്ള ഒട്ടനവധി ഉദ്യമങ്ങൾ ഈ വർഷം പ്രാവർത്തികമാക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്. പ്രസ്തുത പഠനങ്ങൾക്കു വേണ്ടി 36 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ പ്രവർത്തനം പുന:ക്രമീകരിക്കുന്നതിനായി ബിസിനസ്സ് പ്രമോഷൻ സെല്ലുകൾ രൂപീകരിക്കുന്നതാണ്. ഇതിനുവേണ്ടി 50 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

42. ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനായി വ്യവസായ എസ്റ്റേറ്റുകളുടെ നവീകരണത്തിനും പ്ലോട്ടുകൾ വികസിപ്പിക്കുന്നതിനും വേണ്ടി 1.20 കോടി രൂപ വകയിരുത്തുന്നു. വ്യവസായ ഗവേഷണ പ്രവർത്തനങ്ങൾ കൂട്ടിയിണക്കുന്നതിനായി 30 ലക്ഷം രൂപയും, സാങ്കേതികവിദ്യാ വികസനത്തിനു വേണ്ടി മറ്റൊരു 30 ലക്ഷം രൂപയും ഞാൻ വകയിരുത്തുന്നു.

43. പൊതുസൗകര്യകേന്ദ്രങ്ങൾ സ്ഥാപിച്ചും, ഗുണനിലവാരം ഉറപ്പാക്കിയും, അസംസ്കൃത വസ്തുക്കൾ വൻതോതിൽ സംഭരിച്ചും മ്യൂച്വൽക്രെഡിറ്റ് ഗ്യാരണ്ടി ലഭ്യമാക്കിയും വ്യവസായ ക്ളസ്റ്ററുകളെ വികസിപ്പിക്കുന്നതിന് സർക്കാർ പരിഗണന നൽകുന്നതാണ് ഈ നൂതന പദ്ധതിക്കുവേണ്ടി 32 ലക്ഷം രൂപ അനുവദിക്കുന്നു.

44. കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെ, പ്രത്യേകിച്ച് ഭക്ഷ്യസംസ്കരണ മേഖലയുടെ സാദ്ധ്യതകൾ മനസ്സിലാക്കിക്കൊണ്ട് പുതിയ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിനും ബന്ധപ്പെട്ട വ്യവസായ ക്ളസ്റ്ററുകളെ

പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി 1 കോടി രൂപ നീക്കി വയ്ക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

45. വ്യവസായ വകുപ്പിന്റെ ഒട്ടനവധി പദ്ധതികൾക്കു പുറമെ, കുറ്റിപ്പുറത്തെ മാൽകോടെക്സിന്റെയും കോട്ടയത്തെ പ്രിയദർശിനി സഹകരണ സ്പിന്നിങ് മില്ലിന്റെയും വികസനത്തിനുവേണ്ടി 50 ലക്ഷം രൂപ വീതം ഞാൻ വകയിരുത്തുന്നു.

## പരമ്പരാഗത വ്യവസായങ്ങൾ

46. നമ്മുടെ വികസന തന്ത്രങ്ങളിൽ വളരെയധികം തൊഴിലവസരങ്ങൾ നൽകുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഡിസൈനിൽ വേണ്ട മാറ്റങ്ങൾ വരുത്തിയും ഉൽപാദന പ്രക്രിയയിൽ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തിയും ഗുണനിലവാരം ഉയർത്തിയും വിപണിയിൽ ഉയർന്നുവരുന്ന ആവശ്യകത നേരിടാൻ വേണ്ട മാറ്റങ്ങൾ വരുത്തുകയും മറ്റു വിധത്തിലുള്ള താങ്ങുനൽകുകയും ചെയ്തില്ലെങ്കിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ പിടിച്ചു നിൽക്കാൻ സാധിക്കുകയില്ല

47. അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യയുടെ സേവനങ്ങൾ ഉപയോഗിച്ച് കയർ മേഖലയെപ്പറ്റി സർക്കാർ ഒരു പഠനം നടത്തിയിരുന്നു. അവരുടെ ശുപാർശകൾ പ്രകാരവും ഈ മേഖലയിലെ ആവശ്യങ്ങൾ പരിഗണിച്ചും മൊത്തം 2.90 കോടിരൂപയുടെ 6 പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്. തൊണ്ടും ചകിരിയും സംഭരിക്കുന്നതിനുള്ള സഹായം നൽകുക, യന്ത്രവൽക്കരണം നടപ്പാക്കൽ, 'മാതൃകാ കയർ ഗ്രാമങ്ങൾ' സ്ഥാപിക്കുക, സ്വയം സഹായ സംഘങ്ങളെ പ്രോൽസാഹിപ്പിക്കുക എന്നിവ ഇതിലുൾപ്പെടുന്നു. കയർ വ്യവസായത്തിന്റെ പുരോഗതി ലക്ഷ്യമാക്കി കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിപണന സാദ്ധ്യതകളെക്കുറിച്ച് പഠിക്കുന്നതാണ്.

കയർ മേഖല

48. കയർ മേഖല നേരിടുന്ന രൂക്ഷമായ പ്രതിസന്ധി കണക്കിലെടുത്ത് NCDCയുടെയും നബാർഡിന്റെയും സഹായത്തോടെ ഒരു പുനരുദ്ധാരണ പാക്കേജ് സഹകരണ മേഖലയിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിന് സർക്കാർ വിഹിതമായി 5 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്.

49. കരകൗശലത്തിന് പ്രത്യേക പരിഗണന ലഭിക്കുന്നതാണ്. ഇതിനുവേണ്ടി 2 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. നമ്മുടെ സംസ്ഥാനത്ത് മുളയുടെ വികസനത്തിനുള്ള അപാര സാദ്ധ്യത കണക്കിലെടുത്തും പട്ടികജാതി പട്ടിക വർഗ്ഗം തുടങ്ങിയ അവശവിഭാഗങ്ങൾക്ക് ഫലപ്രദമായ തൊഴിൽ ലഭിക്കുന്നത് മൂലമുള്ള പ്രയോജനം പരിഗണിച്ചും ഒരു 'ബാംബൂ മിഷൻ' പ്രവർത്തന ക്ഷമമാക്കാൻ 20 ലക്ഷം രൂപയ്ക്കുള്ള നാമമാത്ര അടങ്കൽ ഇതിൽ ഉൾപ്പെടുന്നു.

50. കൈത്തറി മേഖലയിലെ പദ്ധതികളുടെ ഒരു പാക്കേജിനുവേണ്ടി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം ഉൾപ്പെടെ 9.7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## കൃഷി

51. കാർഷിക മേഖല സംസ്ഥാന സമ്പദ്ഘടനയുടെ അഞ്ചിലൊന്ന് മാത്രമേയുള്ളൂ. ഇത് അനേകം ലക്ഷം പേർക്ക് തൊഴിൽ നൽകുകയും ഗ്രാമീണ സമ്പദ്ഘടനയെ താങ്ങി നിർത്തുകയും ചെയ്യുന്നു. ഇപ്പോൾ കാർഷികവിലകൾ അനുഭവവേദ്യമായ രീതിയിൽ മെച്ചപ്പെടാൻ തുടങ്ങിയതോടെ, ദീർഘകാലത്തെ ഇടവേളയ്ക്ക് ശേഷം കാർഷികമേഖല ശുഭ പ്രതീക്ഷാ നിർഭരമായിരിക്കുന്നു. ഉൽപാദനക്ഷമതയുടേയും ഗുണമേന്മയുടേയും ഉയർന്ന തലങ്ങളിലേക്ക് പ്രവേശിക്കാനുള്ള സമയം ഇതാണ്. നമ്മുടെ കൃഷി കയറ്റുമതിയെ ആശ്രയിച്ചിരിക്കുന്നതിനാൽ കാർഷികമേഖല കൂടുതൽ മത്സരക്ഷമമാകേണ്ടതുണ്ട്. ഈ സങ്കൽപം സാക്ഷാത്കരിക്കുന്നതിന് ജൈവകൃഷിക്കും, സംയോജിത കാർഷിക സമ്പ്രദായങ്ങൾക്കും ഉന്നത ഗുണമേന്മയുള്ള നവീന ലാബറട്ടറികൾ സ്ഥാപിക്കുന്നതിനും പ്രാമുഖ്യം നൽകേണ്ടിയിരിക്കുന്നു. 4 കോടി രൂപയ്ക്ക് നവീന ലാബറട്ടറികൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും 1 കോടി രൂപയ്ക്ക് ജൈവകൃഷിക്കുള്ള ഒരു പുതിയ പദ്ധതിയും പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. കാർഷികമേഖല നവീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ള അഗ്രോവിഷൻ ജില്ലാസഹായ സംവിധാനം എന്ന പൈലറ്റ് പ്രോജക്ടിന്റെ ഭാഗമായിരിക്കും ഈ ലാബറട്ടറികൾ.

52. ഉന്നത സാങ്കേതിക രീതികൾ അവലംബിച്ചുള്ള കൃഷി രീതികൾ പ്രോൽസാഹിപ്പിക്കാൻ 81 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുകയാണ്. കയറ്റുമതി ലാക്കാക്കിയുള്ള കൃഷി വികസിപ്പിക്കുന്നതിന് സുഗന്ധ വ്യഞ്ജനങ്ങൾക്കും ഔഷധ സസ്യങ്ങൾക്കും പുഷ്പ കൃഷിക്കും വേണ്ടി കാർഷിക കയറ്റുമതി മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഈ പ്രധാനപ്പെട്ട ഉദ്യമത്തിനായി 5.1 കോടി രൂപ വകയിരുത്തുന്നു. ലോകവ്യാപാര സംഘടനാ കാര്യങ്ങളെ സംബന്ധിച്ച ഡോ: സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശകൾ തുടർന്നും നടപ്പാക്കുന്നതിന്റെ ഭാഗമായി സുസ്ഥിരമായ കാർഷിക വ്യാപാര സുരക്ഷാ സംവിധാനം വികസിപ്പിച്ചെടുക്കാൻ 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പഴം പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കാനുള്ള വിജയകരമായ 'പങ്കാളിത്ത വികസനമാതൃക' രണ്ടു ജില്ലകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതാണ്. ഇതിനായി 4 കോടി രൂപ നീക്കിവയ്ക്കുന്നു. പ്രകൃതി വിഭവങ്ങൾ കൃഷിക്കുപയുക്തമാക്കുന്നതിനു വേണ്ടി റിമോട്ട് സെൻസിംഗ് ഡാറ്റാ ഉപയോഗപ്പെടുത്തുക എന്നതാണ് മറ്റൊരുദ്യമം. ഇത് ഐ.എസ്.ആർ.ഒ-യുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതാണ്. ഇതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന് 5 കോടി രൂപ വകയിരുത്താൻ എനിക്ക് സന്തോഷമുണ്ട്.

53. കൃഷിയിൽ പുതിയ മേഖലകൾ കണ്ടെത്തുന്നത് പ്രധാനമാണെന്നതുപോലെ പരമ്പരാഗത മേഖലകൾ പുഷ്ടിപ്പെടുത്തേണ്ടതും കാർഷിക രംഗത്ത് വളരെ നിർണ്ണായകമാണ്. അതിനാൽ നെൽകൃഷി വികസനത്തിന് 10.80 കോടി രൂപയും കേരകൃഷി വികസനത്തിന് 9.75 കോടി രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

54. ചെറുകിട ഇടത്തരം കർഷകരുൾപ്പെടെ എല്ലാ കർഷകർക്കും വാനിലകൃഷി ആകർഷകമായി കഴിഞ്ഞിരിക്കുന്നു. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം കൂട്ടുന്നതിനും നടീൽ വസ്തുക്കളുടെ വിതരണം ഉൾപ്പെടെ വാനിലകൃഷി പ്രോൽസാഹിപ്പിക്കുവാനുള്ള പദ്ധതികളുടെ ഒരു പാക്കേജിന് സർക്കാർ രൂപം നൽകി വരികയാണ്. ഇതിനായി രണ്ടു കോടി രൂപ നീക്കിവയ്ക്കുന്നു.

55. കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നതുപോലെ കാർഷിക വിലസ്ഥിരതാ ഫണ്ടിന്റെ ചട്ടങ്ങൾ തയ്യാറായിട്ടുണ്ട്. ഈ വർഷം ഈ പദ്ധതി പൂർണ്ണമായും പ്രവർത്തന

ക്ഷമമാകുന്നതാണ്. ഇത് കൂടുതൽ ശക്തിപ്പെടുത്തുന്നതിന് 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

## മൃഗസംരക്ഷണവും ക്ഷീര വികസനവും

56. കർഷക തൊഴിലാളികൾക്കും നാമമാത്ര കർഷകർക്കും നിലനിൽപിനാവശ്യമായ അധിക വരുമാനം നൽകുന്നത് മൃഗസംരക്ഷണ പ്രവർത്തനങ്ങളാണ്. അതിനാൽ ദാരിദ്ര്യ നിർമ്മാർജ്ജന പശ്ചാത്തലത്തിൽ നോക്കുമ്പോൾ അത് ഏറെ പ്രാധാന്യമർഹിക്കുന്നു. മൃഗസംരക്ഷണ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 16.6 കോടി രൂപയും ക്രോസ് ബ്രീഡിംഗ് സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 6.65 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് മാത്രം കാണപ്പെടുന്ന മലബാറി ആടുകളുടെ സംരക്ഷണത്തിനും അവയുടെ ഗുണമേൻമ മെച്ചപ്പെടുത്തുന്നതിനും വേണ്ടി കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിന് നൽകുവാൻ 15 ലക്ഷം രൂപ നീക്കിവയ്ക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ക്ഷീര വികസന വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ മാറ്റിവച്ചിരിക്കുന്നു.

## മൽസ്യബന്ധനം

57. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകുന്നത് മൽസ്യബന്ധന മേഖലയാണെങ്കിലും നമ്മുടെ മൽസ്യത്തൊഴിലാളികൾ ഇപ്പോഴും സമൂഹത്തിലെ അവശ വിഭാഗമായി കഴിയുന്നു എന്നത് ഒരു വിരോധാഭാസമാണ്. അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങളൊന്നും അവരുടെ മിക്കവാറും ഗ്രാമങ്ങളിൽ ഇപ്പോഴുമില്ല. സ്ഥായിയായ ഉൽപാദനക്ഷമത കൈവരിക്കുന്നതിനോടൊപ്പം തന്നെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തുക എന്നതാണ് മൽസ്യബന്ധന മേഖലയിൽ സർക്കാരിന്റെ നയസമീപനം. തീരപ്രദേശങ്ങളിലെ സാമൂഹ്യ പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തി മൽസ്യത്തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ഞാൻ 60 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. നാഷണൽ മൈനോറിറ്റി ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നും നാഷണൽ ബാക്ക്‌വേഡ് ക്ലാസ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷനിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് 40 ലക്ഷം രൂപ അടിസ്ഥാന മൂലധനമായി വകയിരുത്തിയിട്ടുണ്ട്.

58. സ്വയം സഹായ സംഘങ്ങളെയും സ്ത്രീ മൽസ്യത്തൊഴിലാളികളുടെ സൂക്ഷ്മ സംരംഭങ്ങളെയും പ്രോൽസാഹിപ്പിക്കാൻ 1 കോടി രൂപ വകയിരുത്തുന്നു. മൽസ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളിൽ നൽകുന്നതിന് വേണ്ടി ദേശീയ മൽസ്യ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സംസ്ഥാനത്തിന്റെ സംഭാവനയായി 3.50 കോടി രൂപയും പ്രസ്തുത നിധിയുടെ ഭവന നിർമ്മാണ പദ്ധതിക്കായി 3 കോടി രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

59. കായംകുളത്തെയും മുതലപ്പൊഴിയിലെയും കൊയിലാണ്ടിയിലെയും പൊന്നാനിയിലെയും മൽസ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കുന്നതാണ്. ഇവ പൂർത്തിയാക്കുന്നതിനും മറ്റ് മൽസ്യബന്ധന തുറമുഖങ്ങളുടെ പണിക്കുമുള്ള സംസ്ഥാന വിഹിതമായി 6 കോടി രൂപ നീക്കി വയ്ക്കാൻ എനിക്ക് സന്തോഷമുണ്ട്.

60. ഉൾനാടൻ മൽസ്യബന്ധനം പരിപോഷിപ്പിക്കുന്നതിലേക്കായി കുട്ടനാടിന് 1.20 കോടി രൂപയും എറണാകുളത്തെ പൊക്കാളി പാടങ്ങൾക്കായി 1.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## വനം

61. സംസ്ഥാനത്തെ വനം വികസന പ്രവർത്തനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിന് ഒരു ശാസ്ത്രീയ സമീപനം സ്വീകരിച്ചു കഴിഞ്ഞു. വനസംരക്ഷണത്തിനും വനാതിർത്തികളുടെ സർവ്വേക്കും വേണ്ടി രണ്ടു പദ്ധതികളിലായി 13.80 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സംതൃപ്തിയുണ്ട്. നാശോന്മുഖമായ വനങ്ങൾ ജനപങ്കാളിത്തത്തോടെ പുനരുജ്ജീവിപ്പിക്കുന്നതിന് 3.85 കോടി രൂപയും ജൈവ വൈവിദ്ധ്യം പരിപാലിക്കുന്നതിന് 1.20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇക്കോ ടൂറിസത്തിന് സംസ്ഥാനത്തുള്ള അപാര സാദ്ധ്യതകൾ പരിഗണിച്ച് 50 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ആദിവാസി സമൂഹത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്ന തടി ഒഴികെയുള്ള വനഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിന് 1.50 കോടി രൂപ ഉൾപ്പെടുത്തിയിരിക്കുന്നു. ലോകബാങ്ക് സഹായത്തോടെയുള്ള കേരള വനവൽക്കരണ പദ്ധതിയുടെ രണ്ടാം ഘട്ടം അനുവദിച്ചു കിട്ടുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കയാണ്. ഈ പദ്ധതിയുടെ നേട്ടങ്ങൾ ഉറപ്പിക്കുന്നതിന് 2.80 കോടിരൂപ നീക്കിവച്ചിട്ടുണ്ട്.

## അടിസ്ഥാന സൗകര്യം

62. ഇൻഫ്രാസ്ട്രക്ച്ചർ ആക്റ്റ് ഈ വർഷം നിലവിൽവരുമെന്ന് പ്രതീക്ഷിക്കുന്നു. വിഴിഞ്ഞം ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, നോർത്ത് സൗത്ത് എക്സ്പ്രസ് വേ എന്നീ വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുള്ള പ്രക്രിയയ്ക്ക് സർക്കാർ അന്തിമ രൂപം നൽകിവരികയാണ്. ഇവ യഥാർത്ഥ്യമാവുമ്പോൾ ഇതിന്റെ പരിണതഫലമായി സംസ്ഥാന സമ്പദ് വ്യവസ്ഥയാകെ മാറുന്നതാണ്. സർക്കാരിന്റെയും പ്രാദേശിക സർക്കാരുകളുടേയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളിൽ സ്വകാര്യ മുതൽ മുടക്ക് പ്രോൽസാഹിപ്പിക്കാൻ എം.ജി.പി.യിൽ നിരവധി ഉദ്യമങ്ങൾ ആവിഷ്ക്കരിച്ചുവരുന്നു.

63. ഈ വർഷം കുറഞ്ഞത് 250 കോടി രൂപയെങ്കിലും RIDFൽ നിന്നും വാങ്ങാമെന്ന് പ്രതീക്ഷിക്കുന്നു. ഇതിൽ 100 കോടി രൂപ വിവിധ സർക്കാർ വകുപ്പുകൾക്കും 75 കോടി രൂപ ജില്ലാ പഞ്ചായത്തുകൾക്കും 75 കോടി രൂപ ബ്ളോക്ക് പഞ്ചായത്തുകൾക്കുമായി നീക്കി വച്ചിരിക്കുന്നു. പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള ബ്ളോക്ക് പഞ്ചായത്തുകളുടേയും ജില്ലാ പഞ്ചായത്തുകളുടേയും ശേഷി പരിഗണിച്ചാണ് അവയ്ക്ക് ഫണ്ട് നീക്കി വച്ചിരിക്കുന്നത്. ഇതുവഴി ഗ്രാമപ്രദേശങ്ങളിൽ ഉന്നത നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാവുമെന്നാണ് പ്രതീക്ഷ.

## റോഡുകൾ

64. ലോകബാങ്കിന്റെ സഹായത്തോടുകൂടിയുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്റ്റ് ത്വരിതപ്പെടുത്തുന്നതാണ്. ഇതിലേക്കായി 200 കോടി രൂപ ഞാൻ വകയിരുത്തുന്നു. പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള മേജർ ജില്ലാ റോഡുകൾക്കും സംസ്ഥാന ഹൈവേകൾക്കുമായി 39.8 കോടി രൂപ ചെലവാക്കും.

65. സംസ്ഥാനത്തെ വികസനത്തിന്റെ കേന്ദ്രബിന്ദു എന്ന നിലയിൽ കൊച്ചിയുടെ വർദ്ധിച്ചു വരുന്ന പ്രാധാന്യം കണക്കിലെടുത്ത് പുല്ലേപ്പടി – തമ്മനം റോഡ് നീട്ടി പ്രത്യേക സാമ്പത്തിക മേഖലയുടെ അരികെ എയർപ്പോർട്ട് – സീപോർട്ട് ലിങ്കുമായി ബന്ധിപ്പിക്കുന്നതാണ്. ഇതിനു വേണ്ടി രണ്ടുകോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

## തുറമുഖങ്ങൾ

66. കേരളം ഒരു തീരദേശ സംസ്ഥാനമായതിനാൽ തുറമുഖങ്ങളുടെ വികസനത്തിനു മുൻതൂക്കം നൽകേണ്ടതുണ്ട്. തുറമുഖങ്ങളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വകാര്യനിക്ഷേപം സമാഹരിക്കുവാനുള്ള ശ്രമങ്ങൾ നടക്കുകയാണ്. ഇതിനായി തയ്യാറാക്കിയ കരടുനയരേഖയ്ക്ക് ഈ വർഷം തന്നെ അന്തിമരൂപം നൽകുന്നതാണ്. വിഴിഞ്ഞത്തും തങ്കശ്ശേരിയിലും യഥാക്രമം 1.56 കോടിരൂപയും 1.50 കോടിരൂപയും ചെലവ് ചെയ്ത് 'കാർഗോ ബർത്തുകൾ' വികസിപ്പിക്കുവാൻ തുറമുഖവകുപ്പ് ശ്രമം തുടങ്ങിക്കഴിഞ്ഞു.

## ഗതാഗതം

67. വാഹനങ്ങളുടെ എണ്ണം ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് വാഹന ഉടമകൾക്ക് സുരക്ഷിതത്വവും മെച്ചപ്പെട്ട സേവനവും പ്രദാനം ചെയ്യുന്നതിന് ഊന്നൽ നൽകുന്ന ഒരു ദ്വിമുഖ സമീപനം നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ തുടരുന്നതിനായി 40 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു. 25 ലക്ഷം രൂപ ചെലവാക്കി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിനും 15 ലക്ഷംരൂപ ചെലവിട്ട് കോഴിക്കോട് ഒരു വാഹന പരിശോധന കേന്ദ്രം സ്ഥാപിക്കുന്നതിനുമായി രണ്ടു പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

68. ഭരണനവീകരണ പദ്ധതിയിൽപ്പെടുത്തി 4 കോടിരൂപ ചെലവിൽ കാൽ നടയാത്രക്കാരുടേയും വാഹന യാത്രക്കാരുടേയും സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി മുൻകരുതൽ നടപടികളും പ്രോൽസാഹന നടപടികളും അടങ്ങിയ ഒരു സമ്മിശ്ര പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു.

69. ഡ്രൈവിംഗ് ലൈസൻസ് സ്മാർട്ട് കാർഡ് രൂപത്തിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ സ്മാർട്ട് ഒപ്റ്റിക്കൽ കാർഡ് രൂപത്തിലും ഈ വർഷം മുതൽ നൽകുന്നതാണ്. എടപ്പാളിൽ കേന്ദ്രസഹായത്തോടുകൂടി ഡ്രൈവർമാർക്ക് വേണ്ടിയുള്ള ഒരു പരിശീലന സ്ഥാപനം ആരംഭിക്കുന്നതാണ്. 13 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിക്കുന്നതാണ്. ഈ വർഷം അഞ്ചു പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതാണ്.

70. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് സർക്കാർ ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 10 കോടി രൂപ വകയിരുത്തുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

## ജലഗതാഗതം

71. സാമ്പത്തികമായി പരസ്പരം ബന്ധപ്പെട്ട്, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളം പോലെയുള്ള സംസ്ഥാനത്ത്, വ്യക്തമായ നയത്തിന്റെ അടിസ്ഥാനത്തിലുള്ള സൗകര്യപ്രദവും സുരക്ഷിതവും ചെലവ് കുറഞ്ഞതുമായ പൊതു ഗതാഗത സംവിധാനം അത്യന്താപേക്ഷിതമാണ്. മൂന്നു പ്രധാന നഗരങ്ങൾക്കുവേണ്ടിയുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി 4.50 ലക്ഷം രൂപ വകയിരുത്തുന്നു

72. ഉൾനാടൻ ജലഗതാഗത മേഖലയ്ക്ക് കൂടുതൽ പ്രോൽസാഹനം നൽകുന്നതിലൂടെ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദവുമായ ഗതാഗത സംവിധാനം ഏർപ്പെടുത്തുന്നതിന് സംസ്ഥാനത്തിന്റെ ചൂഷണം ചെയ്യപ്പെടാത്ത

സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതാണ്. ബോട്ട്സർവ്വീസുകൾ വിപുലീകരിക്കുന്നതിലേക്കായി 12 പുതിയ ബോട്ടുകൾ വാങ്ങുന്നതിന് 4.8 കോടി രൂപ ഞാൻ നീക്കിവയ്ക്കുന്നു. ഉൾനാടൻ കനാലുകൾ വികസിപ്പിക്കുന്നതുവേണ്ടി രണ്ടു പദ്ധതികളിലായി 4.20 കോടി രൂപ ഞാൻ വകയിരുത്തുന്നു.

73. കാവാലം പാണാവള്ളി മുഹമ്മ എന്നിവിടങ്ങളിലെ ട്രാൻസ്പോർട്ട് സ്റ്റേഷനാഫീസുകളുടെ നിർമ്മാണം പൂർത്തീകരിക്കൽ. തൃക്കരിപ്പൂരിൽ ഒരു മേഖലാ ആഫീസ് നിർമ്മാണം ആലപ്പുഴ ഡോക്ക്യാർഡിലെ സ്ളിപ്പ് വേ നവീകരണം രണ്ടു പുതിയ സ്ളിപ്പ് വേകളുടെ നിർമ്മാണം, വാർത്താവിനിമയ - സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയാണ് ഈ വർഷം നടപ്പിലാക്കുന്ന പദ്ധതികൾ

## തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും

74. കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ കേന്ദ്രസർക്കാരിന്റെ 30 ശതമാനം നൗക നിർമ്മാണ സബ്സിഡി ഉപയോഗപ്പെടുത്തി 300 ലക്ഷം രൂപ വീതം ചെലവ് വരുന്ന രണ്ട് ബൾക്ക് ക്യാരിയർ ബാർജ്ജുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം കൊച്ചി കോഴിക്കോട് എന്നി സ്ഥലങ്ങൾ ബന്ധപ്പെടുത്തി കട്ടമരം സർവ്വീസുകളും ഈ വർഷം ആരംഭിക്കുന്നതാണ്.

75. ആലപ്പുഴ കനാൽ പദ്ധതിയുടെ പുനരുദ്ധാരണവും ആലപ്പുഴ പട്ടണത്തിന്റെ വികസനവും മുൻകാല സർക്കാരുകളുടെ സഫലീകരിക്കാൻ കഴിയാതെ പോയ ആഗ്രഹമാണ്. ആലപ്പുഴ നിവാസികളുടെ ഈ ദീർഘകാലാഭിലാഷം സഫലമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി അഞ്ചുകോടി രൂപ നീക്കി വയ്ക്കുന്നു.

## തലസ്ഥാന നഗര വികസനം

76. തലസ്ഥാന നഗര മേഖലാ വികസന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിനകം തന്നെ പ്രധാനപ്പെട്ട ചില അടിസ്ഥാന സൗകര്യവികസന പദ്ധതികൾ ഏറ്റെടുത്തു കഴിഞ്ഞു. പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനും വേണ്ടി 40.25 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതു കൂടാതെ നഗരത്തിലെ വൈദ്യുതി വിതരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന വൈദ്യുതി ബോർഡ് പ്രത്യേകമായി 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

77. തലസ്ഥാന നഗരത്തിന്റെ സമീപ ഗ്രാമപ്രദേശങ്ങളിൽ മലിനജല നിർഗമന സംവിധാനം ഏർപ്പെടുത്താൻ 10 കോടി രൂപ വകയിരുത്തുന്നു.

78. ട്രിഡയുടെ പാളയം, ചാല, മെഡിക്കൽ കോളേജ് എന്നി പ്രദേശങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾക്കുള്ള സഹായമായ 1.5 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## മേഖലാ വികസന പദ്ധതികൾ

79. കഴിഞ്ഞ കുറെ വർഷങ്ങൾകൊണ്ട്, ഒരു പ്രമുഖ തീർത്ഥാടന - വിനോദസഞ്ചാര കേന്ദ്രമായി വർക്കല വളർന്നു കഴിഞ്ഞു. വർക്കലയ്ക്കുവേണ്ടി ഒരു വിനോദ സഞ്ചാര മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രദേശത്തിന്റെ

വികസനത്തിനായി വർക്കല വികസന അതോറിറ്റി രൂപീകരിക്കുന്നതിന് 1 കോടി രൂപ വകയിരുത്താൻ എനിക്ക് സന്തോഷമുണ്ട്.

80 കാർഷിക മേഖലയുടെ പുനരുദ്ധാരണത്തോടൊപ്പം തന്നെ കാർഷിക ഉൽപ്പന്നങ്ങൾ കമ്പോളങ്ങളിൽ എത്തിക്കാനാവശ്യമായ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും ആവശ്യമാണ്. ഇതിനുവേണ്ടിയുള്ള, ഹിൽ ഹൈവേ അതോറിറ്റിയുടെ ചെലവുകൾക്കായി 10 കോടി രൂപ നീക്കിവയ്ക്കുന്നു.

81. മലയോര വികസന അതോറിറ്റിയുടേയും, തീരദേശ വികസന അതോറിറ്റിയുടേയും രൂപവൽക്കരണത്തിന് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതുവരെ കാത്തിരിക്കേണ്ടി വന്നു. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ രണ്ടു അതോറിറ്റികളുടെയും പ്രാരംഭ ചെലവുകൾക്കായി 7.5 കോടി രൂപ വീതം ഞാൻ നീക്കി വയ്ക്കുന്നു.

82. കഴക്കൂട്ടത്ത് വ്യാപാര കേന്ദ്രം ഉൾപ്പെട്ട ഒരു മിനി ബസ് സ്റ്റേഷന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന ചെലവിലേക്കായി ഒരു കോടി രൂപ ഞാൻ നീക്കി വയ്ക്കുകയാണ്.

## ഊർജ്ജം

83. സാമ്പത്തിക ക്ഷമതയും സാമൂഹ്യ ലക്ഷ്യങ്ങളും കൈവരിക്കുവാനുള്ള ഒരു പരിഷ്ക്കരണ പാതയിലാണ് കേരളത്തിന്റെ ഊർജ്ജ മേഖല. ഉൽപാദന – പ്രസരണ – വിതരണമേഖലകളിലെ പരിഷ്ക്കരണങ്ങളെല്ലാം 2003ലെ വൈദ്യുതി ആക്റ്റിന്റെ പരിധിക്കുള്ളിലായിരിക്കേണ്ടതുണ്ട്. നിർമ്മാണത്തിലിരി ക്കുന്ന ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾ തുടങ്ങുന്നതിനും ആയിരിക്കും പ്രാധാന്യം നൽകുന്നത്.

84. ഈ വർഷം ഏറ്റെടുക്കാനുദ്ദേശിച്ചിട്ടുള്ള പള്ളിവാസൽ വിപുലീകരണ പദ്ധതി, ആതിരപ്പള്ളിപദ്ധതി, മാങ്കുളം പദ്ധതി, പൂർത്തിയാക്കാനുള്ള മറ്റു പദ്ധതികൾ എന്നിവയിലൂടെ 391.5 മെഗാവാട്ട് അധിക വൈദ്യുതി ഉൽപാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. മുപ്പത്തിയഞ്ച് 33 കെ.വി സബ് സ്റ്റേഷനുകളും അഞ്ച് 66 കെ.വി. സബ് സ്റ്റേഷനുകളും മൂന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും പത്ത് 110 കെ.വി സബ് സ്റ്റേഷനുകളും പുതുതായി അനുവദിച്ചുകൊണ്ട് പ്രസരണ വിതരണ ശൃംഖലയിൽ ശ്രദ്ധേയമായ വർദ്ധനവ് കൈവരുത്തുന്നതാണ്. 2004–05ൽ പ്രസരണ മേഖലയ്ക്കായി 256 കോടി രൂപ ചെലവിടാനുദ്ദേശിക്കുന്നു.

85. വിതരണ മേഖലക്കായി 350.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 5500 കി.മി. ലോ–ടെൻഷൻ ലൈനും 2000 കി.മി, പതിനൊന്ന് കെ.വി. ലൈനും 4 ലക്ഷം സർവ്വീസ് കണക്ഷനുകളും പുതുതായി കൂട്ടിച്ചേർക്കാൻ സംസ്ഥാന വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നു. മധുര–തിരുവനന്തപുരം 400 കെ.വി. ലൈൻ ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. മൈസൂർ – കോഴിക്കോട് 400 കെ.വി ലൈനിന്റെ പണി ആരംഭിച്ചുകഴിഞ്ഞു. സാമ്പത്തിക സ്വയം പര്യാപ്തത കൈവരിയ്ക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം വർഷം തോറും 3ശതമാനം കുറച്ചുകൊണ്ടുവരുവാനാണ് ലക്ഷ്യമിട്ടിരിയ്ക്കുന്നത്.

86. മാങ്കുളത്ത് ഒരു മാതൃകാ ചെറുകിട ജലവൈദ്യുത പദ്ധതിക്കും മറ്റ് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ, എനർജി മാനേജ്മെന്റ് സെന്ററിലെ യുനിഡോയുടെ (UNIDO) പ്രാദേശിക കേന്ദ്രം തയ്യാറാക്കുന്നതാണ്. 77.5 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 30 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പ്രവർത്തനം 2004 ജനുവരിയിൽ തന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 2004–05 വർഷത്തിൽ ഇടുക്കി

ജില്ലയിലെ രാമക്കൽമേട് മേഖലയിൽ കാറ്റിൽ നിന്ന് 100 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള ഒരു പദ്ധതി അനർട്ടിനുണ്ട്.

## ജലസേചനം

87. പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള അസാധാരണമായ കാലതാമസമാണ് നമ്മുടെ ജലസേചന മേഖലയുടെ ശാപം. പത്താം പദ്ധതിയിൽ നിർമ്മാണത്തിലിരിക്കുന്ന വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. ഇതിലേക്കായി ഞാൻ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇടമലയാർ ജലസേചന പദ്ധതിയും അടുത്ത വർഷം ഭാഗികമായി കമ്മീഷൻ ചെയ്യപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി 8.40 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. പഴയ ജലസേചന പദ്ധതികളുടെ പുനരുദ്ധാരണത്തിനായി 10 കോടി രൂപ വകയിരുത്തുന്നു.

88. ലോകബാങ്ക് സഹായത്തോടെയുള്ള ദേശീയ ഹൈഡ്രോളജി പ്രോജക്റ്റിന്റെ രണ്ടാം ഘട്ടം 2004-2005 വാർഷിക പദ്ധതിയിൽ നടപ്പാക്കേണ്ടതാണ്. ഈ പദ്ധതിയുടെ ഉപരിതല ജല വിഭാഗത്തിന് 2 കോടി രൂപയും ഭൂഗർഭ ജല വിഭാഗത്തിന് 4 കോടി രൂപയും വകയിരുത്തുന്നു.

89. ഈ വർഷം ജല സംരക്ഷണ വർഷമായി ആചരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. മഴവെള്ളം സംഭരിക്കുന്നതിന് 10 കോടി രൂപയും കിണറുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് 75 ലക്ഷം രൂപയും പരമ്പരാഗത ജല സംഭരണ സംരക്ഷണ രീതികൾ വികസിപ്പിക്കുന്നതിന് 1.50 കോടി രൂപയും നീക്കി വയ്ക്കാൻ എനിക്ക് സന്തോഷമുണ്ട്. ഈ വർഷം ഒരു പുതുക്കിയ ജലവിഭവനയം സർക്കാർ പ്രഖ്യാപിക്കുന്നതാണ്.

90. പമ്പാ ആക്ഷൻ പ്ലാനിന് അംഗീകാരം ലഭിക്കുകയും ഇതിന്റെ ഒന്നാം ഘട്ടത്തിന്റെ കേന്ദ്രവിഹിതം 12.92 കോടി രൂപയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുള്ള സംസ്ഥാന വിഹിതമായി 5.33 കോടി രൂപ വകയിരുത്താൻ എനിക്ക് സന്തോഷമുണ്ട്. തീർത്ഥാടന കേന്ദ്രമായ ശബരിമല സന്ദർശിക്കുന്ന ലക്ഷോപലക്ഷം ഭക്തജനങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

91. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 2 കോടി രൂപ ഞാൻ വകയിരുത്തുന്നു. തളിപ്പറമ്പ് താലൂക്കിലെ ശ്രീകണ്ഠാപുരം നദിക്ക് കുറുകെയുള്ള മടമ്പം റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിക്കും 2 കോടി രൂപ നീക്കി വയ്ക്കുന്നു.

92. ചമ്രവട്ടം ബ്രിഡ്ജ് കം റെഗുലേറ്റർ പദ്ധതിയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് ബജറ്റ് വിഹിതം 5 കോടി രൂപയായി ഞാൻ വർദ്ധിപ്പിക്കുന്നു.

## പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം

93. ആഗോളവൽക്കരണ – ഉദാരവൽക്കരണ പ്രക്രിയയുടെ ആക്കം കൂടുമ്പോൾ, സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പ്രത്യേകിച്ച് പട്ടികജാതി വിഭാഗങ്ങളാണ് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ട് പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ഈ വിഭാഗങ്ങളുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാർ ക്രിയാത്മകമായി സഹായിക്കുന്നതാണ്. 427.20 കോടി രൂപ അടങ്കലുള്ള പ്രത്യേക ഘടക

പദ്ധതിയുടെ മൂന്നിൽ രണ്ടുഭാഗം പരിപാടികൾ തദ്ദേശ സർക്കാരുകളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

94. മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നതിനുള്ള നയത്തിന്റെ തുടർച്ചയായി വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ഊന്നൽ നൽകുന്നതാണ്. മുൻവർഷത്തെപ്പോലെ മിക്ക പദ്ധതികളും ഈ ഉദ്ദേശത്തോടെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് ലഭ്യമായ വിദ്യാഭ്യാസ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന ഒരു പാക്കേജ് പ്രഖ്യാപിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. ഇതിനാവശ്യമായ തുക പ്രത്യേക ഘടക പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽ നിന്നും ലഭ്യമാക്കുന്നതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾക്കായി 13.05 കോടി രൂപയും, സ്കൂളുകൾക്ക് 8.60 കോടി രൂപയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും നൽകുന്നതിന് 40.02 കോടി രൂപയും ഞാൻ വകയിരുത്തിയിട്ടുണ്ട് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾക്ക് 2.80 കോടി രൂപയും സ്കൂളുകൾക്ക് 12 കോടി രൂപയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രോൽസാഹനങ്ങളും നൽകുന്നതിന് 3.97 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

95. കഴിഞ്ഞ ബജറ്റിൽ ഞാൻ പ്രഖ്യാപിച്ചിരുന്ന പട്ടിക വർഗ്ഗക്കാർക്കായുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്ക് പ്രമുഖ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് അന്തിമ രൂപം നൽകിക്കഴിഞ്ഞു ഇതിനുവേണ്ടി 10 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## പിന്നോക്കവിഭാഗ വികസനം

96. പിന്നോക്കവിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നമനത്തിനായി 2.52 കോടിരൂപ വകയിരുത്തുന്നു.

## സാമൂഹ്യക്ഷേമം

97. സമൂഹത്തിലെ അഗതികളുടേയും അവശജന വിഭാഗങ്ങളുടേയും സംരക്ഷണത്തിനായി ഒരു നൂതന പരിപാടി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരങ്ങളിലും ഈ വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട് ഈ മാതൃകാ സമഗ്ര സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ സാമൂഹ്യ ക്ഷേമ വകുപ്പിന് 50 കോടി രൂപ ഞാൻ അനുവദിക്കുന്നു. കുടുംബശ്രീ നടത്തുന്ന ആശ്രയ പദ്ധതിയുടെ മാതൃകയിലായിരിക്കും ഈ പദ്ധതി.

98. പോഷകാഹാരക്കുറവിൽ നിന്നും മോചനം നേടിയ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള ഒരു മോഹനലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പ്രശംസനീയമായ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിലേക്കായി 10 കോടി രൂപ ഞാൻ നീക്കി വയ്ക്കുന്നു.

99. മലപ്പുറം ജില്ലയിൽ മുതിർന്ന പൗരൻമാർക്കുവേണ്ടി നടപ്പാക്കുന്ന സ്നേഹതീരം എന്ന അനന്യമായ ഉദ്യമത്തിന് ഞാൻ 1 കോടി രൂപ വകയിരുത്തുന്നു.

100. നമ്മുടെ സംസ്ഥാനത്ത് അങ്കണവാടികളുടെ പ്രത്യേക സ്ഥാനം ഈ സർക്കാർ അംഗീകരിക്കുന്നു. പ്രാദേശിക സർക്കാരുകൾ വഴി 540 അങ്കണവാടി കെട്ടിടങ്ങൾ പണിയുന്നതിനായി 27 കോടി രൂപ വകയിരുത്താൻ എനിക്ക് സന്തോഷമുണ്ട്.

## ദാരിദ്ര്യ നിർമ്മാർജ്ജനം

101. ദാരിദ്ര്യത്തെ സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിരിക്കുകയാണ്. സംഭരിച്ച വിവരങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് അവ ഒരു സാമൂഹ്യ പരിശോധനയ്ക്കു വിധേയമാക്കാൻവേണ്ടി അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതും ഇപ്രകാരം അംഗീകരിക്കപ്പെട്ട വിവരങ്ങൾ ഉപയോഗിച്ച് എല്ലാ ജനവിഭാഗങ്ങളുടേയും അഭിപ്രായ സമന്വയത്തോടെ വിവിധതലത്തിലുള്ള ദാരിദ്ര്യാവസ്ഥയുടെ ഒരു സൂചിക തയ്യാറാക്കുന്നതാണ്. ഇത് രാജ്യത്താദ്യമായി നമ്മുടെ സംസ്ഥാനം മുൻകൈയെടുത്ത് രൂപപ്പെടുത്തുന്ന ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി നടപ്പിലാക്കുവാനുള്ള ശക്തമായ ഒരു ഉപകരണമായിരിക്കും. ഇതിലേക്കായി 3.10 കോടി രൂപ വകയിരുത്തുന്നു.

102. നയപരിപാടികളുടെ വിവിധതലങ്ങളിലെ പ്രവർത്തനവും ദരിദ്ര വിഭാഗങ്ങൾക്കുള്ള ഫണ്ടു വിതരണവും സുതാര്യമായ നിരീക്ഷണത്തിന് വിധേയമാക്കേണ്ടതുണ്ട് ഇതിനായി സർക്കാരും സമൂഹവും തെരഞ്ഞെടുക്കപ്പെട്ട സ്വതന്ത്ര സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കുന്ന തികച്ചും സുതാര്യമായ ഒരു നിരീക്ഷണ സമ്പ്രദായത്തിന് രൂപം നൽകുന്നതാണ്. ഈ നൂതന പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തുന്നു.

## മംഗല്യ ഇൻഷ്വറൻസ് പദ്ധതി

103 സംസ്ഥാനത്തെ 2 ശതമാനം വരുന്ന അവശ കുടുംബങ്ങൾക്കായി 'മംഗല്യ' പദ്ധതി പ്രഖ്യാപിക്കുവാൻ എനിക്ക് അഭിമാനമുണ്ട്. ഇന്ത്യയിലെ ഇത്തരത്തിലുള്ള ആദ്യത്തെ പദ്ധതിയാണിത്. ദരിദ്രരിൽ ദരിദ്രരായവർക്ക് സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിൽ സർക്കാരിന്റെ പങ്ക് വിളിച്ചോതുന്ന ചരിത്രപ്രധാനമായ ഒരു കാൽവയ്പ്പായിരിക്കും ഇത്. കൃത്യമായി രൂപം നൽകിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹമായ കുടുംബങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതാണ്. നിർദ്ദിഷ്ട ഇൻഷ്വറൻസ് പദ്ധതി പ്രകാരം എല്ലാ അവശ കുടുബത്തിലെയും 14 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പെൺകുട്ടികൾക്കും വേണ്ടി സംസ്ഥാന സർക്കാർ പ്രതിമാസം ഇൻഷ്വറൻസ് പ്രീമിയം പരമാവധി 8 വർഷത്തേക്ക് അടയ്ക്കുന്നതാണ്. ഈ പദ്ധതി പ്രകാരം സമാഹരിക്കുന്ന തുക വിവാഹ സമയത്ത് ഓരോ പെൺകുട്ടിയ്ക്കും ചുരുങ്ങിയത് 10,000 രൂപ എന്ന നിരക്കിൽ നൽകുന്നതാണ് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇതിനുള്ള നിർദ്ദേശങ്ങൾ 2004 ഏപ്രിൽ മാസത്തിൽ ക്ഷണിക്കുന്നതാണ്. നൂതനമായ ഈ പദ്ധതിയുടെ പ്രതിവർഷ ആവർത്തന ചെലവ് 12 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസം

104. സാക്ഷരതയിലും സ്കൂൾ പ്രവേശന നിരക്കിലും ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിരിക്കെ വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുകയെന്നതാണ് ഇനി നമ്മുടെ മുഖ്യലക്ഷ്യം. പൊതുവിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം മുൻവർഷത്തെ 55.19 കോടിയിൽ നിന്നും 71.56 കോടിയായി ഉയർത്തിയിട്ടുണ്ട്. ഈ വർഷം മുതൽ സർക്കാർ സ്കൂളുകളിൽ നടപ്പാക്കിവരുന്ന വിവര സാങ്കേതിക വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന സൗകര്യവും സോഫ്റ്റ്വെയറും വികസിപ്പിക്കുന്നതിനായുള്ള ബൃഹത് പദ്ധതിയ്ക്കായി 13.20 കോടി രൂപ നീക്കി വയ്ക്കുന്നതിന് എനിക്കു സന്തോഷമുണ്ട്. ഹൈസ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 1.75 കോടി രൂപയും ഹയർ സെക്കന്ററി സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 5 കോടി രൂപയും ഞാൻ വകയിരുത്തുന്നു.

105. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമേഖലയിൽ കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള വിഷയങ്ങൾ ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു. ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികൾക്കായി 7 സ്പെഷ്യൽ സ്കൂളുകൾ ഇപ്പോൾ നിലവിലുണ്ട്. ഇത്തരം സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

106. രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തമില്ലെങ്കിൽ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തുകയില്ല. സ്കൂളുകളിൽ നിന്നും പ്രതീക്ഷിക്കുന്ന സേവനങ്ങൾ ലഭിക്കുന്നുവെന്നുറപ്പു വരുത്താനായി ഒരു നൂതന നിരീക്ഷണ സംവിധാനം സർക്കാർ ഏർപ്പെടുത്തും. അത്തരം ഒരു സംവിധാനം സർക്കാർ സ്കൂളുകൾക്കും എയ്ഡഡ് സ്കൂളുകൾക്കും വേണ്ടി രൂപകൽപന ചെയ്ത് പ്രാവർത്തികമാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

## ഉന്നത വിദ്യാഭ്യാസം

107. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗം ഉദാരവൽക്കരിച്ചതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇതര സംസ്ഥാനങ്ങൾക്കൊപ്പം ഗണ്യമായ ഒരു സ്ഥാനം നേടാൻ നമുക്കു കഴിഞ്ഞു. നമ്മുടെ സർവ്വകലാശാലകൾ മെച്ചപ്പെടുത്തുന്നതിനായി കേരള, മഹാത്മഗാന്ധി, ശ്രീശങ്കരാചാര്യ, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകൾക്ക് മൊത്തം 23 കോടിരൂപ വകയിരുത്തുന്നു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് 4 കോടി രൂപയും തനതായ പ്രത്യേകത കണക്കിലെടുത്ത് കേരള കാർഷിക സർവ്വകലാശാലയ്ക്ക് 23.5 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്.

108. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടിയ്ക്കുവേണ്ടി യാണ് ഈ വർഷം ഗണ്യമായ വിഹിതം അനുവദിച്ചിരിക്കുന്നത്. ഇതിലേക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

109. മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂൾ ഓഫ് മെഡിക്കൽ എജ്യുക്കേഷന്റെ തലപ്പാടി സെന്ററിൽ ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് ഒരു കോടി രൂപയുടെ പ്രത്യേക സഹായം പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾക്ക് പുറമേ ഏഴുകോണിലെ ടെക്നിക്കൽ ഹൈസ്കൂൾ ഒരു പോളിടെക്നിക്കായി ഉയർത്തുന്നതിന് 10 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു.

## ആരോഗ്യം

110. മാനവ വിഭവ ശേഷി വികസനത്തിൽ കേരളത്തിന്റെ വിജയത്തിനുനിദാനമായ മുഖ്യ ഘടകം ആരോഗ്യം തന്നെയാണ്. അടുത്തിടെയായി നമ്മുടെ ആരോഗ്യ പരിപാലന സംവിധാനം കഴിഞ്ഞ കാലഘട്ടങ്ങൾക്ക് പോലും ഭീഷണിയാവുന്ന തരത്തിൽ കടുത്ത സമ്മർദ്ദം നേരിടുന്നു. അതുകൊണ്ട് ആരോഗ്യ പരിപാലന സംവിധാനം മെച്ചപ്പെടുത്തുന്നതിനും അതിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും സർക്കാർ അതീവ പ്രാധാന്യം കൽപിക്കുന്നു. പ്രാഥമികവും ദ്വിതീയവുമായ തലങ്ങളിൽ പ്രാദേശിക സർക്കാരുകൾ ശ്രദ്ധ പതിപ്പിക്കുമ്പോൾ ത്രിതീയ മേഖലയിൽ സർക്കാർ തന്നെ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കും.

111. മൂന്നു വൈദ്യസമ്പ്രദായങ്ങളിലുമുൾപ്പെട്ട പ്രാഥമികദ്വിതീയ ആരോഗ്യ സംരക്ഷണ മേഖലയിൽ അവശ്യനിലവാരത്തിലുള്ള സൗകര്യങ്ങളും സേവനവും പ്രാദേശിക

സർക്കാരുകളുടെ പങ്കാളിത്തത്തോടെ ലഭ്യമാക്കുന്നതിന് ഊന്നൽ നൽകുന്നതാണ്. അലോപ്പതിക്കുവേണ്ടി രണ്ടു പദ്ധതികളിലായി 27.50 കോടി രൂപയും ആയുർവേദത്തിന് രണ്ടു പദ്ധതികളിലായി 1.71 കോടി രൂപയും ഹോമിയോപ്പതിക്ക് ഈ ആവശ്യത്തിലേക്ക് രണ്ടു പദ്ധതികളിലായി 1.34 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

112. മരുന്നുകളുടെ സംഭരണവും വിതരണവും യുക്തിസഹമാക്കുക, സർക്കാർ ആശുപത്രികളിൽ ലഭ്യമായ ചികിൽസയും റഫറൽ സംവിധാനവും മെച്ചപ്പെടുത്തുക. ആരോഗ്യ സേവനരംഗത്ത് അയൽകൂട്ടങ്ങളുടെ പങ്കാളിത്തം ഏർപ്പെടുത്തുക. ആരോഗ്യ സേവന പ്രദാന രംഗത്ത് സാമൂഹ്യാധിഷ്ഠിത നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ ചില അടിസ്ഥാനപരമായ പരിഷ്ക്കാരങ്ങൾ അലോപ്പതിയിൽ ഏർപ്പെടുത്തി വരികയാണ്. ഈ നാലു നൂതന പദ്ധതികൾക്കായി 1.45 കോടി രൂപ വകയിരുത്തുന്നു.

113. ലാബറട്ടറി സംവിധാനം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക മുൻഗണന നൽകുന്നതിന്റെ ഭാഗമായി തിരുവനന്തപുരം പബ്ലിക് ലാബറട്ടറിയെ നാഷണൽ അക്രഡിറ്റേഷൻ ബോർഡിന്റെ അംഗീകാരം ലഭിക്കുമാറ് വികസിപ്പിക്കുന്നതാണ്. മെഡിക്കൽ ലാബറട്ടറികളുടെ വികസനത്തിനായി 2.55 കോടി രൂപ നീക്കി വയ്ക്കുന്നു. മുതിർന്നവർക്കും കുട്ടികൾക്കും ഏറ്റവും പുതിയ ഹൃദ്രോഗ ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നതിനും വിവിധ ജില്ലകളിലെ ഇത്തരം ചികിൽസാ യൂണിറ്റുകൾ വികസിപ്പിക്കുന്നതിനുമുതകുന്ന ഒരു സ്വയം ഭരണ സംവിധാനമായി കേരള ഹാർട്ട് ഫൗണ്ടേഷൻ വികസിപ്പിക്കുമെന്ന് പ്രഖ്യാപിക്കുവാൻ എനിക്കു സന്തോഷമുണ്ട്. ഈ ആവശ്യത്തിനായി വേണ്ടത്ര ഭൂമി സർക്കാർ അനുവദിച്ചു കഴിഞ്ഞു. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തുന്നു. തൃതീയ തല ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ കോളേജുകൾ ശക്തിപ്പെടുത്തുന്നതാണ്. അലോപ്പതി മെഡിക്കൽ കോളേജുകൾക്ക് 30.85 കോടി രൂപയും ആയുർവേദ മെഡിക്കൽ കോളേജുകൾക്ക് 7.75 കോടി രൂപയും ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾക്ക് 2.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ദേശീയ നയത്തിനും സംസ്ഥാനത്തിന്റെ മുൻഗണനാക്രമത്തിനും അനുസൃതമായി ആശുപത്രി മാലിന്യ നിർമ്മാർജ്ജനത്തിന് ഈ വർഷം മുന്തിയ പരിഗണന ലഭിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു.

## ശുദ്ധജലവിതരണവും ശുചീകരണവും

114. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതും ശുചീകരണ നടപടികൾ മെച്ചപ്പെടുത്തുന്നതും ആരോഗ്യപരിപാലന സംവിധാനത്തിന്റെ അധികഭാരം ലഘൂകരിക്കുന്നതിന് അനിവാര്യമാണ്. ശുദ്ധ ജലവിതരണത്തിനുള്ള വിഹിതം 166.8 കോടിയിൽ നിന്നും 325.7 കോടിയായി ഉയർത്തി വൻതോതിലുള്ള ഒരു വർദ്ധനവ് ഈ മേഖലയിൽ വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എക്കാലത്തെയും ബൃഹത്തായ ശുദ്ധജല വിതരണ പദ്ധതി ജപ്പാൻ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ 'പങ്കാളിത്ത ശുദ്ധജല വിതരണ ശുചീകരണപദ്ധതി' എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചുകൊണ്ടിരിക്കയാണ്. ഇതിനായി 90 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതനവും ഏറെ പ്രശംസ പിടിച്ചു പറ്റിയതുമായ ഈ പദ്ധതി ഗ്രാമ പഞ്ചായത്തുകളിലൂടെ നടപ്പാക്കും.

115. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള സമ്പൂർണ്ണ ശുചിത്വ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കികൊണ്ടിരിക്കുന്ന രാജ്യത്തെ ആദ്യത്തെ സംസ്ഥാനം കേരളമാണെന്ന വിവരം അറിയിക്കുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്.

ഇതിലേക്കാവശ്യമായ തുകയുടെ മൂന്നിൽ രണ്ടിലധികവും സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും സംയുക്തമായാണ് ചെലവിടുന്നത്. ഈ പദ്ധതി ബ്ലോക്ക് അടിസ്ഥാനത്തിൽ നടപ്പാക്കി കഴിവതും ഈ വർഷം തന്നെ സംസ്ഥാനത്തെ മുഴുവൻ സർക്കാർ സ്കൂളുകളിലും ശുദ്ധജലവും ശുചീകരണ സൗകര്യങ്ങളും ലഭ്യമാക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

## സഹകരണം

116. ചുരുങ്ങിയ കാലത്തിനുള്ളിൽ സഹകരണ മേഖലയിൽ ശക്തമായ ജനാധിപത്യ അടിത്തറ സൃഷ്ടിക്കുന്നതിനും സുദൃഢമാക്കുന്നതിനും ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സഹകരണമേഖലയ്ക്കുവേണ്ടി 15 കോടി രൂപ ഞാൻ വകയിരുത്തിയിട്ടുണ്ട്. ഇതിൽ കേരള സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കിന് 5 കോടി രൂപയും സഹകരണ സൊസൈറ്റികളുടെ പുനരുദ്ധാരണത്തിനായി 3.25 കോടി രൂപയും വികസനത്തിനും വൈവിദ്ധ്യവൽക്കരണത്തിനും വേണ്ടി 3.25 കോടി രൂപയും നീക്കി വയ്ക്കുന്നു. നമ്മുടെ രാജ്യത്ത് സഹകരണ മേഖലയിൽ 25,000 രൂപയ്ക്ക് താഴെയുള്ള വായ്പകൾക്ക് ഏറ്റവും കുറഞ്ഞ പലിശ നിരക്ക് കേരളത്തിൽ നിലവിലുള്ള 8.5 ശതമാനം ആണ്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന അംഗങ്ങൾക്ക് ഒരു ഗ്രീൻ കാർഡ് സംവിധാനം നടപ്പിലാക്കുന്നതാണ്. സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി, (COINS) 70 വയസ്സു കഴിഞ്ഞ അംഗങ്ങൾക്കായി ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതാണ്. സഹകരണ മേഖലയിലെ സ്വയം സഹായ സംഘങ്ങളിലൂടെയുള്ള മൈക്രോഫിനാൻസ് സംരംഭങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്.

117 സഹകരണ വ്യാവസായിക മേഖലയിൽ മികച്ച പുരോഗതി നേടിയ കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് (AGREENCO) ഈ പുരോഗതി നിലനിർത്തുന്നതിലേയ്ക്കായി ഓഹരി മൂലധനമായി നൽകുവാൻ 5 കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

118. CAPEന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനം ത്വരിതപ്പെടുത്താൻ 10 കോടി രൂപ നീക്കിവയ്ക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

## ശാസ്ത്രവും സാങ്കേതികവിദ്യയും

119. കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾക്ക് എന്റെ ബജറ്റ് സവിശേഷ പ്രാധാന്യം നൽകുന്നു. കൗൺസിലിനു കീഴിലുള്ള ആറു സ്ഥാപനങ്ങൾക്കുമായി 27.10 കോടി രൂപ ഞാൻ വകയിരുത്തുന്നു ഈ തുക പ്രോജക്റ്റുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് കൗൺസിൽ വിതരണം ചെയ്യുന്നതാണ്. ഇതിനു പുറമെ സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുവാനുള്ള പദ്ധതികളുടെ ഒരു പാക്കേജിനായി സ്റ്റേറ്റ് കൗൺസിലിന് 7.07 കോടി രൂപ ഞാൻ വകയിരുത്തുന്നു.

120. സംസ്ഥാനത്തിനു സാമ്പത്തികമായും മികവുള്ള ജൈവ സാങ്കേതിക വിദ്യാമേഖലയുടെ വികസനത്തിന് സർക്കാർ ഏറ്റവും ഉയർന്ന മുൻഗണന നൽകുന്നതാണ്. ഒരു ജൈവ സാങ്കേതിക നയം പ്രഖ്യാപിക്കുകയും കേരള ബയോടെക്നോളജി ബോർഡും ബയോടെക്നോളജി കമ്മീഷനും രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ജൈവ സാങ്കേതിക വിദ്യയുടെ വികസനത്തിനായി വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കുന്ന 100 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്ന വിവരം പ്രഖ്യാപിക്കുവാൻ

എനിക്കു അതിയായ സന്തോഷമുണ്ട്. ഇതിന്റെ സർക്കാർ വിഹിതമായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## സിവിൽ സപ്ലൈസ്

121. പൊതുവിതരണ സമ്പ്രദായത്തിലെ പ്രശ്നങ്ങളെക്കുറിച്ചും അതിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ പങ്കിനെക്കുറിച്ചും ഒരു പഠനം നടത്തുന്നതാണ്.

122 കഴിഞ്ഞ കുറേ വർഷങ്ങളായി കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് വർഷം തോറും 50 കോടി രൂപ വിപണിയിൽ ഇടപെടുന്നതിനായി നൽകി വന്നിരുന്നു. ഈ വർഷം 10 കോടി രൂപ കൂടി ഇതിനായി നൽകുന്നതാണ്.

123. ഉപഭോക്താക്കളിൽ ഗുണമേൻമയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വിശദമായ ഒരു രൂപരേഖ തയ്യാറാക്കുന്നതാണ്. ഇതിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## റവന്യൂ

124. ഈ വർഷം റവന്യൂ വകുപ്പ് 52 വില്ലേജ് ഓഫീസുകൾക്ക് കൂടി കെട്ടിടം പണിയുന്നതാണ്. ഇതോടെ കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ച് തുടങ്ങും. 1.01.1977ന് മുമ്പ് വനഭൂമി കൈവശം വച്ചിരുന്നവരിൽ ഇനിയും പട്ടയം നൽകാൻ കഴിയാത്ത കേസുകളിൽ അവശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടിയെടുക്കും. പ്രകൃതിക്ഷോഭം, മറ്റ് ദുരന്തങ്ങൾ എന്നിവയെ പറ്റിയുള്ള വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ട അധികൃതർക്ക് നൽകുന്നതിനായി താലൂക്ക് ഓഫീസുകളിൽ നിലവിലുള്ള വാർത്താവിനിമയ സംവിധാനങ്ങൾ മെച്ചപ്പെടുത്തും. റവന്യൂ വകുപ്പിനായി 243.58 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

125. ഈ വർഷം മൂന്നാറിലും നിലമ്പൂരിലും സ്ഥാപിക്കുന്ന മിനി സിവിൽ സ്റ്റേഷനുകളുടെ പ്രാരംഭ ചെലവുകൾക്കായി ഓരോ കോടി രൂപ വീതം ഞാൻ വകയിരുത്തുന്നു.

## ഭവന നിർമ്മാണം

126. ഈ വർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡ് 60 കോടി രൂപ ചെലവിൽ 12 ജില്ലകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതാണ്. ഇതിൽ 75 ശതമാനം തുക കേന്ദ്രഗവൺമെന്റിന്റെ സബ്സിഡിയായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്വാശ്രയ വാണിജ്യസംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ സംസ്ഥാന ഭവന നിർമ്മാണബോർഡ് ആരായുന്നതാണ്. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി 38,000 വീടുകൾ നിർമ്മിക്കാനുദ്ദേശിച്ച് 'സുരക്ഷാ ഹൗസിംഗ് സ്കീം' എന്ന പദ്ധതിയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള 'കാരുണ്യ ഹൗസിങ്ങ് സ്കീം' എന്ന പദ്ധതിയും ഈ വർഷം ആരംഭിക്കുന്നതാണ്.

## തൊഴിലും തൊഴിൽ പരിശീലനവും

127. രാസപദാർത്ഥങ്ങളുമായി ബന്ധപ്പെട്ട അത്യാഹിതങ്ങൾ നേരിടുന്നതിനായി എറണാകുളത്ത് ഒരു 'കെമിക്കൽ എമർജൻസി റസ്പോൺസ് സെന്റർ'

സ്ഥാപിക്കുന്നതാണ്. ഇതിലേക്കായി എന്റെ ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു. അപകടസാദ്ധ്യതയുള്ള വ്യവസായശാലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കായി സുസജ്ജമായ ആരോഗ്യ കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

128. കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ 17 എംപ്ലോയ്മെന്റ് എക്സേഞ്ചുകളിൽ ഈ വർഷം കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതാണ്. ഇതിലേക്കായി ഞാൻ 125 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

129. തൊഴിൽപരിശീലന രംഗത്ത് പരിശീലന സ്ഥാപനങ്ങളെ ആധുനിക നിലവാരത്തിൽ ഉയർത്തുന്നതിനാണ് ഈ വർഷം ഊന്നൽ നൽകുക. കാസർഗോഡ് ജില്ലയിലെ കയ്യൂരിലെ ഐ.ടി.ഐ ആധുനിക സജ്ജീകരണങ്ങളോട് കൂടി കാലിക പ്രാധാന്യമുള്ള കോഴ്സുകൾ ഉൾപ്പെടുത്തി മാതൃകാ ഐ.ടി.ഐ ആയി മാറ്റുന്നതാണ്. ദേശീയ അന്തർദേശീയതലത്തിൽ ഉരുത്തിരിഞ്ഞുവരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്ത്കൊണ്ട് തൊഴിലധിഷ്ഠിത പരിശീലന സംവിധാനം ഉടച്ചുവാർക്കുന്നതാണ്.

130. നിക്ഷേപകരിൽ കേരളത്തിലെ തൊഴിൽ അന്തരീക്ഷത്തെപ്പറ്റി വിശ്വാസം വളർത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ കൈകൊള്ളുന്നതാണ്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത്കൊണ്ട് മാനേജ്മെന്റിനും തൊഴിലാളികൾക്കും വേണ്ടി ഒരു പുതിയ പെരുമാറ്റചട്ടം ആവിഷ്ക്കരിക്കുന്നതാണ്. തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുതകുന്ന ഒരു വ്യാവസായികബന്ധ സംവിധാനം കൊണ്ടുവരികയാണ് ലക്ഷ്യം. തെരഞ്ഞെടുക്കപ്പെട്ട വ്യവസായ മേഖലകളിൽ നടപ്പിലാക്കിയ തൊഴിൽ നിയമങ്ങൾ സ്വമേധയാ പാലിക്കുന്ന സംവിധാനം വ്യാപിപ്പിക്കുന്നതാണ്.

131. പ്രതിസന്ധി നേരിടുന്ന വ്യാവസായിക സ്ഥാപനങ്ങളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്ക് ആശ്വാസം പകരുന്നതിനുവേണ്ടി ഈ വർഷം ഒരു പുനരധിവാസ നിധി രൂപീകരിക്കുന്നതാണ്. തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും അജീവനാന്ത സഹായം നൽകുന്നതിനോടൊപ്പം ഓണം പോലുള്ള ഉൽസവകാലങ്ങളിൽ ആശ്വാസധനസഹായം നൽകുന്നതിനും ഈ നിധി ഉപയോഗിക്കുന്നതാണ്. കൂടാതെ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പരിതസ്ഥിതിയിൽ പിൻതള്ളപ്പെട്ട് പോകുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും അടിസ്ഥാന സാമൂഹ്യപരിരക്ഷ നൽകുന്നതിനും ഈ നിധി വിനിയോഗിക്കുന്നതാണ്. ഇതിലേക്കായി 2 കോടി രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

132. തോട്ടം മേഖലയിലെ തൊഴിലാളികളെ സഹായിക്കുന്നതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് സർക്കാർ വഹിക്കുന്നതാണെന്ന് ഞാനിവിടെ സന്തോഷം പ്രഖ്യാപിക്കുന്നു. ഓരോ കുട്ടിക്കും രണ്ടു സെറ്റ് യൂണിഫോം നൽകുന്നതാണ്. പ്രൊഫഷണൽ കോളേജുകളിൽ ചേർന്നിട്ടുള്ള കുട്ടികളുടെ ഫീസിനത്തിലുള്ള ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. ഇതിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## സർക്കാർ ജീവനക്കാർക്കുള്ള പരിശീലനം

133. സംസ്ഥാനത്തിന് ഒരു പരിശീലന നയം ആവിഷ്ക്കരിച്ച് പ്രഖ്യാപിക്കുന്നതിനുള്ള സുധീരമായ ഒരു ചുവട് വയ്പ് ഈ സർക്കാർ നടത്തിയിട്ടുണ്ട്. ഈ വർഷം, സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ 0.5 ശതമാനം പരിശീലന

പരിപാടികൾക്കായി വകയിരുത്തണമെന്ന് ഈ നയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി 30 കോടി രൂപ അതായത് വാർഷിക പദ്ധതിയുടെ 0.64 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്.

## പാർലമെന്ററി കാര്യം

134. പാർലമെന്ററി ഗേറ്റ് വേ പദ്ധതിയിൽ നടപ്പാക്കിവരുന്ന 11 പരിപാടികൾ ഈ വർഷവും തുടരുന്നതാണ്. പാർലമെന്ററി ജനാധിപത്യ സമ്പ്രദായം ഫലപ്രദമാക്കുന്നതിന് പാർലമെന്ററി കാര്യവകുപ്പിനുള്ള പങ്ക് കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഈ വകുപ്പിനെ ശക്തിപ്പെടുത്തുന്നതാണ്. ഇതിലേക്കായി എന്റെ ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു.

135. സഭയ്ക്ക് നൽകിയ ഉറപ്പുകളിൽ തുടർനടപടി നിരീക്ഷിക്കുന്നതിന് ആവശ്യമായ ഐ.റ്റി സഹായത്തോടെ ഒരു "അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക്" രൂപീകരിക്കുന്നതാണ്. ഇതിന് 20 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

136. സംസ്ഥാന തലത്തിലും പ്രാദേശിക തലത്തിലും ഉള്ള പാർലമെന്ററി സ്ഥാപനങ്ങൾ ഒരു നെറ്റ് വർക്കിംഗ് സംവിധാനത്തിലൂടെ ബന്ധിപ്പിക്കുന്നതിലേക്കായി ഒരു പദ്ധതി ആരംഭിക്കുന്നതാണ്. ഇതിലേക്കായി എന്റെ ബഡ്ജറ്റിൽ 35 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

137. നിയമസഭാ സാമാജികരേയും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന്റെ വളർച്ചയ്ക്ക് ഗണ്യമായ സംഭാവന നൽകിയവരെയും ആദരിക്കുന്നതിലേയ്ക്കായി 50 ലക്ഷം രൂപ ചെലവിൽ ഒരു പോർട്രേറ്റ് ഗ്യാലറി സ്ഥാപിക്കുന്നതാണ്.

138. സർക്കാരിന്റെ നയങ്ങളെയും പരിപാടികളെയുംകുറിച്ചുള്ള ഒരു ഫല സിദ്ധി പഠനം നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഈ പദ്ധതിക്കായി 25 ലക്ഷം രൂപ ഞാൻ മാറ്റിവയ്ക്കുന്നു.

## നോർക്ക

139. സംസ്ഥാനത്തിന് വരുമാനം നേടിത്തരുന്നതിനോടൊപ്പം അന്താരാഷ്ട്ര തലത്തിൽ പ്രശസ്തിയും നേടിത്തരുന്ന കഠിനപ്രയത്നവും അർപ്പണ ബോധവുമുള്ള വിദേശമലയാളികളെക്കുറിച്ച് നമുക്കഭിമാനമുണ്ട്. തൊഴിൽ സാദ്ധ്യതാപഠനം, തൊഴിൽ തേടുന്നവർക്കായുള്ള ഒരു പരിശീലന കേന്ദ്രം, നിയമസഹായം ലഭ്യമാക്കുന്നതിനുള്ള ഒരു സെൽ എന്നിവ ഉൾപ്പെടുന്നതാണ് ഈ വർഷം ഈ മേഖലയിൽ ഉദ്ദേശിച്ചിരിക്കുന്ന പുതിയ ഉദ്യമങ്ങൾ. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി എന്റെ ബഡ്ജറ്റിൽ 3 കോടി രൂപ നീക്കി വച്ചിരിക്കുന്നു.

## കലയും സംസ്ക്കാരവും

140. കഴിഞ്ഞകുറെ വർഷങ്ങളായി സംഗീത കോളേജുകളുടെ വികസനാവശ്യങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നമ്മുടെ ബഡ്ജറ്റിൽ ലഭിച്ചിരുന്നില്ല. ഈ വർഷം മൂന്നു സംഗീത കോളേജുകൾക്കും പ്രത്യേക പരിഗണന നൽകുവാൻ ഞാൻ ഉദ്ദേശിക്കുന്നു. ഈ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുന്നതാണ്. സംഗീതകോളേജുകളുടെ വികസനത്തിനായി 75 ലക്ഷം രൂപ വകയിരുത്തുന്നു. ഇവ ഉന്നത നിലവാരമുള്ള പ്രമുഖ സ്ഥാപനങ്ങളാക്കിയുയർത്തുന്നതിന് ആവശ്യമെങ്കിൽ ഇനിയും കൂടുതൽ തുക അനുവദിക്കുന്നതാണ്.

141. കലാ സാംസ്കാരിക മേഖലയുടെ ഉദാരമതിയായ രക്ഷാധികാരി എന്ന പ്രത്യേക പദവി കേരള സർക്കാരിന് എന്നും ലഭിച്ചിട്ടുണ്ടല്ലോ. കലാ സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനും മഹനീയ പാരമ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ള ഏറ്റവും അധികം സ്വയംഭരണ സ്ഥാപനങ്ങൾ ഉള്ള സംസ്ഥാനമാണ് കേരളം. 15.75 കോടിരൂപ ഈ മേഖലക്കുവേണ്ടി ഞാൻ നീക്കിവയ്ക്കുന്നു.

142. ബജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്കു പുറമേ, പുതിയ പദ്ധതികളുടെ ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. കേരള സാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻ സ്മാരക സമകാലിക ലൈബ്രറി എന്നിവയുടെ വികസനത്തിനുവേണ്ടി ഒരു കോടി രൂപ ഞാൻ വകയിരുത്തുന്നു.

143. കേരള കലാമണ്ഡലത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടി 1 കോടി രൂപ വകയിരുത്തുന്നു.

144. അവശ കലാകാരൻമാരെ സഹായിക്കുന്നതിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതാണ്. ഇതിലേക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

145. കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ വാർഷിക ഗ്രാന്റ് തുക 2004-05 മുതൽ 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

146. ചെമ്പഴന്തിയിലെ ശ്രീനാരായണ അന്താരാഷ്ട്ര സ്റ്റഡി സെന്ററിന്റെ ചെലവിലേക്കായി 50 ലക്ഷം രൂപ ഞാൻ നീക്കി വയ്ക്കുന്നു.

147. തിരുവനന്തപുരത്ത് വട്ടിയൂർക്കാവിൽ ഒരു സ്വാതന്ത്ര്യ സമര ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതാണ്. 25 ലക്ഷം രൂപ ഇതിനു വേണ്ടി അനുവദിക്കുന്നു.

148. വൈക്കം സത്യാഗ്രഹ സംസ്കാരിക ഗവേഷണ കേന്ദ്രത്തിന് ബിൽഡിംഗ് ഗ്രാന്റായി 25 ലക്ഷം രൂപ അനുവദിക്കുന്നു.

## ദേവസ്വം

149. മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ടിലേക്ക് സർക്കാർ ഒരു കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കുന്നുണ്ട്. 2004-05മുതൽ ഇത് മൂന്ന് കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

## മ്യൂസിയങ്ങളും മൃഗശാലകളും

150. മൃഗശാലകളുടെ നവീകരണപരിപാടി 50 ശതമാനം കേന്ദ്രസഹായത്തോടെ ഈ വർഷം പൂർത്തീകരിക്കുന്നതാണ്. ഇതിലേക്കുള്ള സംസ്ഥാനവിഹിതമായി 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രമൃഗശാല അതോറിറ്റിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തൃശ്ശൂർ മൃഗശാല പുത്തൂരിലെ 124 ഹെക്ടർ വിസ്തൃതിയുള്ള പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള മാസ്റ്റർപ്ലാൻ ഈ വർഷം തയ്യാറാക്കി നടപ്പാക്കുന്നതാണ്.

## പുരാരേഖ

151. നമ്മുടെ കേന്ദ്ര പുരാരേഖാ ശേഖരത്തിൽ സൂക്ഷിച്ചിരിക്കുന്ന താളിയോല ഗ്രന്ഥങ്ങൾ സംരക്ഷിക്കുന്നതിനും മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനും ഡിജിറ്റൽ രൂപത്തിലാക്കി വിതരണം ചെയ്യുന്നതിനും വേണ്ടി ഒരു പദ്ധതി പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്നതാണ്. ഇതിനുവേണ്ടി 1 കോടി രൂപ വകയിരുത്തുന്നു.

## പുരാവസ്തു

152. മഹാനായ രാജ്യസ്നേഹി കേരളവർമ്മ പഴശ്ശിരാജയുടെ ബഹുമാനാർത്ഥം ഒരു മ്യൂസിയവും അദ്ദേഹത്തിന്റെ ബലികുടീരത്തിന് സമീപം വയനാട്ടിൽ ഒരു സ്മൃതിമണ്ഡപവും നിർമ്മിക്കുന്നതാണ്. തിരുവനന്തപുരത്തെ ശ്രീപാദം കൊട്ടാരം സംസ്ഥാന ചരിത്രത്തിന്റെ അവിഭാജ്യ ഭാഗമാണ്. ഈ കൊട്ടാരം ഏറ്റെടുക്കുന്നതിനും അവിടെ ഒരു നാണയ മ്യൂസിയം സ്ഥാപിക്കുന്നതിനും വേണ്ടി 1.25 കോടി രൂപ വകയിരുത്തുന്നു.

## അച്ചടി

153. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ സർക്കാർ പ്രസ്സുകൾ മികച്ച സഹായമാണ് നൽകുന്നത്. സാങ്കേതികവിദ്യയിലെ മാറ്റങ്ങൾക്കനുസൃതമായി പിടിച്ചുനിൽക്കാൻ പ്രസ്സുകളെ പ്രാപ്തമാക്കാനുതകുന്ന തരത്തിലുള്ള സഹായം അവയ്ക്കാവശ്യമാണ്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ, തിരുവനന്തപുരത്തെ സെൻട്രൽ പ്രസ്സും ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സും പൂർണ്ണമായും നവീകരിക്കേണ്ടതുണ്ട്. ഈ ആവശ്യത്തിനായി 3.25 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## സ്പോർട്ട്സും യുവജന കാര്യവും

154. എല്ലാ ജില്ലകളിലും അയോധനകലാ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്. 50 ലക്ഷം രൂപ ചെലവിൽ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം പുതുക്കിപ്പണിയുന്നതാണ്. വടകരയിലും ഇടുക്കിയിലും ഒരോ വോളിബോൾ അക്കാദമി, ഇടുക്കിയിലെ സൈക്കിൾ വെലോഡ്രോം എന്നിവയാണ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ചില പുതിയ പദ്ധതികൾ. വിവിധയിനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ടീമുകളെ വിദേശ രാജ്യങ്ങളിൽ പരസ്പര വിനിമയ പദ്ധതിയിൻകീഴിൽ അയക്കാനുദ്ദേശിക്കുന്നു. സ്പോർട്ട്സ് മേഖലയ്ക്ക് 37.88 കോടിരൂപ ഞാൻ വകയിരുത്തുന്നു.

155. തൊടുപുഴയിലും പാലക്കാട്ടും പുതിയ സ്റ്റേഡിയം കോംപ്ലക്സുകൾക്കു വേണ്ടി 1 കോടി രൂപ വീതവും കാസർഗോഡും, കോഴിക്കോടും സിന്തെറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനുവേണ്ടി 1 കോടി രൂപ വീതവും അധികമായി അനുവദിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

## എക്സൈസ്

156. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുക, വാക്കി-ടോക്കി ഘടിപ്പിച്ച വാഹനങ്ങൾ ലഭ്യമാക്കുക, ഫീൽഡ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുക, ഇന്റലിജൻസ് ഇൻവെസ്റ്റിഗേഷൻ വിഭാഗങ്ങൾ രൂപീകരിക്കുക, ട്രെയിനിംഗ് കോളേജ് സ്ഥാപിക്കുക തുടങ്ങിയ നടപടികളിലൂടെ എക്സൈസ് വകുപ്പിൽ സമഗ്രമായ ഒരു നവീകരണ പദ്ധതി

നടപ്പിലാക്കുന്നതാണ്. ഈ ആവശ്യത്തിലേക്കായി, 1 കോടിരൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## വാണിജ്യനികുതി വകുപ്പ്

157. പുതിയ നികുതി ഏർപ്പെടുത്താതെ നികുതി നിയമം കർശനമായി നടപ്പാക്കുകയും നികുതിക്ക് വഴങ്ങൽ പ്രോൽസാഹിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഈ സർക്കാരിന്റെ നയമെന്ന് കഴിഞ്ഞ ബജറ്റ് പ്രസംഗങ്ങളിൽ ഞാൻ വ്യക്തമാക്കിയിരുന്നു. നികുതി വരുമാനം കൂട്ടുന്നതിനും വെട്ടിപ്പ് തടയുന്നതിനും അനുയോജ്യമായ രീതിയിൽ വാണിജ്യ നികുതി വകുപ്പിനെ പ്രവർത്തനക്ഷമമാക്കി വരികയാണ്. ഈ നയം കാര്യമായ ഫലമുളവാക്കിയിട്ടുണ്ട്. സംസ്ഥാന ധനസ്ഥിതി മെച്ചപ്പെട്ടത് പ്രധാനമായും വാണിജ്യ നികുതി വകുപ്പ് നടത്തിയ ചിട്ടയായ പ്രവർത്തനഫലമായാണ്. ശരാശരി പ്രതിമാസ നികുതി വരുമാനം 2001–02ലെ 360 കോടി രൂപ എന്നത് കഴിഞ്ഞ വർഷം 448 കോടി രൂപയായി ഉയരുകയുണ്ടായി. നടപ്പു വർഷം ഇത് 510 കോടി രൂപയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

158. നിരന്തരം വർദ്ധിച്ചു വരുന്ന ജോലി ഭാരം കൈകാര്യം ചെയ്യുന്നതിന് വകുപ്പിന്റെ മനുഷ്യ വിഭവശേഷിയും അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തേണ്ടതുണ്ട്. വ്യാപാര മേഖലയിലെ വളർച്ചയുടെ ഫലമായി വാണിജ്യ നികുതി വകുപ്പിലുണ്ടായ അധിക ജോലി ഭാരം വിലയിരുത്തുന്നതിന് രണ്ട് കമ്മറ്റികളെ നിയോഗിച്ചിരുന്നു. അവരുടെ ശുപാർശകൾ വിശദമായി പരിശോധിക്കുകയുണ്ടായി. ഈ വകുപ്പിന്റെ കഴിവുകൾ പൂർണ്ണമായുപയോഗിക്കുന്നതിനായി ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്, എറണാകുളം,കോഴിക്കോട് ജില്ലകളിലായി 34 പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചും അതിർത്തി ജില്ലകളിലും വാണിജ്യ മേഖലയിൽ വൻ വളർച്ചയുണ്ടായ മറ്റു ചില ജില്ലകളിലുമായി പുതിയ മൊബൈൽ സ്ക്വാഡുകൾ സൃഷ്ടിച്ചുകൊണ്ടും വകുപ്പിനെ ശക്തിപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. പ്രവർത്തനം കൃത്യമായി വിലയിരുത്തുന്നതിനായി കമ്മീഷണറേറ്റിൽ ഒരു പരിശോധനാ വിഭാഗം രൂപീകരിക്കുന്നതാണ്. അന്തർ സംസ്ഥാന പരിശോധന മുതലായ മേഖലകൾ ശക്തിപ്പെടുത്തിക്കൊണ്ടും ചുമതലകൾ പുന:ക്രമീകരിച്ചുകൊണ്ടും ഇന്റലിജൻസ് വിഭാഗത്തെ പുനസംഘടിപ്പിക്കുന്ന താണ്. ഇതിനായുള്ള വാർഷിക അധികച്ചെലവ് 7 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുകയും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിലൂടെ 200 കോടിരൂപ അധിക വരുമാനമായി പ്രതീക്ഷിക്കുന്നു. പുതിയ ചെക്ക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ചെക്ക് പോസ്റ്റുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ മൊബൈൽ സ്ക്വാഡുകൾക്ക് വാഹനങ്ങളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുമായി 10 കോടി രൂപ മാറ്റിവയ്ക്കുന്നു. ഇത് കൂടാതെ തിരുവനന്തപുരം കോട്ടയം തൃശ്ശൂർ എന്നിവിടങ്ങളിൽ ഓഫീസ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനു വേണ്ടി 5 കോടി രൂപ കൂടി അനുവദിക്കുന്നതാണ്.

159. നടപ്പു വർഷാവസാനത്തോടെ ഓഫീസുകളുടേയും ചെക്ക് പോസ്റ്റുകളുടേയും കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതാണ്. റിട്ടേൺ ഫയൽ ചെയ്യുക, കമ്പ്യൂട്ടറുകൾ വഴി ഫാറങ്ങൾ വരുത്തുക, ചെക്കുപോസ്റ്റുകളിലെ പരിശോധന മുതലായ വിവിധ കാര്യങ്ങൾക്ക് സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന വിധത്തിലുള്ള ഇലക്ട്രോണിക് ഐഡന്റിറ്റി കാർഡുകൾ രജിസ്റ്റർ ചെയ്ത വ്യാപാരികൾക്ക് നൽകുന്നതാണ്. വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 10 കോടി രൂപ നീക്കി വയ്ക്കുന്നതാണ്.

160. നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിന് ഒരു പ്രോൽസാഹന പദ്ധതി ആവിഷ്ക്കരിക്കുന്നതാണ്. ഇതിനായി 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നതാണ്.

## ട്രഷറി

161. ഓൺലൈൻ ഇടപാടുകൾ നടത്താനുള്ള സൗകര്യത്തോടു കൂടി സംസ്ഥാനത്തെ ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കുന്നതിന് 7 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രഷറികൾ നെറ്റ്‌വർക്ക് ചെയ്യുന്നതിലൂടെ സംസ്ഥാന ധനകാര്യ മാനേജ്മെന്റിന്റെ കാര്യക്ഷമത ഇനിയും വർദ്ധിക്കുന്നതാണ്.

## ലോട്ടറി

162. ലോട്ടറി വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നതാണ്. ലോട്ടറീസ് വകുപ്പ് ഒരു വെബ്സൈറ്റ് തുടങ്ങുന്നതാണ്. അനധികൃത ലോട്ടറികളും "ഓൺലൈൻ" ലോട്ടറികളും തടയുന്നതിനാവശ്യമായ ഒരു എൻഫോഴ്സ്മെന്റ് സ്ക്വാഡ് 2004–05ൽ പ്രവർത്തനം തുടങ്ങും. ഭാഗ്യക്കുറി നടത്തിപ്പിലെ സുതാര്യത വർദ്ധിപ്പിക്കുന്ന തിനായി നറുക്കെടുപ്പിന്റെ തൽസമയ ടെലിവിഷൻ സംപ്രേഷണം ഏർപ്പെടുത്താനുദ്ദേശിക്കുന്നു. ഭാഗ്യക്കുറി വിൽപനക്കാരുടെ ക്ഷേമനിധി യഥാർത്ഥ വിൽപനക്കാരെക്കൂടി ഉൾപ്പെടുത്തി പുനസ്സംഘടിപ്പിച്ച് ഫണ്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതാണ്.

## രജിസ്ട്രേഷൻ

163. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 308 സബ് രജിസ്ട്രാർ ഓഫീസുകളിൽ 217 ആഫീസുകൾ മാർച്ച് 2004 ഓടെ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കും. സെൻട്രൽ ഓഫീസ്, മേഖലാ ഓഫീസുകൾ, ജില്ലാ ഓഫീസുകൾ എന്നിവയ്ക്കൊപ്പം ബാക്കിയുള്ള 91 സബ്‌രജിസ്ട്രാർ ഓഫീസുകളുടെയും കമ്പ്യൂട്ടർവൽക്കരണം 2004-05ൽ പൂർത്തീകരിക്കുന്നതാണ്. ഇതോടുകൂടി രജിസ്ട്രേഷൻ വകുപ്പ് നൽകുന്ന സേവന നിലവാരം ഗണ്യമായി മെച്ചപ്പെടും. ഇതിലേക്കായി 9 കോടി രൂപ മാറ്റിവയ്ക്കുന്നു. ഭൂമിയുടെ ന്യായവില നോട്ടിഫൈ ചെയ്തു കഴിഞ്ഞു. ഇതോടൊപ്പം സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് കുറച്ചത് മൂലം നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിലൂടെ റവന്യൂ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ലോക്കൽ ഫണ്ട്

164. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ശക്തിപ്പെടുത്തുന്നതും വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം ഈ വർഷം ആരംഭിക്കുന്നതുമാണ്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

## നാഷണൽ സേവിംഗ്സ്

165. വാർഷിക പദ്ധതികൾക്ക് വിഭവസമാഹരണം നടത്തുന്നതിൽ സംസ്ഥാന ത്തൊട്ടാകെ ആയിരക്കണക്കിന് ഏജന്റുമാരിൽ കൂടി പ്രവർത്തിക്കുന്ന നാഷണൽ സേവിംഗ്സ് ഡിപ്പാർട്ട്മെന്റ് സുപ്രധാന പങ്ക് വഹിക്കുന്നു. 2003–04വർഷത്തിൽ നൂതനമായ പല സ്കീമുകൾ നടപ്പിലാക്കിയതുവഴി മൊത്തം സമാഹരണം 2200

കോടിരൂപ കവിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ വർഷം പൂർണ്ണമായ "ബ ചത്" സംസ്ഥാനമാക്കുന്നതിലേക്കായി സമഗ്രമായ പ്രചരണ പരിപാടി ആവിഷ്ക്കരിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടേയും സന്നദ്ധ സംഘടനകളുടേയും ഏജന്റുമാരുടേയും സഹകരണത്തോടുകൂടി ഈ പ്രചരണ പരിപാടി നടപ്പിലാക്കുന്നതാണ്. സ്ക്കൂൾ കുട്ടികൾക്ക് റെക്കറിങ്ങ് ഡെപ്പോസിറ്റ് തുടങ്ങുവാൻ സഹായിക്കുന്ന ഒരു പദ്ധതിയും ഈ വർഷം ആരംഭിക്കുന്നതാണ്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

166. പ്രധാനമായും കഴിഞ്ഞ രണ്ടുവർഷക്കാലത്തെ വികസന പ്രവർത്തനങ്ങളുടെ ഫലമായി ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ട്മെന്റ് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതായി കാണുന്നതിൽ ഞാൻ സന്തുഷ്ടനാണ്. ഈ വർഷം ഈ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായിരിക്കും ഊന്നൽ നൽകുന്നത്. ഇതിലേക്കായി വാർഷിക പദ്ധതിയിൽ 3 കോടി രൂപ വകയിരുത്തിയിരിക്കുന്നു. 11-ാം ധനകാര്യ കമ്മീഷൻ അവാർഡ് അനുസരിച്ച് തുടങ്ങിയ കെട്ടിടങ്ങളുടെ നിർമ്മാണം ഈ വർഷം പൂർത്തീകരിക്കുന്നതാണ്. ഈ വർഷം കൂടുതൽ അഗ്നിശമന സ്റ്റേഷനുകൾ ആരംഭിക്കുന്നതും മൂന്ന് ആധുനിക അഗ്നിശമന വാഹനം 'സ്കൈ ലിഫ്റ്റ്' വാങ്ങുന്നതുമാണ്.

## ജയിൽ

167. സംസ്ഥാനജയിലുകളുടെ നവീകരണത്തിന് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## *പോലീസ്*

168. കാര്യക്ഷമമായ ക്രമസമാധാന പാലനം വികസനത്തിന്റെ മുൻ ഉപാധിയാണ്. ഇതിനായി മാനുഷിക മുഖമുള്ള ആധുനിക പോലീസ് സേനയെ വാർത്തെടുക്കുന്നതിനാണ് ഈ സർക്കാർ ഊന്നൽ നൽകുന്നത്. കേന്ദ്രസഹായ പദ്ധതിപ്രകാരം ഈ വർഷം പോലീസ് സേനയെ നവീകരിക്കുന്നതിനായി ഞാൻ 63 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജില്ലാ സായുധ പോലീസ് ക്യാമ്പുകൾ, ജില്ലാ പോലീസ് കൺട്രോൾ റൂമുകൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഫോറൻസിക് ലാബുകൾ എന്നിവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഇത് സഹായകമാകും. പോലീസ് സേനയുടെ കമ്പ്യൂട്ടറൈസേഷൻ ഈ വർഷം പൂർത്തിയാകും. തൃശ്ശൂരിലെ പോലീസ് അക്കാഡമി ഈ വർഷം പൂർണ്ണമായി കമ്മീഷൻ ചെയ്യും. ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാവുന്നതു പോലെ നമ്മുടെ തീരപ്രദേശങ്ങൾ ക്രമസമാധാന ലംഘനത്തിന് വളരെയേറെ സാദ്ധ്യതയുള്ളവയാണ്. പെട്രോളിംഗിനായി ബോട്ടുകൾ ഏർപ്പെടുത്തുന്നതോടെ 2004 ഏപ്രിൽ മാസം മുതൽ തീരദേശ പോലീസ് വിഭാഗം നിലവിൽ വരുമെന്ന് ഈ സഭയെ അറിയിക്കാൻ എനിക്കതിയായ സന്തോഷമുണ്ട്. പോലീസ് വകുപ്പിന്റെ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വെള്ളറടയിൽ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് കൂടി രൂപീകരിക്കുന്നതാണ്.

## കോടതി

169. ഹൈക്കോടതിയുടേയും കീഴ്ക്കോടതികളുടേയും കമ്പ്യൂട്ടർവൽക്കരണം ഈ വർഷം ത്വരിതപ്പെടുത്തുന്നതാണ്. പതിനൊന്ന് പുതിയ ഫാസ്റ്റ്ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതാണ്. പുതുതായി രണ്ട് കുടുംബ കോടതികളും പത്തനംതിട്ടയിലും കൽപറ്റയിലും ഓരോ മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണലുകളും സ്ഥാപിക്കുന്നതാണ്.

170. കോടതികളുടെ സൗകര്യങ്ങൾ ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുന്ന പദ്ധതിയുടെ ഭാഗമായി ചേർത്തല, പാല, പാലക്കാട് എന്നിവിടങ്ങളിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ വീതം വകയിരുത്തുന്നതാണ്.

## പുതിയ നടപടികൾ

171. സംസ്ഥാനം ഈ വർഷം വരൾച്ചാ ബാധിതമാകാനുള്ള സാദ്ധ്യത സർക്കാർ കണക്കിലെടുക്കുകയും അത് നേരിടുന്നതിനുള്ള സംവിധാനം സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥിതി നേരിടുന്നതിനുള്ള ചെലവിനായി 50 കോടി രൂപ വകയിരുത്തുന്നു. ഇപ്പോൾ തന്നെ വരൾച്ച ബാധിച്ച പാലക്കാട് തടയണകൾ നിർമ്മിക്കുന്നതിന് 1 കോടി രൂപ ഞാൻ പ്രത്യേകമായി വകയിരുത്തുന്നു.

172. നമ്മുടെ കർഷകർക്ക് കാർഷിക കടാശ്വാസത്തിനു വേണ്ടി 25 കോടി രൂപ ഞാൻ വകയിരുത്തുന്നു.

173 ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുവാനുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധത കണക്കിലെടുത്ത്, ഔദ്യോഗിക ഭാഷ വകുപ്പിന് 25 ലക്ഷം രൂപ ഞാൻ നീക്കിവയ്ക്കുന്നു.

174. രജതജൂബിലി കൊണ്ടാടുന്ന കേരള പ്രസ്സ് അക്കാഡമിയ്ക്ക് ഈ വർഷം 20 ലക്ഷം രൂപയുടെ സ്ഥാനത്ത് ഒരു കോടി രൂപ ഗ്രാന്റായി നൽകുന്നതാണ്.

175. തിരുവനന്തപുരത്തെ കേസരി മെമ്മോറിയൽ ജേണലിസ്റ്റ് ട്രസ്റ്റിന്റെ നവീകരണ പദ്ധതിയ്ക്കായി 15 ലക്ഷം രൂപ ഞാൻ വകയിരുത്തുന്നു.

176. സംസ്ഥാനത്തെ ഹജ്ജ് തീർത്ഥാടകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 1 കോടി രൂപ ഞാൻ വകയിരുത്തുന്നു.

## *ക്ഷേമപെൻഷനുകൾ*

177. വികലാംഗർക്ക് നൽകുന്ന ധനസഹായം പ്രതിമാസം മാസം 110 രൂപയിൽ നിന്ന് 150 രൂപയായി വർദ്ധിപ്പിക്കുവാൻ ഞാനുദ്ദേശിക്കുന്നു. ഇതിന് 7.5 കോടി രൂപ പ്രതിവർഷം അധികച്ചെലവ് പ്രതീക്ഷിക്കുന്നു.

178. അലക്കുതൊഴിലാളികൾക്കും ബാർബർമാർക്കും വേണ്ടി ഒരു പുതിയ ക്ഷേമപദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. കടകളിലും മറ്റ് വ്യാപാരസ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന ഒരു വലിയ വിഭാഗം തൊഴിലാളികളെ അവരുടെ വരുമാനവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിലേക്കായി ഒരു ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരുന്നതാണ്.

179. രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത വീര യോദ്ധാക്കൾക്കു നൽകി വരുന്ന പ്രതിമാസ പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയായി ഉയർത്തുന്നതും അർഹത നിർണ്ണയിക്കുന്ന പരിധി 6000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിക്കുന്നതുമാണ്. കൂടാതെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കുടുംബ പെൻഷനായി 300 രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്. പത്ത് ലക്ഷം രൂപയുടെ അധികച്ചെലവ് പ്രതീക്ഷിക്കുന്നു.

180. 2004–2005 മുതൽ പത്രപ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി ആനുകാലിക പ്രസിദ്ധീകരണ വിഭാഗത്തിലും ദൃശ്യ മാദ്ധ്യമങ്ങളിലും ജോലി നോക്കുന്ന പത്രപ്രവർത്തകർക്കു കൂടി ബാധകമാക്കും. ഇതിലേക്കായി വർഷം തോറും 10 ലക്ഷം രൂപയുടെ അധികചെലവ് ഞാൻ പ്രതീക്ഷിക്കുന്നു.

181. 1994ൽ സ്വാതന്ത്ര്യ സമര പെൻഷൻ ഖാദിപ്രചാരകർക്കും ഹിന്ദിപ്രചാരകർക്കും കൂടി ബാധകമാക്കിയിരുന്നത് കഴിഞ്ഞ സർക്കാർ പിന്നീട് റദ്ദു ചെയ്തിരുന്നു. അവർക്ക് സ്വാതന്ത്ര്യസമര പെൻഷൻ പുനസ്ഥാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇതിന് 30 ലക്ഷം രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്നു.

182. കർഷക തൊഴിലാളി പെൻഷന്റെയും തൊഴിലില്ലായ്മ പെൻഷന്റെയും രണ്ടു ഗഡുക്കൾ 2004 ഫെബ്രുവരിയിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നു. മറ്റ് ക്ഷേമ പെൻഷനുകളുടെ ബാക്കിയുള്ള കുടിശ്ശിക പൂർണ്ണമായും 2004 മാർച്ച് അവസാനത്തിനു മുമ്പ് നൽകുന്നതാണ്.

183. ജീവനക്കാർക്കു വേണ്ടി ഒരു പുതിയ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിക്കാൻ എനിക്ക് സന്തോഷമുണ്ട്.

184. സർക്കാർ ജീവനക്കാരുമായി നല്ല ബന്ധം നില നിർത്തണമെന്ന കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ എന്നും ഊന്നൽ നൽകിയിട്ടുണ്ട്. സാമ്പത്തിക ക്ലേശങ്ങൾക്കിടയിലും ഇതിനകം തന്നെ ഈ സർക്കാർ 17 ശതമാനം ക്ഷാമബത്ത അനുവദിച്ചു കഴിഞ്ഞു. ബാക്കിയുള്ള 10 ശതമാനം ക്ഷാമബത്ത ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കുമെന്ന് പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 1.07.2002ൽ അർഹമായ 3 ശതമാനവും 1.01.2003ൽ അർഹമായ 3 ശതമാനവും 1.07.2003ൽ അർഹമായ 4 ശതമാനവും ക്ഷാമബത്ത യഥാക്രമം 2004 സെപ്റ്റംബർ, 2004 ഡിസംബർ, 2005 മാർച്ച് എന്നീ മാസങ്ങളിലെ ശമ്പളത്തോടൊപ്പം നൽകുന്നതാണ്. പെൻഷൻകാർക്കും ഇതേ രീതിയിൽ ക്ഷാമബത്ത ലഭിക്കുന്നതാണ്. ജീവനക്കാരുടെ ഈയിനത്തിലുള്ള കുടിശ്ശിക പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതും പെൻഷൻകാർക്ക് തവണകളായി നൽകുന്നതുമാണ്. ഇതിനായി 812.8 കോടിരൂപയുടെ ചെലവ് വരും.

# പാർട്ട് ബി

185. ഇനി ഞാൻ നികുതി നിർദ്ദേശങ്ങളിലേക്ക് കടക്കട്ടെ

186. നികുതി വെട്ടിപ്പ് തടയുന്നതിനായി ഇനിപ്പറയുന്ന ഇനങ്ങളെ പ്രവേശന നികുതിക്ക് വിധേയമാക്കാനുദ്ദേശിക്കുന്നു:

1. എല്ലാ ഇനത്തിലുംപെട്ട ഫോട്ടോ പ്രോസസ്സിങ്ങ് യൂണിറ്റുകളും അവയുടെ ഭാഗങ്ങളും അനുബന്ധ സാമഗ്രികളും.
2. ഒപ്റ്റിക്കൽ ഫൈബർ കേബിൾ
3. മൊബൈൽ ഫോൺ
4. മോട്ടോർ വാഹനങ്ങളുടെ പുക പരിശോധന (മലിനീകരണ പരിശോധന) ഉപകരണങ്ങൾ
5. വെള്ള സിമന്റ്
6. ഇലക്ട്രിസിറ്റിയോ മറ്റു ജലമർദ്ദ ശക്തിയോ മറ്റു യന്ത്രശക്തിയോ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ലിഫ്റ്റുകൾ, എലിവേറ്ററുകൾ, എസ്കലേറ്ററുകൾ എന്നിവ
7. നോട്ടെണ്ണൽ യന്ത്രം

8. സ്റ്റീം ബോയിലറുകൾ
9. വി-സാറ്റ്, ആൻറിന, ഡിഷ് ആൻറിന, സിഗ്നൽ ട്രാൻസ്മിഷൻ ഉപകരണങ്ങൾ
10. ടെലിക്കമ്മ്യൂണിക്കേഷൻ കേബിളുകൾ
11. ഇരുമ്പുരുക്കു നിർമ്മിതമല്ലാത്ത കതകുകളും ജനാലകളും
12. ഇരുമ്പുരുക്ക് നിർമ്മിതമായ കതകുകളും ജനാലകളും
13. ട്രാൻസ്മിഷൻ ടവറുകൾ (പൊളിച്ചെടുത്ത രൂപത്തിലേതുൾപ്പെടെ)
14. ഗ്രാഫിക് ആർട്ട് ഫിലിം.
15. എക്സ്‌റേ, സി.റ്റി. സ്കാൻ ഫിലിം

20 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

187. സ്വർണ്ണാഭരണ വ്യാപാരികളുടെ നികുതിയടവ് മെച്ചപ്പെടുത്തുന്നതിനായി സ്വർണ്ണത്തിന്റെ കോമ്പൗണ്ടിംഗ് നികുതി നിരക്ക് 130 ശതമാനമായി പരിഷ്ക്കരിക്കുന്നതാണ്. കോമ്പൗണ്ടിംഗിനുള്ള അപേക്ഷ അതാത് വർഷം മേയ് മാസാവസാനത്തിനുള്ളിൽ നൽകണമെന്നും ആയത് സ്വീകരിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ ഉള്ള ഉത്തരവ് ജൂൺ മാസാവസാനത്തിനുള്ളിൽ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നതാണ്. 12 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

188. നികുതി കുടിശ്ശിക വർദ്ധിക്കുന്നത് നികുതി സ്വരൂപിക്കുന്നതിലെ ഒരു പ്രധാന പ്രശ്നമാണ്. കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനുള്ള തീവ്രയത്ന പരിപാടി കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സ്വീകരിച്ച നികുതി പരിഷ്ക്കരണ നടപടികളുടെ പ്രധാന സവിശേഷതയായിരുന്നു. അതിന്റെ ഫലമായി കഴിഞ്ഞ രണ്ടു വർഷവും കുടിശ്ശിക പിരിവിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. കുടിശ്ശിക കുറയ്ക്കുന്നതിനും വരുമാനം കൂട്ടുന്നതിനും " One Time Settlement" സഹായകരമാണെന്ന് കേന്ദ്രസർക്കാരിന്റെയും ചില സംസ്ഥാന സർക്കാരുകളുടെയും അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. " One Time Settlement" നുള്ള ഒരു സ്കീം ഈ വർഷം ഫെബ്രുവരി മാർച്ച് മാസങ്ങളിൽ നടപ്പാക്കാൻ ഞാനുദ്ദേശിക്കുന്നു. കുടിശ്ശികയുള്ള നികുതിയോ മറ്റു തുകകളോ 28.2.04നകം അടയ്ക്കുന്ന വിൽപന നികുതിയിൻ കീഴിലോ കാർഷികാദായ നികുതി നിയമത്തിൻ കീഴിലോ ഉള്ള നികുതി ദായകർക്ക് 70 ശതമാനം പലിശയും 31.03.04നകം അടയ്ക്കുന്നവർക്ക് 60 ശതമാനം പലിശയും ഇളവ് ലഭിക്കുന്നതാണ്. ഇത് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗത്തിലുംപെട്ട നികുതിദായകർക്ക് ലഭ്യമാകുന്നതാണ് ഗവൺമെന്റ് ഫയൽ ചെയ്തിട്ടുള്ള അപ്പീലിലോ റിവിഷനിലോ ഉൾപ്പെട്ടിട്ടുള്ള കുടിശ്ശികയ്ക്ക് അപ്പീലിലെ / റിവിഷനിലെ തീരുമാനത്തിന് വിധേയമായിട്ടായിരിക്കും ഇത് ബാധകമാകുക. 50 കോടി രൂപ അധികവരുമാനം പ്രതീക്ഷിക്കുന്നു.

189. അയൽ സംസ്ഥാനങ്ങളിലെ നിരക്കുമായി തുല്യമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനുമായി തങ്കക്കട്ടിയുടെയും വെള്ളിക്കട്ടിയുടെയും നികുതി നിരക്ക് ഒരു ശതമാനമായി കുറയ്ക്കാനുദ്ദേശിക്കുന്നു. 3 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

190 ലോട്ടറി ടിക്കറ്റിൻമേൽ നികുതിക്കു പകരമുള്ള ലൈസൻസ് ഫീസിന്റെ നിരക്ക് ഇനിപ്പറയുന്ന രീതിയിൽ പരിഷ്ക്കരിക്കാനുദ്ദേശിക്കുന്നു.

1. പേപ്പർ ലോട്ടറി

| | | |
|---|---|---|
| (എ) പ്രതിവാര ലോട്ടറി | – | ഓരോ നറുക്കെടുപ്പിനും 25000/- രൂപ വീതം |
| (ബി) ദ്വിവാര ലോട്ടറി | – | ഓരോ നറുക്കെടുപ്പിനും 30000 രൂപ വീതം |
| സി) പ്രതിമാസ ലോട്ടറി | – | ഓരോ നറുക്കെടുപ്പിനും 1.10 ലക്ഷം രൂപ വീതം |
| ഡി)ബംബർ/സൂപ്പർ/ ഉൽസവ ലോട്ടറി | – | ഓരോ നറുക്കെടുപ്പിനും 1.10 ലക്ഷം രൂപ വീതം |
| ഇ) മെഗാ ബംബർ ലോട്ടറി | – | ഓരോ നറുക്കെടുപ്പിനും 3.10 ലക്ഷം രൂപ വീതം |

II. എല്ലാ തരത്തിലുമുള്ള ഓൺ ലൈൻ ലോട്ടറി

| | | |
|---|---|---|
| എല്ലാ തരത്തിലുമുള്ള ഓൺ ലൈൻ ലോട്ടറി | – | ഓരോ പ്രതിവാര നറുക്കെടുപ്പിനും ഓരോ റീട്ടെയിൽ ഔട്ട്ലറ്റ് 5000 രൂപ വീതം |

"റീട്ടെയിൽ ഔട്ട്ലറ്റ്" നിർവ്വചിക്കുന്നതാണ്. 25 കോടിയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു.

191. സ്റ്റാർ ഹോട്ടലുകളിലോ ബാർ ഹോട്ടലുകളിലോ ലഭ്യമാകുന്ന പാകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ മാത്രമാണ് ഇപ്പോൾ നികുതി വിധേയമാകുന്നത്, വിമാനത്തിലും കപ്പലിലും ബോട്ടുകളിലും മറ്റും പാകം ചെയ്ത ഭക്ഷണപദാർത്ഥങ്ങളും ലഘുപാനീയങ്ങളും കാര്യമായി വിൽക്കപ്പെടുന്നുണ്ട്. അത്തരം വിൽപനകളെ നികുതി വിധേയമാക്കാനുദ്ദേശിക്കുന്നു.2 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. കാറ്ററിംഗ് യൂണിറ്റുകളെയും ഭക്ഷണം വിതരണം ചെയ്യുന്ന മറ്റാളുകളെയും വിൽപന നികുതി നിയമം 5ബി വകുപ്പനുസരിച്ചുള്ള ലൈസൻസ് ഫീസിന് വിധേയരാക്കുന്നതാണ്. 2 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

192. ഇറക്കുമതി ചെയ്ത വെള്ള മണ്ണെണ്ണ ഡീസലിൽ കലർത്തി വിൽക്കുന്നതുമൂലം ഡീസലിൽ നിന്നുള്ള നികുതി വരുമാനത്തിൽ വന്ന കുറവാണ് ഈ വർഷം നേരിട്ട ഒരു പ്രധാന പ്രശ്നം. വെള്ള മണ്ണെണ്ണയുടെ ഇറക്കുമതി അടുത്ത കാലത്ത് നിയന്ത്രണ വിധേയമാക്കിയെങ്കിലും മായം ചേർക്കുന്നതിനുള്ള സാമ്പത്തിക പ്രചോദനം ഇല്ലാതാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനാൽ മണ്ണെണ്ണയുടെ നികുതി നിരക്ക് ഡീസലിന്റെ നിരക്കായ 24 ശതമാനം എന്ന് നിജപ്പെടുത്തുന്നതാണ്.

193. രജിസ്റ്റർ ചെയ്ത വ്യാപാരികളിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനു വ്യവസ്ഥ ചെയ്യുന്ന വിൽപന നികുതി നിയമത്തിലെ വകുപ്പ് അടുത്ത കാലത്തെ ഒരു വിധിയിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. കോടതിയുടെ പരാമർശങ്ങൾ കണക്കിലെടുത്തുകൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഇനിപ്പറയുന്ന രീതിയിൽ പുതുക്കുന്നതാണ്.

| | | | |
|---|---|---|---|
| എ) | പൊതു നികുതി നിയമ പ്രകാരം മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ | : | പ്രതിവർഷം 500 രൂപ |
| ബി ) | പൊതു വിൽപന നികുതി നിയമ പ്രകാരവും കേന്ദ്ര വിൽപന നികുതി നിയമ പ്രകാരവും രജിസ്റ്റർ ചെയ്തിട്ടുള്ള വ്യാപാരികൾ | : | പ്രതിവർഷം 1500 രൂപ |

194. ഫീസുകൾ ചുമത്തുന്നതിൽ താഴെപ്പറയുന്ന വർദ്ധന നിർദ്ദേശിക്കുന്നു:-

1) വിൽപന നികുതി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് താഴെപ്പറയുന്ന രീതിയിൽ പരിഷ്ക്കരിക്കുന്നു.

| | | | |
|---|---|---|---|
| എ) | മൂന്നു ലക്ഷം രൂപ വരെയുള്ള വിറ്റു വരവിന് | : | 500 രൂപ |
| ബി) | വിറ്റുവരവ് മൂന്നു ലക്ഷം രൂപയ്ക്ക് മേൽ എന്നാൽ 10 ലക്ഷം രൂപയ്ക്ക് താഴെ | : | 750 രൂപ |
| സി) | വിറ്റുവരവ് 10 ലക്ഷം രൂപയും അതിന് മീതെയും എന്നാൽ 50 ലക്ഷം രൂപയ്ക്ക് താഴെ | : | 1000 രൂപയും പത്തു ലക്ഷം രൂപയ്ക്ക് മീതെയുള്ള ഓരോ ലക്ഷത്തിനും അതിന്റെ ഭാഗത്തിനും 25 രൂപ വീതം |
| ഡി) | വിറ്റുവരവ് 50 ലക്ഷം രൂപയും അതിന് മീതെയും | : | 2000 രൂപയും 50 ലക്ഷം രൂപയ്ക്ക് മീതെയുള്ള ഓരോ ലക്ഷത്തിനും അതിന്റെ ഭാഗത്തിനും 50 രൂപ വീതം ഉയർന്ന രജിസ്ട്രേഷൻ ഫീസ് 20000 രൂപയായി നിജപ്പെടുത്തുന്നതാണ്. |

2) കാഷ്വൽ ട്രേഡേഴ്സിനുള്ള രജിസ്ട്രേഷൻ ഫീസ് ആയിരം രൂപയിൽ നിന്ന് ആയിരത്തഞ്ഞൂറു രൂപയായി ഉയർത്തുന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുത മൂന്നു മാസത്തേക്കായിരിക്കും.
3) സെയിൽസ് മാൻപെർമിറ്റിനുള്ള ഫീസ് 100 രൂപയിൽ നിന്ന് 150 രൂപയാക്കുന്നു.
4) ബ്രാഞ്ച് രജിസ്ട്രേഷൻ ഫീസ് 100 രൂപയിൽ നിന്ന് 150 രൂപയാകുന്നു.
5) ഏതു സർട്ടിഫിക്കറ്റിന്റെയും ഡ്യൂപ്ലിക്കേറ്റ് കോപ്പിക്ക് 100 രൂപ.
6) വിൽപന നികുതി നിയമം, കാർഷികാദായ നികുതി നിയമം ആഡംബര നികുതി നിയമം, കേരള മണി ലെൻഡേഴ്സ് ആക്റ്റ്, പ്രവേശന നികുതി നിയമം എന്നിവയിലുള്ള വിവിധ ഫീസുകൾ താഴെപ്പറയുന്ന രീതിയിൽ പരിഷ്ക്കരിക്കുന്നു.

| | | | |
|---|---|---|---|
| I | ഒന്നാം അപ്പലേറ്റ് അതോറിറ്റി മുമ്പാകെയുള്ള അപ്പീലിന് | : | 200 രൂപയിൽ നിന്ന് 300 രൂപ |
| II | അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെയുള്ള അപ്പീൽ | : | 500 രൂപയിൽ നിന്ന് 700 രൂപ |

| | | | |
|---|---|---|---|
| III | ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെയുള്ള റിവിഷൻ | : | 200 രൂപയിൽ നിന്ന് 300 രൂപ |
| IV | കമ്മീഷണർ മുമ്പാകെയുള്ള റിവിഷൻ | : | 500 രൂപയിൽ നിന്ന് 700 രൂപ |
| V | ഇന്റർലോ ക്യൂട്ടറി അപേക്ഷകൾ | : | 100 രൂപയിൽ നിന്ന് 150 രൂപ |

7) നിയമപ്രകാരമുള്ള ഫോമുകളുടെ വില താഴെപ്പറയുന്ന രീതിയിൽ പുതുക്കുന്നു.

| | | | |
|---|---|---|---|
| I. | ഡെലിവറി നോട്ടു ഫോം ബുക്കൊന്നിന് | : | 70 രൂപയിൽ നിന്ന് 95 രൂപ |
| II | സി ഫാം ബുക്കൊന്നിന് | : | 50 രൂപയിൽ നിന്ന് 75 രൂപ |
| III. | 25-ാം നമ്പർ ഫാറം ബുക്കൊന്നിന് | : | 70 രൂപയിൽ നിന്ന് 95 രൂപ |
| IV. | ഫോറം 18 എ | : | 60 രൂപയിൽ നിന്ന് 75 രൂപ |
| V | ഫോറം എഫ് | : | 50 രൂപയിൽ നിന്ന് 75 രൂപ |
| VI. | ഫോറം 16 | : | 60 രൂപയിൽ നിന്ന് 75 രൂപ |
| VII. | ഫോറം എച്ച് | : | 50 രൂപയിൽ നിന്ന് 75 രൂപ |

അഞ്ച് ലക്ഷം രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

195. മൊബൈൽ ഫോണിന്റെ നികുതി നിരക്ക് കേരളത്തിൽ 12 ശതമാനവും അയൽ സംസ്ഥാനങ്ങളിൽ 4 ശതമാനവുമാണ്. ഇതു വൻ തോതിൽ നികുതി വെട്ടിപ്പിന് കാരണമാകുന്നു. ആയതിനാൽ ഈ ഇനത്തിന്റെ നികുതി 4 ശതമാനമായി കുറയ്ക്കാനുദ്ദേശിക്കുന്നു.

196. കരാർ പണിക്ക് അവാർഡർമാരിൽ നിന്ന് പണം കൈപ്പറ്റുന്നതിന് ഓരോ പ്രാവശ്യവും നികുതി ബാദ്ധ്യതയെ സംബന്ധിച്ച് നികുതി നിർണ്ണയാധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുള്ള വ്യവസ്ഥ പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതായി കരാർ പണിക്കാർ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അവാർഡർമാർ കരാർ പണിക്കാർ നൽകുന്ന ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ പണം നൽകുന്നതിനും നികുതി ബാദ്ധ്യതയെ സംബന്ധിച്ച സർട്ടിഫിക്കറ്റ് മൂന്നു മാസത്തിലൊരിക്കൽ മാത്രം ഹാജരാക്കിയാൽ മതിയെന്നും വ്യവസ്ഥ ചെയ്യാൻ പ്രസക്ത വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതാണ്. എന്നാൽ തൊട്ടുമുമ്പത്തെ ത്രൈമാസം വരെയുള്ള സർട്ടിഫിക്കറ്റുകൾ ഹാജരാക്കി എന്നും അവയനുസരിച്ചുള്ള നികുതി നൽകിയെന്നും ഉറപ്പാക്കേണ്ട ചുമതല അവാർഡർക്കായിരിക്കും.

197. ഖാദി-ഗ്രാമവ്യവസായങ്ങൾക്കനുവദിച്ചിരുന്ന നികുതിയൊഴിവ് ഹൈക്കോടതി അടുത്ത കാലത്ത് റദ്ദാക്കുകയുണ്ടായി. നികുതിയൊഴിവ് അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വേണ്ടത്ര സുതാര്യമല്ലെന്നതാണ് കോടതി ചൂണ്ടിക്കാട്ടിയ പ്രധാന പോരായ്മ. കോടതിയുടെ പരാമർശങ്ങൾ കണക്കിലെടുത്ത് വാർഷിക വിറ്റുവരവ് 25 ലക്ഷം രൂപയിൽ കവിയാത്തതും മതിയായ അധികാരിയുടെ മുമ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഖാദി-ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് നികുതിയൊഴിവ് അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നു.

198. കശുവണ്ടി വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനായി തോട്ടണ്ടിയ്ക്കുള്ള കുറഞ്ഞ നിരക്ക് (4 ശതമാനം ) 31.3.2005 വരെ തുടരുന്നതാണ്

199. വിൽപന വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ വിവിധ വിഭാഗം വ്യാപാരികൾ അനേകം പ്രദർശനങ്ങൾ, സമ്മാന പദ്ധതികൾ , എക്സ്ചേഞ്ച് പദ്ധതികൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. ഈ ഇടപാടുകൾ കൃത്യമായി കണക്കിൽ വരുന്നെന്നും അതിന്റെ നികുതി അടയ്ക്കുന്നെന്നും ഉറപ്പാക്കാനായി അത്തരം സ്കീമുകൾക്ക് നികുതി നിർണ്ണയാധികാരിയുടെ അനുവാദം വാങ്ങുന്നത് നിർബന്ധമാക്കുന്നതും ആയതിന് 500 രൂപയുടെ ഫീസ് ഈടാക്കുന്നതുമാണ്. അത്തരം ഇടപാടുകളുടെ വിറ്റുവരവ് റിട്ടേണിൽ പ്രത്യേകമായി കാണിച്ചിരിക്കണമെന്ന് അനുശാസിക്കുന്നതുമാണ്. 5 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

200. പ്രൈമറി ക്രഷറുകളുടെ ഉൽപന്നം വിൽപന നടത്താൻ അനുയോജ്യമല്ലാത്തതിനാൽ അവയുടെ മേൽ നികുതി ചുമത്തുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതായി കരിങ്കൽ ചല്ലി നിർമ്മാതാക്കൾ പരാതിപ്പെട്ടിരിക്കുന്നു. അതിനാൽ പ്രൈമറി ക്രഷറുകളുടെ മേൽ ഇപ്പോഴുള്ള കോമ്പൗണ്ടിംഗ് നികുതി നിരക്ക് നിലവിലുള്ള നിരക്കിന്റെ 50 ശതമാനമായി കുറവ് ചെയ്യുന്നതാണ്.

201 ബ്ളഡ് ബാഗിന്റെ നിലവിലുള്ള നികുതി നിരക്ക് 12 ശതമാനമാണ്. സാമൂഹ്യവും ആരോഗ്യപരവുമായ പ്രാധാന്യം കണക്കിലെടുത്ത് ഇതിനെ നികുതിയിൽ നിന്നും ഒഴിവാക്കണമെന്ന് ധാരാളം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ബ്ളഡ് ബാഗിന്റെ നികുതി നിരക്ക് 4 ശതമാനമായി കുറവ് ചെയ്യാൻ ഉദ്ദേശിക്കുന്നു.

202. വിവിധ നിരക്കുകളിൽ നികുതി ഈടാക്കിവരുന്ന വൈദ്യുത സാമഗ്രികളുടെ നിരക്കുകൾ ഏകീകരിക്കണമെന്ന് ധാരാളം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. വൈദ്യുതോപകരണങ്ങൾ, വയറിംഗ് കേബിളുകൾ എന്നിവയുടെ നികുതി നിരക്കുമായി സമാനത കൈവരുത്താനായി വിൽപന നികുതി നിയമം ഒന്നാം പട്ടികയിലെ 54(1) ഇനത്തിൽപ്പെട്ട വൈദ്യുതി സാമഗ്രികളുടെ നികുതി നിരക്ക് 12 ശതമാനമായി പരിഷ്കരിക്കുന്നതാണ്.

203. കേന്ദ്ര വിൽപന നികുതി നിയമപ്രകാരം പ്രത്യേക പ്രാധാന്യമുള്ള വസ്തുവായി പ്രഖ്യാപിക്കപ്പെട്ട ഗാൽവനൈസ് ചെയ്യപ്പെട്ട ഇരുമ്പു പൈപ്പിനെ "വാട്ടർ സപ്ലൈ ആന്റ് സാനിറ്ററി ഫിറ്റിംഗ്സ്" എന്ന് തെറ്റായി വർഗ്ഗീകരിക്കുന്നതൊഴിവാക്കാനായി ഇതിനെ പ്രത്യേക ഇനമാക്കി രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

204. ചെറുകിട വ്യവസായ യൂണിറ്റുകൾ ഇന്ധനമായി ഉപയോഗിക്കുന്ന വിറകിന്റെ നികുതി നിരക്ക് വ്യവസായ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 12 ശതമാനത്തിൽ നിന്ന് 4 ശതമാനമായി കുറവ് ചെയ്യുന്നതാണ്.

205. ഉന്നത മൂല്യമുള്ള ചരക്കുകളുടെ വില കുറച്ചു കാണിക്കലും നികുതി വെട്ടിപ്പും തടയുന്നതിനായി താഴെപ്പറയുന്ന ചരക്കുകൾ 5–ാം പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. 25 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

| ചരക്കുകളുടെ വിവരണം | നിർദ്ദേശിക്കുന്ന നിരക്ക് | |
|---|---|---|
| | ആദ്യ വിൽപന | അവസാന വിൽപന |
| ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ളവയൊഴികെയുള്ള അലുമിനിയം ഉൽപന്നങ്ങളും ( അലുമിനിയം എക്സ്ട്രൂഷൻസ് ഉൾപ്പെടെ) അലുമിനിയം ലോഹകൂട്ടുകൾ കൊണ്ടുള്ള ഉൽപന്നങ്ങളും | 6 | 2 |
| കുക്കിംഗ് റേഞ്ചുകൾ , വാട്ടർ ഹീറ്ററുകൾ എന്നിവ | 10 | 2 |
| രണ്ടാം പട്ടികയിൽപ്പെടാത്ത സ്റ്റെയിൻലസ്സ് സ്റ്റീൽ സാധനങ്ങൾ | 8 | 4 |
| ഒന്നാം പട്ടികയിലും ഈ പട്ടികയിൽ പ്രത്യേകമായി പ്രതിപാദിച്ചിട്ടില്ലാത്ത ഇലക്ട്രോണിക് സിസ്റ്റംസും ഉപകരണങ്ങളും അവയുടെ ഭാഗങ്ങളും അനുബന്ധ സാമഗ്രികളും | 6 | 2 |
| വെള്ള സിമൻറ് ഉൾപ്പെടെയുള്ള സിമൻറ് | 10 | 5 |
| എല്ലാത്തരത്തിലുമുള്ള കമ്പ്യൂട്ടറുകളും അവയുടെ ഘടക ഭാഗങ്ങളും അനുബന്ധ സാമഗ്രികളും | 3 | 1 |
| വായു കടക്കാത്ത പാത്രങ്ങളിൽ വിൽക്കപ്പെടുന്ന ജന്തുജന്യമോ സസ്യജന്യമോ ആയവയുൾപ്പെടെയുള്ള ഭക്ഷണസാധനങ്ങൾ | 10 | 2 |
| പൂർണ്ണമായി നിർമ്മിച്ച രൂപത്തിലോ കൂട്ടിയോജിപ്പിക്കാത്ത രീതിയിലോ വിൽക്കപ്പെടുന്ന എല്ലാത്തരം അകസാമാനങ്ങളും<br>വിശദീകരണം : ഈ ഇനത്തിന്റെ കാര്യത്തിലേക്കായി കൂട്ടിയോജിപ്പിച്ചാൽ അകസാമാനങ്ങളോ റാക്കുകളോ ആകുന്ന സ്ലോട്ടട് ആംഗിൾസ് അകസാമാനമായി കണക്കാക്കുന്നതാണ്. | 10 | 2 |
| ലിനോലിയവും തറപാകുന്നതിനുള്ള വഴക്കമുള്ള സാമഗ്രികൾ | 20 | 5 |
| മരുന്നുകളും ഔഷധങ്ങളും (അലോപ്പതിയും ആയുർവേദവും ഹോമിയോപ്പതിയും സിദ്ധവും യുനാനിയും | 5 | 2 |
| കുപ്പികളിലോ ടിന്നുകളിലോ പാക്കറ്റുകളിലോ നിറച്ചിട്ടുള്ള ലഹരിവിമുക്തമായ പാനീയങ്ങളും ആയത് പൊടിരൂപത്തിലോ ഗുളിക രൂപത്തിലോ മറ്റെതെങ്കിലും തരത്തിലോ പാകപ്പെടുത്തിയത് ഉൾപ്പെടെ | 20 | 5 |
| പെയിന്റുകൾ, കളറുകൾ, ലാകഴ്സ്, വാർണിഷ്, പിഗ്മെൻറ്സ്, പോളിഷ്, ഇൻഡിഗോ, ഡൈസ്, മുതലായവ | 10 | 5 |

| | | |
|---|---|---|
| പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉപകരണങ്ങളും പിവിസി പൈപ്പ്, പ്ലാസ്റ്റിക് പേപ്പർ സെല്ലോഫെൻ, പോളിത്തീൻ, പോളിയുറിത്തീൻ, പോളി എഥിലിൻ | 10 | 2 |
| റെഡിമെയ്ഡ് വസ്ത്രങ്ങളും ഹോസിയറി വസ്ത്രങ്ങളും | 6 | 2 |
| മോട്ടോർ വെഹിക്കിൾ മോട്ടോർ വെസ്സൽ ട്രാക്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകളും അനുബന്ധ വസ്തുക്കളും | 6 | 2 |
| സ്ക്വാഷുകൾ, സോസുകൾ, ഫ്രൂട്ട് ജ്യൂസ്, ഫ്രൂട്ട് പൾപ്പ്, സോഡ മിനറൽ വാട്ടർ, ഹോർലിക്സ് ബൂസ്റ്റ്, ബോൺവിറ്റ, കോംപ്ലാൻ, ഗ്ലൂക്കോസ് ഡി, ഗ്ലൂക്കോവിറ്റ മുതലായവ കുപ്പികളിലോ ടിന്നുകളിലോ നിറച്ചതും ആയത് പൊടിരൂപത്തിലോ ഗുളിക രൂപത്തിലോ മറ്റേതെങ്കിലും രീതിയിൽ പാകപ്പെടുത്തിയതുൾപ്പെടെ | 15 | 5 |
| ഷാമ്പൂ, ടാൽക്കംപൗഡർ , മെഡിക്കേറ്റഡ് ടാൽക്കം പൗഡർ, ചന്ദന തൈലം രാമച്ച തൈലം കറുകപട്ട തൈലം ഉൾപ്പെടെ പട്ടികയിൽ വിവരക്കാത്ത മറ്റു സുഗന്ധ ദ്രവ്യങ്ങളും | 15 | 5 |
| പ്ലാസ്റ്റിക്കോ നൈലോണോ ലതറോ മറ്റേതെങ്കിലും മോൾഡ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ബ്രീഫ് കെയ്സുകൾ സ്യൂട്ട് കെയ്സുകൾ | 10 | 2 |
| ടെലിവിഷൻ സെറ്റുകൾ, പിക്ച്ചർ ട്യൂബ് മുതലായവ | 10 | 2 |
| ടാബുലേറ്റിംഗ് മെഷീനുകൾ, കാൽക്കുലേറ്റിംഗ് മെഷീനുകൾ, ഡ്യൂപ്ലിക്കേറ്റിംഗ് മെഷീനുകൾ സ്പെയർ പാർട്സുകളും അനുബന്ധ വസ്തുക്കളും ഉൾപ്പെടെ | 6 | 2 |
| ജലവിതരണത്തിനും മലിനജല നിർമ്മാർജ്ജനത്തിനും ഉപയോഗിക്കുന്ന ഉപകരണങ്ങളും മറ്റു ഫിറ്റിങ്ങുകളും ( വാട്ടർ സപ്ലൈ ആന്റ് സാനിറ്ററി ഫിറ്റിംഗ്സ്) | 10 | 2 |

206. ചില ചരക്കുകൾ പെട്രോളിയം ഉൽപന്നങ്ങളാണോ എന്ന കാര്യത്തിൽ പലപ്പോഴും തർക്കങ്ങളുണ്ടാകാറുണ്ട്. ബന്ധപ്പെട്ട അധികാരികളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇനിപ്പറയുന്ന ഇനങ്ങളെ വിൽപന നികുതി നിയമം ഒന്നാം പട്ടികയിലെ 108 (vi) ഇനത്തിൽ ചേർക്കാനുദ്ദേശിക്കുന്നു.

1. ആരോമെക്സ്
2. ബേസ് ഓയിൽ
3. ബെൻസീൻ
4. ബിറ്റുമിൻ
5. കാർബൺ ബ്ളാക്ക് ഫീഡ് സ്റ്റോക്ക്
6. സി വോൾ
7. കട്ടിംഗ് ഓയിൽ
8. ഗ്ളാസ് ക്ളീനർ
9. ഹെവി പെട്രോളിയം സ്റ്റോക്ക്
10. ഹെക്സേൻ
11. എച്ച്. എച്ച്. എസ്
12. ടോമാക്സ്
13. ജെ.എസ്.പി
14. ലൊസൽഫർ ഹെവി സ്റ്റോക്ക്
15. മെന്തോൾ
16. മെത്മിക്

17. മിനറൽ ടർപ്പൻറൈൻ ഓയിൽ
18. മസ്കിറ്റോ ലാർവിസിഡൽ ഓയിൽ
19. പോളി ഐസോ ബ്യൂട്ടീൻ
20. പ്രോസസ് ഓയിൽ
21. റസിഡ്യൂൽ ഫ്യുവൽ ഓയിൽ
22. സ്ലോപ്പ് കട്ട്
23. സോൾവൻറ് 1425
24. സോൾവൻറ് ഓയിൽ
25. സ്പെഷ്യൽ ബോയിലിങ് പോയിൻറ് സ്പിരിറ്റ്
26. സ്പ്രേ ഓയിൽ
27 ടൊളുവിൻ
28. ട്രാൻസ്ഫോമർ ഓയിൽ ഫീഡ് സ്റ്റോക്ക്
29. വാട്ടർ മെഥനോൾ മിക്സ്
30. മെഴുക്
31. വൈറ്റ് ഓയിൽ

രണ്ടാം പട്ടികയിലോ ഈ പട്ടികയിൽ മറ്റെവിടെയെങ്കിലുമോ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത മറ്റേതെങ്കിലും പെട്രോളിയം ഉൽപന്നങ്ങൾ

207. താഴെപ്പറയുന്ന ചരക്കുകളെ 108-ാം ഇനത്തിൽ (പെട്രോളിയം ഉൽപന്നങ്ങൾ) ഉൾപ്പെടുത്തുന്നതാണ്

(i) ഓട്ടോമോട്ടീവ് എൽ.പി.ജി. : 20 ശതമാനം

(ii) ലിക്വിഫൈഡ് നാച്ചുറൽ ഗ്യാസ് : 28 ശതമാനം
( കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്)

208. അധിക വിഭവ സമാഹരണത്തിനായി തുണിത്തരങ്ങൾക്കും പുകയിലയ്ക്കും (പുകയില ഉൽപ്പന്നങ്ങളുൾപ്പെടെ) യഥാക്രമം ഒരു ശതമാനവും നാലുശതമാനവും പ്രവേശന നികുതി ചുമത്തുന്നതാണ്. 50 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

209. ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്മേൽ വിലയെ അടിസ്ഥാനമാക്കി എക്സൈസ് ഡ്യൂട്ടി ചുമത്തുന്നതുമൂലം ചിലയിനം മദ്യങ്ങളിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുള്ളതായി പഠനങ്ങൾ കാണിക്കുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിനായി വിവിധയിനം മദ്യങ്ങൾക്ക് നിശ്ചിത ഡ്യൂട്ടി ചുമത്തുന്നതിനുദ്ദേശിക്കുന്നു. 100 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

210. ഇൻകംടാക്സ് ചട്ടങ്ങളിൽ ഈയിടെ വരുത്തിയ ചട്ടങ്ങൾ പ്രകാരം റബ്ബറിൽ നിന്നുള്ള വരുമാനത്തിന്റെ 65 ശതമാനവും കാപ്പിയിൽ നിന്നുള്ള വരുമാനത്തിന്റെ 60 ശതമാനവും മാത്രമാണ് കാർഷികാദായ നികുതിയ്ക്കായി കണക്കാക്കുന്നത്. ഇതിനനുസൃതമായ മാറ്റങ്ങൾ കാർഷികാദായ നികുതി നിയമത്തിലെ 39-ാം വകുപ്പിൽ വരുത്താനുദ്ദേശിക്കുന്നു. 2 കോടി രൂപയുടെ വരുമാന നഷ്ടം പ്രതീക്ഷിക്കുന്നു.

211. കാർഷികാദായ നികുതി നിരക്കുകൾ ഇനിപ്പറയുന്ന രീതിയിൽ പരിഷ്ക്കരിക്കാവുന്നതാണ്.

1. കമ്പനിയും സഹകരണ സംഘങ്ങളുമൊഴിച്ചുള്ള വ്യക്തികൾക്ക്

| | | |
|---|---|---|
| എ) | മൊത്തം കാർഷികാദായം 40000 രൂപയിൽ കവിയാത്തപ്പോൾ | ഇല്ല |
| ബി | മൊത്തം കാർഷികാദായം 40000 രൂപയിൽ കൂടുതലും 60000 രൂപയിൽ കവിയാതെയും വരുമ്പോൾ | 40000 രൂപയിൽ കൂടുതൽ വരുന്ന വരുമാനത്തിന്റെ 10 ശതമാനം |
| സി | മൊത്തം കാർഷികാദായം 60000 രൂപയിൽ കൂടുതലും ഒരു ലക്ഷം രൂപയിൽ കവിയാതെയും വരുമ്പോൾ | രണ്ടായിരം രൂപയും 60000 രൂപയ്ക്കുമേൽ വരുന്ന കാർഷികാദായത്തിന്റെ 20 ശതമാനവും |
| ഡി | മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കൂടുമ്പോൾ | പതിനായിരം രൂപയും ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുന്ന കാർഷികാദായത്തിന്റെ 30 ശതമാനവും |

2. ഫേമുകൾക്ക് : മൊത്തം കാർഷികാദായത്തിന്റെ 35 ശതമാനം

3. ഡൊമസ്റ്റിക് കമ്പനി /സഹകരണ സംഘങ്ങൾ എന്നിവയ്ക്ക്

| | | |
|---|---|---|
| എ. മൊത്തം കാർഷികാദായം 25000 രൂപയിൽ കൂടാതെ വരുമ്പോൾ | : | മൊത്തം കാർഷികാദായത്തിന്റെ 35 ശതമാനം |
| ബി. മൊത്തം കാർഷികാദായം 25000 രൂപയിൽ കവിയുകയും ഒരു ലക്ഷം രൂപയിൽ കവിയാതെയും വരുമ്പോൾ | : | മൊത്തം കാർഷികാദായത്തിന്റെ 40 ശതമാനം |
| സി മൊത്തം കാർഷികാദായം ഒരു ലക്ഷം രൂപയിൽ കവിയുകയും മൂന്നു ലക്ഷം രൂപയിൽ കവിയാതെയും വരുമ്പോൾ | : | മൊത്തം കാർഷികാദായത്തിന്റെ 45 ശതമാനം |
| ഡി. മൊത്തം കാർഷികാദായം മൂന്നു ലക്ഷം രൂപയിൽ കവിയുമ്പോൾ | : | മൊത്തം കാർഷികാദായത്തിന്റെ 50 ശതമാനം |

212. സംസ്ഥാനത്തെ പാൽ ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിനായി പാലിന് 3 ശതമാനം പ്രവേശ നികുതി ചുമത്താനുദ്ദേശിക്കുന്നു. പാൽ വിൽപ്പന നികുതി നിയമത്തിന്റെ 3-ാം പട്ടികയിൽ നിന്ന് മാറ്റുകയും ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തി 3 ശതമാനം നികുതിക്ക് വിധേയമാക്കുന്നതുമാണ്. സഹകരണ സംഘങ്ങൾ സംസ്ഥാനത്തിനുള്ളിൽ വിൽക്കുന്ന പാലിനെ വിൽപ്പന നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

213. ഹൗസ് ബോട്ടുകളിൽ ഇപ്പോൾ ആഡംബരപൂർവ്വവും ചെലവേറിയതുമായ താമസസൗകര്യവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുന്നുണ്ട്. ചെലവാക്കാൻ കഴിവുള്ള വിനോദസഞ്ചാരികളാണ് ഇത്തരം സൗകര്യങ്ങൾ ഉപയോഗിക്കുന്നത് അതിനാൽ ഇതിന് ലഭിക്കുന്ന വാടകയുടെ (ഭക്ഷണം, പാനീയങ്ങൾ, ടെലഫോൺ വിളികൾ എന്നിവയ്ക്കുള്ള ചാർജ്ജ് കഴിച്ചുള്ളത്) 4 ശതമാനം ആഡംബരനികുതി ചുമത്താൻ ഉദ്ദേശിക്കുന്നു. ഹൗസ് ബോട്ട് ഉടമകൾ കേരള ആഡംബര നികുതി നിയമ പ്രകാരം രജിസ്ട്രേഷൻ എടുക്കണമെന്ന് അനുശാസിക്കുന്നതാണ്.

രജിസ്ട്രേഷൻ ഫീസ് 1000 രൂപയായും വർഷം തോറും രജിസ്ട്രേഷൻ പുതുക്കുന്നതിന് ഫീസ് 500 രൂപയായും നിശ്ചയിക്കുന്നു. 2 കോടിയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നു.

214. പൊതുമേഖലയിലുള്ള ഉള്ള ഓയിൽ കമ്പനികൾ ഫർണസ് ഓയിൽ എൽ.എസ്.എച്ച്.എസ്സ്. മറ്റു ക്രൂഡ് ഓയിൽ ഡിസ്റ്റിലേഷൻ, എന്നിവ വിൽപ്പനക്കായി മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ടു വരുമ്പോൾ പ്രവേശന നികുതി നൽകേണ്ടതുണ്ട് എന്നാൽ മേൽപ്പറഞ്ഞ സാധനങ്ങൾ വ്യവസായ സ്ഥാപനങ്ങൾക്കു നൽകുമ്പോൾ കുറഞ്ഞ നിരക്കിലുള്ള നികുതി മാത്രം നൽകിയാൽ മതിയാകും. അതേ സമയം പ്രവേശന നികുതി നൽകിയ തുകയ്ക്കുള്ള തട്ടിക്കിഴിക്കൽ വിൽപ്പന നികുതി നിയമ പ്രകാരം നൽകുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി മേൽപ്പടി സ്ഥാപനങ്ങളെ വിൽപ്പനക്കായി കൊണ്ടു വന്നാൽ പ്രവേശന നികുതി നൽകുന്നതിൽ നിന്ന് ഒഴിവാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന് 1.4.2002 മുതൽ മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

215. കേരള മണിലെണ്ടിംഗ് നിയമപ്രകാരമുള്ള ലൈസൻസ് ഫീസ് 3000 രൂപയിൽ നിന്ന് 5000 രൂപയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നു. ഇതിൽ നിന്നും 3 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. മണിലെണ്ടേഴ്സ് ഈടാക്കാവുന്ന പലിശയുടെ നിരക്ക് കാലാകാലങ്ങളിൽ വിജ്ഞാപനം വഴി പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതാണ്.

216. ദിനം പ്രതി 500 രൂപയിൽക്കൂടുതൽ വാടക ഇനത്തിൽ ഈടാക്കുന്ന എയർ കണ്ടിഷൻ ചെയ്യാത്ത മുറികൾക്കുള്ള ആഢംബര നികുതി നിരക്ക് 15 ശതമാനത്തിൽ നിന്നും 10 ശതമാനം ആയി കുറയ്ക്കുവാൻ ഉദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന നഷ്ടം 5 ലക്ഷം രൂപ

217. കാർഷികോൽപ്പന്നങ്ങൾ അന്തർ സംസ്ഥാന വിൽപ്പന നടത്തുമ്പോൾ ചുമത്തുന്ന 1 ശതമാനം കേന്ദ്ര വിൽപ്പന നികുതി നിരക്ക് കേരള വിൽപ്പന നികുതി പ്രകാരം നികുതിയടച്ചിട്ടുള്ള സാധനങ്ങൾക്കായി നിജപ്പെടുത്തിയിരിക്കുന്നു. സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന ഓയിൽ മില്ലുകളെ സഹായിക്കുന്നതിനായി വെളിച്ചെണ്ണയുടേയും പിണ്ണാക്കിന്റെയും അന്തർ സംസ്ഥാന വിൽപ്പന നികുതി 1 ശതമാനമായി കുറക്കുവാൻ ഉദ്ദേശിക്കുന്നു. പ്രതീക്ഷിക്കുന്ന അധിക വരുമാനം 5 ലക്ഷം രൂപ.

218. സംസ്ഥാനത്തിന്റെ നികുതി സാദ്ധ്യത ഇതുവരെ ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല. അതിനാൽ പരമാവധി നികുതി പിരിച്ചെടുക്കുന്നതിന് കാര്യമായ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ് വഴി നികുതി സാദ്ധ്യതയെപ്പറ്റി വിശദമായ പഠനം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനായി 15 ലക്ഷം രൂപ വകയിരുത്തുന്നു.

219. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും നികുതി ചോർച്ച തടയുന്നതിനും നിലവിലുള്ള ചില വകുപ്പുകളിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും സംശയം ദൂരീകരിക്കുന്നതിനുമായി കേരള പൊതു വിൽപന നികുതി നിയമം പ്രവേശന നികുതി നിയമം എന്നിവയിൽ ചില മാറ്റങ്ങൾ വരുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നു. വിശദവിവരം അനുബന്ധം 1ൽ ചേർത്തിട്ടുണ്ട്.

# പാർട്ട് സി

## ബജറ്റ് നിർദ്ദേശങ്ങളുടെ സംഗ്രഹം

### 2003- 2004ലെ പുതുക്കിയ എസ്റ്റിമേറ്റ്

220. നടപ്പു വർഷത്തെ ധനകമ്മി 191.93 കോടി രൂപ ആയിരിക്കും. റവന്യൂ കമ്മി 3676.23 കോടി ആണ്. കഴിഞ്ഞ സർക്കാർ പോയപ്പോഴുണ്ടായിരുന്ന ബാദ്ധ്യതകൾ മുഴുവൻ നാം കൊടുത്തു തീർത്തു. ഇന്ന് ചെലവിന്റെ കണക്കെടുക്കുമ്പോൾ അതു യഥാർത്ഥ ചെലവ് തന്നെയാണ്. അല്ലാതെ കടലാസ്സിൽ മാത്രമുള്ള സാങ്കൽപിക ചെലവല്ലെന്ന് അഭിമാനത്തോടെ പറയാൻ എനിക്കു കഴിയും. നമ്മുടെ കമ്മിയെ കാര്യമായി ബാധിച്ച വളരെ ക്ലേശകരമായ ഒരു തീരുമാനം 2003-04ൽ നാം കൈക്കൊണ്ടു. കേരള സംസ്ഥാന വൈദ്യുതിബോർഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുത്തു തീർക്കാനുണ്ടായിരുന്ന ബാദ്ധ്യതകൾ മുഴുവൻ നാം ഏറ്റെടുക്കുവാൻ തീരുമാനിച്ചു. ഈ തീരുമാനം കമ്മിയിൽ 1158 കോടി രൂപയുടെ ഭീമമായ വർദ്ധനവിന് വഴി തെളിച്ചു. കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡിന് 556.46 കോടി രൂപയുടെ ക്യാഷ് സബ്സിഡി നൽകിയതും റവന്യൂ കമ്മി വർദ്ധിക്കാൻ കാരണമായി. ഇതെല്ലാം തന്നെ സദുദ്ദേശ്യത്തോടു കൂടിയാണ് ചെയ്തത്. മറ്റെന്തു തീരുമാനം എടുത്തിരുന്നെങ്കിലും അതു കേരളത്തിലെ ജനങ്ങളെ താങ്ങാനാവാത്ത ഒരു വൈദ്യുതി നിരക്ക് വർദ്ധനവ് കൊണ്ടു വീർപ്പു മുട്ടിച്ചേനെ.

221. നമ്മുടെ കടബാദ്ധ്യതയെക്കുറിച്ച് ഒരു വിശദീകരണം ആവശ്യമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 23920 കോടിരൂപയായിരുന്നു. 31.03.2003ൽ ഇത് 31060 കോടി രൂപയായി. നടപ്പു വർഷത്തെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പൊതുകടം 35989 കോടി രൂപയായി കണക്കാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തെ സഞ്ചിത പദ്ധതിച്ചെലവ് 6029 കോടി രൂപയായിരുന്നു. നടപ്പുവർഷത്തെ പദ്ധതി അടങ്കൽ 4430 കോടി രൂപയാണ്. പൊതുകടം 12069 കോടി രൂപ കണ്ട് വർദ്ധിച്ചപ്പോൾ പദ്ധതി ചെലവ് ഗണ്യമായ 9500 കോടി രൂപയായി എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 1997-98ന് മുതൽ മൊത്തം പദ്ധതിചെലവും നടത്തിയിരുന്നത് കടം വാങ്ങിക്കൊണ്ടായിരുന്നു എന്നുള്ള പരമാർത്ഥം ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിവുള്ളതാണല്ലോ. നമ്മുടെ വികസന ലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ള പദ്ധതി നടപ്പിലാക്കണമെങ്കിൽ അത്രയും വർദ്ധിച്ച തോതിലുള്ള കടം എടുക്കേണ്ടിവരുക എന്നുള്ളത് അനിവാര്യമാണ്. ഈ പ്രശ്നത്തിന് വേറൊരു മാനം കൂടിയുണ്ട്. ടി.പി. അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റിലൂടെ 'കടലാസ് ചെലവുകൾ' നടത്തുന്ന പ്രവണത മുൻസർക്കാർ പ്രോൽസാഹിപ്പിച്ചിരുന്നു എന്ന് ബഹുമാനപ്പെട്ട അംഗങ്ങളെ ഞാൻ ഓർമ്മിപ്പിക്കട്ടെ. അനാരോഗ്യകരമായ ഈ നടപടി നമ്മളിപ്പോൾ അവസാനിപ്പിക്കുകയും 2001ന് മുമ്പ് 'കടലാസ് ചെലവുകളുടെ' കണക്കെഴുതാനുപയോഗിച്ചിരുന്ന ട്രഷറി പബ്ളിക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും ചെയ്തു. എന്നാൽ നമ്മുടെ കണക്കുകളിൽ 1500 കോടി രൂപയോളം വരുന്ന ഈ ഫലിശരഹിത ബാദ്ധ്യതകളും നമ്മുടെ കടത്തിന്റെ ഭാഗമാണ്. ഞാൻ നേരത്തെ പരാമർശിച്ചതുപോലെ 1158 കോടി രൂപയുടെ കടം വൈദ്യുതി ബോർഡിന് വേണ്ടി യുള്ളതാണ്. ചുരുക്കത്തിൽ, കടമെടുക്കുന്ന ഓരോ രൂപയും അതത് ആവശ്യത്തിന് മാത്രമേ വിനിയോഗിക്കുന്നുള്ളൂ എന്ന്

ഉറപ്പാക്കി വളരെ മെച്ചപ്പെട്ട നിലയിൽ സർക്കാർ സംസ്ഥാനത്തിന്റെ ഋണ സ്ഥിതി കൈകാര്യം ചെയ്തിട്ടുണ്ട്.

222. നടപ്പ് വർഷത്തെ സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം താഴെക്കൊടുക്കുന്നു.

| ഇനം | പുതുക്കിയ എസ്റ്റിമേറ്റ് 2003 – 2004 (രൂപ കോടിയിൽ) |
|---|---|
| റവന്യൂ വരവ് | 12551.25 |
| റവന്യൂ ചെലവ് | 16227.48 |
| റവന്യൂ കമ്മി | (-) 3676.23 |
| മൂലധന ചെലവ് | 676.76 |
| പൊതുകടം (തനി) | 4182.30 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1300.85 |
| പൊതുകണക്ക് (തനി) | 1279.61 |
| ആകെ കമ്മി | (-) 191.93 |
| മുൻ വർഷ കമ്മി | (-) 301.93 |
| മൊത്തം കമ്മി | (-) 493.86 |

223. റവന്യൂ കമ്മി 3676.23 കോടി രൂപയായി അവശേഷിക്കുന്ന വിധത്തിൽ റവന്യൂ വരവ് 12551.25 കോടി രൂപയായും റവന്യൂ ചെലവ് 16227.48 കോടിരൂപയായുമുള്ള അവസാന കണക്കുകളാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

## 2004-2005 ലെ ബജറ്റ് എസ്റ്റിമേറ്റുകൾ

224. ഈ വർഷത്തെ റവന്യൂ ചെലവും റവന്യൂ വരവും യഥാക്രമം 18971.09 കോടി രൂപയും 14623.96 കോടി രൂപയും ആണ്.

225. 2004-2005ലെ സാമ്പത്തിക സ്ഥിതിയുടെ സംക്ഷിപ്ത രൂപം ഇനി പറയുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് 2004 – 2005 (രൂപ കോടിയിൽ) |
|---|---|
| റവന്യൂ വരവ് | 14263.96 |
| റവന്യൂ ചെലവ് | 18971.09 |
| റവന്യൂ കമ്മി | (-) 4707.13 |
| മൂലധന ചെലവ് | 571.32 |
| പൊതുകടം (തനി) | 2971.52 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 64.44 |
| പൊതുകണക്ക് (തനി) | 1976.10 |
| ആകെ കമ്മി | (-) 395.27 |
| മുൻ വർഷ കമ്മി | (-) 493.86 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികചെലവ് | 357.26 |
| അധിക വിഭവ സമാഹരണം | 495.05 |
| പുതുക്കിയ ആകെ കമ്മി | (-) 257.48 |
| വർഷാന്ത്യ കമ്മി | (-) 751.34 |

226. എന്റെ ബജറ്റ് ധീരമായൊരു പ്രഖ്യാപനം നടത്തുന്നുണ്ട്. ശാന്തിയും കാരുണ്യവും ഐശ്വര്യവും കളിയാടുന്ന കേരളം കെട്ടിപ്പടുക്കാനുള്ള നമ്മുടെ ദൃഢപ്രതിജ്ഞയുടെ ഉദ്ഘോഷണമാണിത്. അയത്ന ലളിതമായ ഒരു ദൗത്യമല്ല ഇതെന്നറിയാം. ഗർഹണീയമായ ഒരു തരം ഹ്രസ്വവീക്ഷണം അപകടകരമാം വിധം നമ്മുടെ ഇടയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. നമ്മിലേറെപ്പേരും ഇപ്പോൾ ഏത് സംഭവവികാസത്തെയും ഹ്രസ്വകാല രാഷ്ട്രീയ നേട്ടങ്ങളുടെ കണ്ണിൽക്കൂടി മാത്രം കാണുക എന്ന ഇടുങ്ങിയ ചിന്താഗതിക്ക് വശംവദരായിരിക്കുകയാണെന്ന് തോന്നുന്നു. നമ്മെ പരസ്പരം അകറ്റുന്ന മുൻവിധികൾ മാറ്റിവച്ച് രാഷ്ട്രീയ സാമുദായിക പരിഗണനകൾക്കതീതമായി നാം പരസ്പരം ക്രിയാത്മകമായി സഹകരിക്കേണ്ടതുണ്ട്. തീർച്ചയായും ഇതിനായി ആരും അവരവരുടെ വ്യക്തിത്വം ബലി കഴിക്കേണ്ടതില്ല. എന്നാൽ ഏറ്റവും കുറഞ്ഞപക്ഷം വിഭാഗീയതയുടെ ഭാണ്ഡക്കെട്ടുകളും ന്യായീകരണമില്ലാത്ത അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ച് നമ്മുടെ കേരളത്തിന് വേണ്ടി നമുക്ക് ഒറ്റക്കെട്ടായി

പ്രവർത്തിക്കുകയെങ്കിലും ചെയ്യാം. എന്തൊക്കെയായാലും അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന്റെ രാഷ്ട്രീയ നിറം എന്തുതന്നെയായിരുന്നാലും നമ്മുടെ യത്നങ്ങളെല്ലാം തന്നെ നമ്മുടെ സ്വന്തം ജനതക്കും ഭാവിതലമുറകൾക്കും വേണ്ടിയുള്ളതാണല്ലോ.

227. നാം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനും ജനങ്ങളുടെ പ്രതീക്ഷകൾ സാക്ഷാത്കരിക്കുന്നതിനും നമ്മെ പ്രാപ്തരാക്കുന്നതാണീ ബജറ്റ്. പൊതുസേവന സംവിധാനത്തിന് പുതു ജീവൻ നൽകുന്ന ബജറ്റ് – സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുന്ന ബജറ്റ് – "പുരോഗതിയുടെ അവിഭാജ്യ ഘടകം ജനങ്ങളാണെന്ന" പാവനമായ വിശ്വാസത്തിലധിഷ്ഠിതമായ ബജറ്റ്. നാം കുറേയേറെ നേട്ടങ്ങൾ കൈവരിച്ചു കഴിഞ്ഞു. എങ്കിലും ഇനിയുമൊരുപാട് കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്.

228. എത്രാണ്ട് അരനൂറ്റാണ്ട് മുമ്പ്. ഭാവിയിലെ സാദ്ധ്യതകൾ നമ്മെ കൈമാടിവിളിക്കുന്നുവെന്നോർമ്മിപ്പിച്ചുകൊണ്ട് പണ്ഡിറ്റ് ജവഹർലാൽജി ഇങ്ങനെ പറഞ്ഞു.

*"നാമിന്ന് കൊണ്ടാടുന്ന ഈ നേട്ടം വെറുമൊരു ചുവട്‌വയ്പ്പ് മാത്രമാണ്. നമുക്കായി കാത്തിരിക്കുന്ന മഹത്തായ വിജയങ്ങളുടെയും നേട്ടങ്ങളുടെയും കവാടം തുറന്നു തരുന്ന ഒരു ചുവട്‌വെപ്പ്... .. ... . ഭാവി അലംഭാവത്തിന്റേതോ ആലസ്യത്തിന്റേതോ അല്ല, മറിച്ച് നാം നേരത്തെ പലപ്പോഴായെടുത്തിട്ടുള്ളതും ഇനിയെടുക്കാൻ പോകുന്നതുമായ പ്രതിജ്ഞകൾ സഫലീകരിക്കുന്നതിനായി നടത്തേണ്ട നിരന്തര പ്രയത്നങ്ങളുടേതാണ്"*

ദീർഘദൃഷ്ടിയായിരുന്ന മഹാനായ ആ രാജ്യതന്ത്രജ്ഞന്റെ വാക്കുകൾ ഇന്നും നമുക്ക് പ്രചോദനമേകുകയും നമ്മുടെ വഴിത്താരയിലെ ഓരോ അടിവെപ്പിലും കർമ്മകുശലതയ്ക്ക് നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

229. 2004-05 വർഷത്തെ ബജറ്റ് ഞാൻ ഈ സഭയുടെ പരിഗണനക്കായി സമർപ്പിക്കുന്നതോടൊപ്പം 2004 ഏപ്രിൽ മുതൽ 2004 ജൂലായ് വരെയുള്ള 2004-05 സാമ്പത്തികവർഷത്തെ ആദ്യ നാല് മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട് ഈ മഹനീയ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുകയും ചെയ്യുന്നു.

ജയ്ഹിന്ദ്

## അനുബന്ധം ഒന്ന്

(219-ാം ഖണ്ഡിക നോക്കുക)

1.കേരള പൊതു വിൽപ്പന നികുതി നിയമത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികൾ

(i) വിൽപ്പന നികുതി നിയമത്തിലെ വകുപ്പ് രണ്ടിൽ ബ്രാൻഡ് നയിം' ഫെയർ മാർക്കറ്റ് പ്രൈസ്, ഡോക്കുമെൻറ്, ബുക്ക്സ് ഓഫ് അക്കൗണ്ട്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൻെറ വിറ്റുവരവു തുക കണക്കാക്കൽ " എന്നിവയുടെ നിർവ്വചനം ഉൾപ്പെടുത്തുന്നു. കൂടുതൽ വ്യക്തതയ്ക്കും വിലകുറച്ചു കാണിച്ച് നികുതി വെട്ടിക്കുന്നത് തടയുന്നതിനുമാണ് മേൽപ്പറഞ്ഞ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്

(ii) രണ്ടാം ഘട്ടത്തിലുള്ള വില്പന നികുതി അപ്പീലുകൾ കഴിയുന്നതും വേഗം തീർപ്പു കൽപ്പിക്കുന്നതിലേക്കായി അപ്പലേറ്റ് ട്രൈബ്യൂണലുകളിലെ ഒന്നിൽക്കൂടുതൽ മെമ്പർമാർ അപ്പീലുകൾ കേൾക്കുന്ന അപ്പീലുകളുടെ പരിധി ഒന്നരലക്ഷം രൂപയിൽ നിന്ന് മൂന്നു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു.

(iii) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൻെറ നിർമ്മാതാക്കളുടേയും ഉൽപ്പാദകരുടേയും വിറ്റു വരവിൽ അവർ നലകുന്ന എക്സൈസ് ഡ്യൂട്ടിയും ഉൾപ്പെടുമെന്ന് നിർവ്വചിക്കുന്നു. 1.7.1987 മുതൽ ഇപ്രകാരം ഈടാക്കിയ നികുതി നിയമപ്രാബല്യം നൽകിക്കൊണ്ടുള്ള ഭേദഗതിയും വരുത്തുന്നു.

(iv) വർക്ക്സ് കോൺട്രാക്ടറുടെ നികുതി വിധേയമായ ടേൺ ഓവർ നിർണ്ണയം നടത്തുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനുള്ള ഭേദഗതി വരുത്തുന്നു.

(v),(vi),(vii) വകുപ്പ് 7ൽ വിൽപ്പന നികുതി കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ടും സിറിൽ ജ്വല്ലറികളെ സംബന്ധിച്ചുള്ള അവ്യക്തത പരിഹരിച്ചും നികുതി നിർണ്ണയം സുതാര്യമാക്കുന്നതിനുമായി വകുപ്പു 7 (i) 7 (7) 7 (b) 7(c) എന്നിവയിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നു.

(viii) നികുതിപിരിവ് നടത്തുന്നതിന് കൂടുതലായി ബാങ്കുകളെ അധികാരപ്പെടുത്തുന്നതിനുള്ള അധികാരം ഗവൺമെൻറിന് നൽകുന്നതിലേക്കായി വിൽപ്പന നികുതി ചട്ടങ്ങളിൽ ഭേദഗതി കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നു. നികുതി വരവ് ഗവൺമെൻറ് അക്കൗണ്ടിൽ വരുന്നതിലുള്ള കാലതാമസം ഇതുമൂലം ഒഴിവാകുന്നു.

(ix) ചില ക്രയവിക്രയങ്ങളിലുള്ള നികുതി ബാദ്ധ്യത തെളിയിക്കേണ്ട ചുമതലകൾ നിർവ്വചിച്ചുകൊണ്ടുള്ള ഭേദഗതികൾ വകുപ്പ് 12 ൽ വരുത്തുന്നു. നിലവിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിലേക്കാണ് ഈ ഭേദഗതി കൊണ്ട് ഉദ്ദേശിക്കുന്നത്

(x) അപ്പീലുകൾ റിവിഷനുകൾ പ്രകാരം അനുവദിച്ചിട്ടുള്ള ഇളവുകൾ പ്രാബല്യത്തിൽ വരുത്തി നികുതി പുനർനിർണ്ണയം നടത്തുന്നതിനുള്ള സമയപരിധി ഒരു വർഷമായി നിജപ്പെടുത്തുന്നതിലേക്കായി വകുപ്പ് 17 ഉപ വകുപ്പ് 6ൽ വേണ്ട ഭേദഗതി വരുത്തുന്നു.

(xi) ഫെയർ മാർക്കറ്റ് വില വകുപ്പ് 2 ൽ നിർവ്വചിച്ചിട്ടുള്ളതിന് അനുരൂപമായ ഭേദഗതികൾ വകുപ്പ് 19 (ഒന്ന്) ബിയിലും വകുപ്പ് 19 (ബി) ഒന്നിലും വരുത്തുവാൻ ഉദ്ദേശിക്കുന്നു യഥാർത്ഥ വിൽപ്പന വില കുറച്ചു കാണിച്ച് നികുതി വെട്ടിക്കുന്നത് തടയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഭേദഗതിയാണിത്.

(xii) വകുപ്പ് 23 (3) എ യിലെ നിലവിലുള്ള അപാകത പരിഹരിച്ച് ചുമത്താതെ പോയ നികുതിക്ക് കൂടി പലിശ ഈടാക്കുന്നതിനുള്ള ഭേദഗതി വരുത്തുന്നു.

(xiii) ഒരു വ്യാപാരിയിൽ നിന്നും വിൽപ്പന നികുതി നിയമ പ്രകാരം വസൂലാക്കുവാനുള്ള നികുതി കുടിശ്ശിക മറ്റൊരു വ്യക്തിയിൽ നിന്ന് കുടിശ്ശികക്കാരന് ലഭിക്കുവാനുണ്ടെങ്കിൽ ആയത് അയാളിൽ നിന്ന് ഈടാക്കുവാനുള്ള വ്യവസ്ഥ വകുപ്പ് 26 (ഡി) ൽ വരുത്തുന്നു.
നികുതി പിരിവിലെ കാല താമസം ഒഴിവാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത ഭേദഗതി.

(xiv) വകുപ്പ് 28 (എ) യിൽ മാർക്കറ്റ് വില എന്നത് ഫെയർ മാർക്കറ്റ് വില എന്നു പുനർ നാമകരണം ചെയ്യുന്നു

2. <u>പ്രവേശന നികുതി നിയമം 1994</u>

അസിസ്റ്റന്റ് കമ്മീഷണർമാരെക്കൂടി നികുതി നിർണ്ണയ അധികാരിയായി നിയോഗിച്ചു കൊണ്ടും ആയതു പ്രകാരം നിലവിലുള്ള ഒന്നാം ഘട്ട അപ്പീലുകളും രണ്ടാം ഘട്ട അപ്പീലുകളും കൈകാര്യം ചെയ്യേണ്ട അധികാരികളെപ്പറ്റിയും രണ്ടാം ഘട്ട അപ്പീൽ ട്രൈബ്യൂണലിൽ ആയിരിക്കുമെന്നും 14 എ വകുപ്പ് നീക്കം ചെയ്തുകൊണ്ടും ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നു.. നികുതി നിർണ്ണയവും അപ്പീലിലെ തീരുമാനങ്ങളും ത്വരിതപ്പെടുത്തുന്നതിനാണിത്.